# സാന്ത്വനപ്രകാശം

പാലാ രൂപതാ ബുള്ളറ്റിൻ



## ജൂൺ ൦൯ – പന്തക്കുസ്താത്തിരുനാൾ

Vol. LXIX June 2019 No. 6



ഹെവ്പദ്യാക്കോന പട്ടം സ്വീകരിച്ചവർ അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം



കാറോയ പട്ടം സ്വീകരിച്ചവർ അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം



വൈദികവസ്ത്രം സ്വീകരിച്ചവർ അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട്,
സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാ ബുള്ളറ്റിൻ

JUNE 2019
Vol. LXIX No. 6

# CONTENTS

ഇടയലേഖനം 61 ........ 487

സർക്കുലർ ........ 493

സർക്കുലർ 250 ........ 501

Appointment & Transfers ........ 506

ഓഡിറ്റിംഗ് വിവരങ്ങൾ ........ 508

അറിയിപ്പ് ........ 516

ലേഖനം ........ 521

Prayer Day List ........ 527

വാർത്തകൾ ........ 528

ആദരാഞ്ജലികൾ ........ 564

അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ........ 573

Bishops' Engagements ........ 581

**ഇടയലേഖനം - 61**

# സഭാത്മകമായ വിശ്വാസപരിശീലനം

മാർ ജോസഫ് കല്ലറങ്ങാട്ട്

**രൂപതയിലെ വൈദികർക്കും സന്യാസിനീസന്യാസികൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്.**
**നമ്മുടെ കർത്താവീശോമിശിഹായിൽനിന്ന്**
**കൃപയും സമാധാനവും നിങ്ങൾക്കുണ്ടായിരിക്കട്ടെ.**

മിശിഹായിൽ സ്നേഹം നിറഞ്ഞ സഹോദരീ സഹോദരന്മാരെ,

ആദിമുതൽ ഉണ്ടായിരുന്നതും, സ്വന്തം കാതുകൾ കൊണ്ട് കേട്ടതും കണ്ണുകൾകൊണ്ട് കണ്ടതും സൂക്ഷിച്ചുവീക്ഷിച്ചതും കൈകൊണ്ട് സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി അറിയിക്കാനും (1 യോഹ 1:1) പഠിപ്പിക്കാനുമുള്ള ദൗത്യവും അതിനുള്ള ശക്തിയും സ്വർഗ്ഗാരോഹണത്തിനുമുമ്പ് ഈശോ തന്റെ ശ്ലീഹന്മാർക്ക് നൽകി. ആരംഭം മുതലേ സഭ ഈ ദൗത്യം തന്റെ അടിസ്ഥാന കർത്തവ്യമായി കരുതുകയും നൂറ്റാണ്ടുകളിലൂടെ തുടർന്നുപോരുകയും ചെയ്യുന്നു. ഞായറാഴ്ചതോറും ക്രമീകൃതമായ വിശ്വാസപരിശീലനക്ലാസ്സുകൾ കുട്ടികൾക്ക് നൽകുന്നത് സഭയുടെ ഈ അടിസ്ഥാനദൗത്യമായ സുവിശേഷപ്രഘോഷണത്തിന്റെ, ഈശോയെക്കുറിച്ചുള്ള അറിയിപ്പിന്റെ കാലാനുസൃതമായ നിർവ്വഹണമാണ്.

വിശ്വാസപരിശീലനത്തിന്റെ വിഷയം മിശിഹാരഹസ്യമാണ്. മിശിഹാരഹസ്യത്തിന്റെ എല്ലാ മാനങ്ങളും ഒരുവന്റെ ഗ്രഹണശക്തിക്കുള്ളിലാക്കുക എന്ന കഠിനമായ ജോലി വിശ്വാസപരിശീലനത്തിലൂടെ നിർവ്വഹിക്കപ്പെടുന്നു. വിശ്വാസപരിശീലനം മിശിഹാരഹസ്യത്തെക്കുറിച്ചുള്ളതാണ്. വി. പൗലോസ് പറയുന്നു: "എല്ലാ വിശുദ്ധരോടുമൊപ്പം മിശിഹായുടെ സ്നേഹ

ത്തിന്റെ നീളവും വീതിയും ഉയരവും ആഴവും ഗ്രഹിക്കാൻ നിങ്ങൾക്ക് ശക്തി ലഭിക്കട്ടെ"(എഫേ. 3,18). അറിവിനെ അതിശയിക്കുന്ന മിശിഹായുടെ സ്നേഹം ഗ്രഹിക്കാനും അതുവഴി ദൈവത്തിന്റെ സമ്പൂർണ്ണതയിൽ പൂരിതരാകാനും (എഫേ. 3:19) ഒരുവനെ പ്രാപ്തനാക്കുന്നത് ചിട്ടയായുള്ള വിശ്വാസപരിശീലനമാണ്.

വിശ്വാസപരിശീലനം മിശിഹാകേന്ദ്രിതമാണ്. കാരണം സ്വന്തം ബോദ്ധ്യങ്ങളോ പഠനങ്ങളോ പകർന്നുകൊടുക്കുകയല്ല ഒരു വിശ്വാസപരിശീലകൻ ചെയ്യുന്നത്. മറിച്ച് ഈശോയുടെ സുവിശേഷമാണ്, ഈശോ തന്നെയായ സത്യത്തെക്കുറിച്ച് അറിയിക്കുകയാണ് ഓരോ വിശ്വാസപരിശീലകനും ചെയ്യുന്നത്. തന്റെ പ്രബോധനത്തിലൂടെയും പെരുമാറ്റത്തിലൂടെയും ഓരോ വിശ്വാസപരിശീലകനും ഈശോയുടെ സുവിശേഷവും ജീവിതവുമാണ് പകർന്നുനൽകേണ്ടത്. ഒരുവന്റെ വ്യക്തിപരമായ അഭിപ്രായങ്ങളും തോന്നലുകളും വിശ്വാസപരിശീലനത്തെ സ്വാധീനിക്കാനിടയാകരുത്. ഈശോയാണ്, അവന്റെ സുവിശേഷമാണ് വിശ്വാസപരിശീലനത്തിന്റെ വിഷയമെന്ന് ആരും മറന്നുപോകരുത്. വിശ്വാസപരിശീലനം ഈശോയുടെ പാഠങ്ങൾ പകർന്നുകൊടുക്കുന്ന വേദിയാണ്. ആയതിനാൽ വിശ്വാസപരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഓരോ വ്യക്തിയും ഈശോതന്നെ പറഞ്ഞ ഈ വാക്കുകൾ ഓർക്കേണ്ടതാണ്: "എന്റെ പ്രബോധനം എന്റെ സ്വന്തമല്ല, എന്നെ അയച്ചവന്റേതത്രേ" (യോഹ. 7,16). വി. പൗലോസ് ഇതിനെക്കുറിച്ച് തികഞ്ഞ ബോധ്യമുള്ളവനായിരുന്നു. അതുകൊണ്ടാണ് വിശുദ്ധ കുർബാനയെപ്പറ്റി വിശ്വാസീസമൂഹത്തെ പ്രബോധിപ്പിക്കേണ്ട സാഹചര്യമുണ്ടായപ്പോൾ പൗലോസ് ഇങ്ങനെ പറയുന്നത്:"കർത്താവിൽ നിന്ന് എനിക്ക് ലഭിച്ചത് ഞാൻ നിങ്ങളെ ഭരമേല്പിക്കുന്നു"(1 കൊറി. 11,26). മിശിഹാരഹസ്യത്തെ സഭയുടെ വിശുദ്ധ പാരമ്പര്യങ്ങളോടും ദൈവാരാധനയോടും ചേർത്ത് പ്രബോധിപ്പിക്കുന്നതാണ് യഥാർത്ഥ വിശ്വാസപരിശീ

ലനം. അങ്ങനെ ചെയ്യുമ്പോൾ വിശ്വാസപരിശീലനത്തിലേർപ്പെട്ടിരിക്കുന്ന ഓരോരുത്തർക്കും പറയാൻ കഴിയും: "എന്റെ പ്രബോധനം എന്റേതല്ല" എന്ന്. കർത്താവിൽ നിന്ന് ലഭിച്ചതും സഭ ഭരമേല്പിച്ചതുമായ കാര്യമാണിത് എന്ന് ഏറ്റുപറയുകയാണ് ഇവിടെ ചെയ്യുന്നത്.

വിശ്വാസത്തിന്റെ പൂർണ്ണതയിലേക്ക് ഒരുവനെ നയിക്കുകയും ക്രിസ്തീയ ആദ്ധ്യാത്മിക ജീവിതത്തിൽ അവനെ പരിപുഷ്ടനാക്കുകയും ചെയ്യുക വിശ്വാസപരിശീലനത്തിന്റെ ലക്ഷ്യമാണ്. അറിവിന്റെയും ജീവിതത്തിന്റെയും തലത്തിലുള്ള ഒരു വളർച്ചയാണ് ഇവിടെ ഉദ്ദേശിക്കുന്നത്. മാമ്മോദീസായിൽ ലഭിച്ച വിശ്വാസ വിത്ത് വളർന്ന് നൂറുമേനി ഫലം നൽകാൻ ഇടവരത്തക്കവിധം മിശിഹാരഹസ്യത്തെക്കുറിച്ചുള്ള അറിവിൽ ഒരുവൻ വളരണം. ഈ അറിവ് നല്ല ക്രൈസ്തവസാക്ഷ്യം കൊടുക്കുന്ന ജീവിതത്തിലൂടെ വെളിവാക്കപ്പെടണം. ഈശോയെക്കുറിച്ച് വി.ലൂക്കാ അറിയിച്ച സുവിശേഷത്തിൽനിന്നും നാം ഇങ്ങനെ വായിക്കുന്നു: "ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2,52). വിശ്വാസപരിശീലനത്തിലും സംഭവിക്കേണ്ടത് ഇതാണ്. ജ്ഞാനത്തിൽ വളരണം, മിശിഹാരഹസ്യത്തെക്കുറിച്ചുള്ള ജ്ഞാനത്തിൽ ഒരുവൻ വളർച്ച പ്രാപിക്കണം. അതോടൊപ്പം ദൈവത്തിന്റെയും മനുഷ്യരുടെയും സംപ്രീതിയിലും വളരേണ്ടിയിരിക്കുന്നു. ഈ വളർച്ച വെളിവാക്കപ്പെടുന്നത് ഉത്തമ ക്രൈസ്തവ അദ്ധ്യാത്മിക, കൗദാശിക ജീവിതത്തിലൂടെയാണ്. ഇത് സാധിക്കുന്നിടത്ത് വിശ്വാസപരിശീലനം അതിന്റെ ലക്ഷ്യം പ്രാപിക്കുന്നു.

വിശ്വാസപരിശീലനവും കൂദാശകളുടെ ആഘോഷവും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. കാരണം കൂദാശകളുടെ ആഘോഷം വിശ്വാസത്തിന്റെ ആഘോഷമാണ്. സഭയുടെ അടിസ്ഥാനവിശ്വാസം മുഴുവൻ കൂദാശകളിലൂടെ വെളിവാക്ക

പ്പെടുന്നുണ്ട്. അതിനാൽ കൂദാശകളുടെ പൂർണ്ണവും ശരിയുമായ ആഘോഷം വിശ്വാസപരിശീലനത്തിന്റെ ഏറ്റവും നല്ല വേദിയായി രൂപാന്തരപ്പെടുന്നു. ആദിമസഭയിലെ പിതാക്കന്മാരുടെ വിശ്വാസപരിശീലന പ്രബോധനങ്ങളെല്ലാം രഹസ്യങ്ങളെ (കൂദാശകളെ) അധികരിച്ചുള്ളതായിരുന്നു. കൂദാശകളുടെ ആഘോഷത്തിലൂടെ വെളിവാക്കപ്പെട്ട മിശിഹാരഹസ്യത്തെക്കുറിച്ചാണ് സഭാപിതാക്കന്മാർ വിശ്വാസപരിശീലന പ്രബോധനങ്ങളെഴുതിയത്. നർസായി, മൊപ്സുവെസ്ത്യായിലെ തെയദോർ, ജറുസലേമിലെ വി. സിറിൾ, വി. ജോൺ ക്രിസോസ്തോം തുടങ്ങിയ പിതാക്കന്മരെല്ലാം രഹസ്യങ്ങളെക്കുറിച്ച് പ്രബോധനങ്ങളെഴുതിയവരാണ്. ജറുസലേമിലെ വി.സിറിൾ പറയുന്നു. "രഹസ്യങ്ങളെക്കുറിച്ചുള്ള ഈ ആമുഖപഠനങ്ങൾ നമുക്ക് പ്രയോജനകരങ്ങളാണ്. കാരണം അവ മിശിഹാരഹസ്യത്തെക്കുറിച്ച്, സത്യത്തെക്കുറിച്ച് നവീനമായ ചിന്തകളും വെളിപ്പെടുത്തലുകളും നമുക്ക് തരുന്നു." വി. കുർബാനയുടെ ആഘോഷം വിശ്വാസപരിശീലനപദ്ധതിയുടെ അവിഭാജ്യഘടകമായി നാം കരുതുന്നത് കൂദാശകളും വിശ്വാസപരിശീലനവുമായി അഭേദ്യമായ ഈ ബന്ധമുള്ളതിനാലാണ്. വി. കുർബാനയുടെ പൂർണ്ണവും ശരിയായതും സജീവവുമായ ആഘോഷം ഏറ്റവും മികച്ച വിശ്വാസപരിശീലനവേദിയായി മാറേണ്ടത് നേർദിശയിലുള്ള വിശ്വാസപരിശീലനത്തിന് അത്യന്താപേക്ഷിതമാണ്. വി.കുർബാനയുടെ ആഘോഷം ഒഴിവാക്കിക്കൊണ്ടുള്ള ഒരു വിശ്വാസപരിശീലനപദ്ധതിയെപ്പറ്റിയും നമുക്ക് ചിന്തിക്കാനാവില്ല.

ഇടവകകേന്ദ്രിതമായ വിശ്വാസപരിശീലന പദ്ധതിയാണ് ഇന്ന് നമ്മുടെ സഭയിൽ നിലവിലുള്ളത്. ആയതിനാൽ ഫലപ്രദമായ വിശ്വാസപരിശീലനത്തിന് സജീവവും സുശക്തവുമായ ഇടവകസംവിധാനം ആവശ്യമാണ്. ഇടവകാംഗങ്ങൾ ഓരോരുത്തരുടെയും കടമയാണ് വിശ്വാസപരിശീലനപ്രവർത്തനങ്ങൾക്ക് തന്നാലാവുന്ന സഹായങ്ങൾ ചെയ്യുകയെന്നുള്ളത്.

വിശ്വാസപരിശീലനം ഇടവകമുഴുവന്റെയും കർത്തവ്യമാണ്. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഇടവകയോഗത്തിന്റെ സഹകരണത്തോടെ ഫലപ്രദമായ വിശ്വാസപരിശീലനത്തിന് ആവശ്യമായ ഭൗതികസാഹചര്യങ്ങൾ ഒരുക്കുന്നതിൽ അങ്ങേയറ്റം ശ്രദ്ധാലുക്കളായിരിക്കണം.

വിശ്വാസപരിശീലനത്തിൽ ഇടവകവികാരിയോട് ഏറ്റവും അടുത്ത് പ്രവർത്തിക്കുന്നവരാണ് വിശ്വാസപരിശീലകർ. മാതൃകാപരമായ ക്രൈസ്തവജീവിതം നയിക്കുന്നവരും പൊതുസ്വീകാര്യതയുള്ളവരുമായിരിക്കണം ഈ ദൗത്യത്തിനായി നിയോഗിക്കപ്പെടുന്നവർ. തങ്ങളുടെ വ്യക്തിപരമായ അഭിപ്രായങ്ങളും പഠനങ്ങളും പ്രബോധിപ്പിക്കാനുള്ള വേദിയല്ല വിശ്വാസപരിശീലനരംഗം എന്ന് ഓരോ വിശ്വാസപരിശീലകനും ഓർക്കേണ്ടതാണ്. സഭയിലെ ശ്രേഷ്ഠമായ ഒരു ശുശ്രൂഷനിർവ്വഹണമാണ് തങ്ങൾ നടത്തുന്നത് എന്ന ബോദ്ധ്യം അവർക്കുണ്ടാകണം. മിശിഹാരഹസ്യങ്ങളെക്കുറിച്ച് ആഴത്തിൽ അറിയാനുള്ള വലിയ ആഗ്രഹം ഉള്ളവരും കൂദാശകളുടെ ആഘോഷത്തിൽ സജീവമായി പങ്കുചേരുന്നവരുമായിരിക്കണം വിശ്വാസപരിശീലകർ. സഭയെ വളർത്തുന്ന ഈ നിർണ്ണായക ദൗത്യത്തിലേർപ്പെട്ടിരിക്കുന്ന എല്ലാ വിശ്വാസപരിശീലകരെയും ഞാൻ നന്ദിയോടെ ഓർക്കുകയും അഭിനന്ദിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

വിശ്വാസപരിശീലനം ഒരു മനുഷ്യവ്യക്തിയുടെ ജനനം മുതൽ മരണം വരെ നിർബാധം തുടരേണ്ട കാര്യമാണ്. എന്നിരുന്നാലും നമ്മുടെ വിശ്വാസപരിശീലനപദ്ധതിയിൽ കുട്ടികൾക്ക് സവിശേഷമായ ഒരു സ്ഥാനമുണ്ട്. ശൈശവത്തിൽ നല്കപ്പെടുന്ന നല്ല ബോധ്യങ്ങൾ ഒരുവന്റെ ജീവിതത്തെ മുഴുവൻ സ്വാധീനിക്കുന്നതാണ്. കുഞ്ഞുങ്ങളുടെ വിശ്വാസപരിശീലനകാര്യത്തിൽ വലിയ ശ്രദ്ധ മാതാപിതാക്കന്മാർ കാണിക്കേണ്ടതാണ്. ഭൗതികമായ അറിവ് സമ്പാദിക്കുന്നതിന് വ്യഗ്രത കൂടുമ്പോൾ മരണത്തിലും വിജയം നേടിത്തരുന്ന ഉത്തമ വിശ്വാ

സമ്പോധ്യങ്ങൾ കുഞ്ഞുങ്ങൾക്ക് നല്കുന്നതിൽ നാം അലംഭാവം കാണിക്കരുത്. വലിയ പ്രാധാന്യം നൽകി കുഞ്ഞുങ്ങളെ വിശ്വാസപരിശീലനത്തിനായി മാതാപിതാക്കന്മാർ പറഞ്ഞുവിടണം.

വെല്ലുവിളികൾ നിറഞ്ഞ കാലത്തിലൂടെയാണ് നാം കടന്നുപോകുന്നത്. മിശിഹാരഹസ്യത്തെക്കുറിച്ച് നല്ല അറിവുള്ള, നല്ല ക്രൈസ്തവസാക്ഷ്യം നൽകുന്ന തലമുറയെ നമുക്കിന്ന് വളരെ ആവശ്യമാണ്. ഉത്തമവും ശ്രേഷ്ഠവും ക്രമീകൃതവുമായ രീതിയിൽ രൂപതയിൽ നിന്ന് നൽകുന്ന നിർദ്ദേശങ്ങൾ പരിഗണിച്ച് വിശ്വാസപരിശീലനരംഗം ഇടവകകളിൽ ക്രമീകരിക്കുമ്പോഴേ ഇത് സാദ്ധ്യമാകൂ എന്നുള്ള കാര്യം ഏവരെയും ഓർമ്മപ്പെടുത്തുന്നു. ജൂൺ 2 ഞായറാഴ്ച പുതിയ വിശ്വാസപരിശീലനവർഷം ആരംഭിക്കുകയാണ്. ഈ അവസരത്തിൽ എല്ലാ വിശ്വാസപരിശീലകരെയും കുട്ടികളെയും അനുമോദിക്കുകയും നിങ്ങൾക്ക് എല്ലാ അനുഗ്രഹങ്ങളും നേരുകയും ചെയ്തുകൊണ്ട് പരിശുദ്ധ ത്രിത്വത്തിന്റെ നാമത്തിൽ ഞാൻ നിങ്ങളെ ആശീർവദിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 01.06.2019

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

NB: ഈ ഇടയലേഖനം ജൂൺ 2-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും പരിശുദ്ധ കുർബാന അർപ്പണമുള്ള മഠങ്ങളിലും സ്ഥാപനങ്ങളിലും കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

# ലോക മാധ്യമദിനസന്ദേശം 2019

## നാം ഒരേ ശരീരത്തിന്റെ അവയവങ്ങളാണ് (എഫേ 4:25)

## സാമൂഹിക നെറ്റുവർക്ക് സമൂഹങ്ങളിൽനിന്ന് മാനുഷിക സമൂഹത്തിലേക്ക്

പ്രിയ സഹോദരീസഹോദരന്മാരേ,

ഇന്റർനെറ്റ് ആദ്യം ലഭ്യമായപ്പോൾ മുതൽ സഭ എപ്പോഴും വ്യക്തികൾ തമ്മിലുള്ള കണ്ടുമുട്ടലിന്റെയും എല്ലാവരിലുമുള്ള ഐക്യദാർഢ്യത്തിന്റെയും സേവനത്തിൽ അതിന്റെ ഉപയോഗം വളർത്താൻ പരിശ്രമിച്ചു. നമ്മുടെ പാരസ്പര്യത്തിന്റെ അടിസ്ഥാനത്തെയും പ്രാധാന്യത്തെയുംപറ്റി ഒരിക്കൽക്കൂടി ചിന്തിക്കാനും സമകാലീനസമ്പർക്കമാധ്യമ പശ്ചാത്തലം സമ്മാനിക്കുന്ന വെല്ലുവിളികളുടെ വിസ്തൃതവ്യൂഹത്തിൽ, അന്യവത്കൃതനായും ഏകാകിയായും കഴിയാൻ മനസ്സില്ലാത്ത മനുഷ്യവ്യക്തിയുടെ ആഗ്രഹം വീണ്ടും കണ്ടെത്താനും ഞാൻ നിങ്ങളെ ക്ഷണിക്കുന്നു.

### നെറ്റിന്റെയും സമൂഹത്തിന്റെയും രൂപകാലങ്കാരങ്ങൾ

അനുദിനജീവിതമണ്ഡലത്തിൽനിന്ന് വേർതിരിച്ചറിയാനാവാത്തവിധം വ്യാപനശക്തിയുള്ളതാണ് ഇന്നത്തെ മാധ്യമ പരിതസ്ഥിതി. നെറ്റ് നമ്മുടെ കാലഘട്ടത്തിലെ ഒരു വിഭവ കേന്ദ്രമാണ്. പണ്ട് ചിന്തിക്കാൻ സാധ്യമല്ലാതിരുന്ന അറിവിന്റെയും ബന്ധങ്ങളുടെയും ഉറവിടമാണത്. എന്നിരുന്നാലും ഉത്പാദനപ്രക്രിയ, വിതരണം, ഉള്ളടക്കത്തിന്റെ ഉപയോഗം എന്നിവയിൽ സാങ്കേതികവിദ്യ കൊണ്ടുവന്നിട്ടുള്ള അഗാധമായ പരിവർത്തനങ്ങളുടെ വെളിച്ചത്തിൽ ആഗോളതലത്തിൽ യഥാർത്ഥ അറിവിനുള്ള അന്വേഷണം, അതിന്റെ പങ്കുവയ്ക്കൽ എന്നിവയെ ഭീഷണിപ്പെടുത്തുന്ന അപകടങ്ങളെയും അനേകം വിദഗ്ധർ ഉയർത്തിക്കാണിച്ചിട്ടുണ്ട്. ഇന്റർനെറ്റ് അറിവിനെ സമീപിക്കാനുള്ള അസാധാരണ സാധ്യതയെ പ്രതിനിധീകരിക്കു

മെങ്കിലും അത് തെറ്റായ അറിവു നല്കുന്നതും യാഥാർത്ഥ്യ ങ്ങളെയും വ്യക്തികൾ തമ്മിലുള്ള ബന്ധങ്ങളെയും വികല മാക്കുന്നതുമാണെന്നതും സത്യമാണ്.

ഒരുകാര്യം നാം തിരിച്ചറിയണം. സാമൂഹിക നെറ്റുവർക്കു കൾ ഒരുവശത്ത് പരസ്പരം നന്നായി ബന്ധപ്പെടാനും വീണ്ടും കണ്ടെത്താനും പരസ്പരം സഹായിക്കാനും നമ്മെ പ്രാപ്ത രാക്കുന്നു. എന്നാൽ മറുവശത്ത് വ്യക്തിക്കും വ്യക്തിയുടെ അവകാശങ്ങൾക്കും അർഹമായ ബഹുമാനം നല്കാതെ രാഷ്ട്രീയമോ സാമ്പത്തികമോ ആയ നേട്ടങ്ങൾക്കുവേണ്ടി വ്യക്തിപരമായ വിവരങ്ങൾ ദുരുപയോഗിക്കാൻ നിമിത്തമാ കുന്നു. യുവജനങ്ങളിൽ നാലിൽ ഒരാൾ സൈബർ ബുള്ളി യിംഗിന്റെ പരമ്പരകളിൽ ഉൾപ്പെട്ടിരിക്കുന്നുവെന്ന് സ്ഥിതിവി വരക്കണക്കുകൾ വ്യക്തമാക്കുന്നു.

ഈ സങ്കീർണാവസ്ഥയിൽ ഇന്റർനെറ്റു തുടങ്ങിയതിന്റെ അടിസ്ഥാനമായിരുന്ന നെറ്റ് എന്ന രൂപകാലങ്കാരത്തെപ്പറ്റി വീണ്ടും ചിന്തിക്കുന്നത് അതിന്റെ ഭാവാത്മകമായ കഴിവു ക ണ്ടെത്താൻ ഉപകാരപ്രദമായിരിക്കും. വല എന്ന ബിംബം തിര ശ്ചീന രേഖകളുടെയും ലംബരേഖകളുടെയും ബഹുത്വത്തെ ക്കുറിച്ചു ചിന്തിക്കാൻ നമ്മെ ക്ഷണിക്കുന്നു. ഒരു കേന്ദ്രസ്ഥാ നമോ ശ്രേണീപരമായ ഘടനയോ ലംബസമാനമായ ഒരു സംയോജനാരൂപമോ ഇല്ലാത്ത അതിന് സ്ഥിരത ഉറപ്പുവരു ത്തുന്നവയാണ് ഈ രേഖകൾ. എന്നാൽ പലപ്പോഴും അവ പൊതുതാത്പര്യങ്ങളെയോ നേർത്ത ബന്ധങ്ങൾ മാത്രം പേറുന്ന വിഷയങ്ങളെയോ മുൻനിറുത്തി പരസ്പരം അംഗീ കരിക്കുന്ന വ്യക്തികളുടെ ഗണങ്ങൾ മാത്രമായി കഴിയുന്നു.

നരവംശശാസ്ത്രപരമായ വീക്ഷണപ്രകാരം നെറ്റ് (സമൂ ഹം) എന്ന രൂപകാലങ്കാരം അർത്ഥപൂർണമായ മറ്റൊരു പ്രതി ബിംബത്തെ ഓർമിപ്പിക്കുന്നു. സമൂഹം പരസ്പരവിശ്വാസമു ള്ളതായിരിക്കുകയും പൊതുലക്ഷ്യങ്ങൾക്കായി പ്രവർത്തിക്കു

കയും ചെയ്യണം. അത് സംയോഗശക്തിയുള്ളതും പിന്താങ്ങുന്നതുമായിരിക്കണം. ഐക്യദാർഢ്യത്തിന്റെ നെറ്റുവർക്ക് എന്ന നിലയിലുള്ള സമൂഹത്തിന് ഭാഷയുടെ ഉത്തരവാദിത്വപൂർണ മായ ഉപയോഗത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള പരസ്പര ശ്രവണവും സംവാദവും ഉണ്ടാകണം.

ഇന്നത്തെ സാഹചര്യത്തിൽ സോഷ്യൽ നെറ്റുവർക്ക് സമൂഹങ്ങൾ സ്വാഭാവിക സമൂഹത്തിന്റെ പര്യായമല്ലെന്ന് ആർക്കും കാണാവുന്നതാണ്. അടിയന്തിരഘട്ടങ്ങളിൽ ഈ വെർച്വൽ സമൂഹങ്ങൾ കൂടിച്ചേരലും ഐക്യദാർഢ്യവും പ്രദർശിപ്പിക്കാൻ കഴിവുള്ളതാണ്. എന്നാൽ പലപ്പോഴും ദുർബലമായ ബന്ധങ്ങളുടെ പൊതുതാത്പര്യംമൂലം പരസ്പരം തിരിച്ചറിയുന്ന ഗ്രൂപ്പുകളായി കഴിയുന്നു. കൂടാതെ, സോഷ്യൽ വെബിൽ തനിമ പലപ്പോഴും അപരനോട്, ഗ്രൂപ്പിൽപെടാത്തവനോടുള്ള വൈരുധ്യത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാകുന്നു. നമ്മെ ഐക്യപ്പെടുത്തുന്നവയെ എന്നതിനെക്കാൾ നമ്മെ വിഭജിക്കുന്നവയെ അടിസ്ഥാനപ്പെടുത്തി നാം സ്വയം നിർവചിക്കുന്നു. സംശയത്തിനും എല്ലാതരം മുൻവിധിക്കും (വംശപരം, ലിംഗപരം, മതപരം മുതലായവ) ഇടയാക്കുന്നു. ഈ പ്രവണത വൈവിധ്യത്തെ ഒഴിവാക്കുന്ന ഗ്രൂപ്പുകളെ പ്രോത്സാഹിപ്പിക്കുന്നു. അത് ഡിജിറ്റൽ സാഹചര്യത്തിലും വിദ്വേഷത്തിന്റെ ഓളങ്ങളെ ഇളക്കിവിടുന്ന അനിയന്ത്രിതമായ വ്യക്തിവാദത്തെ പോഷിപ്പിക്കുന്നു. അങ്ങനെ ലോകത്തിലേക്കുള്ള ഒരു ജനലായിരിക്കേണ്ടത് വ്യക്തിപരമായ സ്വദേഹപ്രേമം പ്രദർശിപ്പിക്കുന്ന ഒരു ഷോകെയ്സായിത്തീരുന്നു.

മറ്റുള്ളവരുമായിട്ടുള്ള കണ്ടുമുട്ടൽ വളർത്താനുള്ള അവസരമാണ് നെറ്റ്. എന്നാൽ അതിന് നമ്മുടെ ഏകാന്തതയെ വർദ്ധിപ്പിക്കാനാകും - നമ്മെ പിടികൂടിയ ഒരു വലപോലെ. യുക്തിപരമായ തലത്തിൽ പൂർണമായി തൃപ്തിപ്പെടുത്താൻ സോഷ്യൽ വെബിന് കഴിയുമെന്ന മിഥ്യാബോധം യുവജനത്തി

നാണ് ഏറ്റവും കൂടുതൽ ഉള്ളത്. യുവജനം "സാമൂഹിക താപ സന്മാർ" ആയിത്തീരുന്ന അപകടകരമായ ഒരു പ്രതിഭാസം ഉണ്ട്. അവർ സമൂഹത്തിൽ നിന്നു പൂർണമായി ഒറ്റപ്പെടുക യെന്ന അപകടസാധ്യതയിലാണ്. നാടകീയമായ ഈ അവസ്ഥ സാമൂഹികബന്ധത്തിൽ തകർച്ചയുണ്ടാക്കുന്നു എന്നത് നമുക്ക് അവഗണിക്കാനാവില്ല.

നാനാരൂപമുള്ളതും അപകടകരവുമായ ഈ യാഥാർത്ഥ്യം അവ സാന്മാർഗികമോ സാമൂഹികമോ നിയമപരമോ രാഷ്ട്രീ യമോ സാമ്പത്തികമോ ആയ വിവിധ ചോദ്യങ്ങളെ ഉയർത്തു ന്നു. അവ സഭയെ വെല്ലുവിളിക്കുകയും ചെയ്യുന്നുണ്ട്. വെബിനെ നിയന്ത്രിക്കാനും സ്വതന്ത്രവും തുറവിയുള്ളതും സുരക്ഷിതവുമായ ഒരു നെറ്റുവർക്കിനെക്കുറിച്ച് തുടക്കത്തിലേ ഉള്ള കാഴ്ചപ്പാട് സംരക്ഷിക്കാനും സർക്കാരുകൾ നിയമപര മായ മാർഗങ്ങൾ തേടുന്നു. അതേസമയം അതിന്റെ ഭാവാത്മ കമായ ഉപയോഗത്തെ വളർത്താൻ നമുക്ക് എല്ലാവർക്കും ബാധ്യതയും ഉത്തരവാദിത്വവും ഉണ്ട്.

ബന്ധങ്ങൾ വർദ്ധിപ്പിച്ചതുകൊണ്ടുമാത്രം പരസ്പരധാരണ വളർത്താൻ കഴിയില്ലല്ലോ. അങ്ങനെയെങ്കിൽ ഓൺലൈൻ നെറ്റുവർക്കിൽ പരസ്പര ഉത്തരവാദിത്വത്തെക്കുറിച്ചുള്ള ബോധത്തോടെ എങ്ങനെ യഥാർത്ഥ സാമൂഹിക തനിമ കണ്ടെ ത്താനാവും?

**"നാം ഒരേ ശരീരത്തിന്റെ അവയവങ്ങളാണ്"**

മൂന്നാമത്തെ ഒരു രൂപകാലങ്കാരത്തിൽനിന്ന്, ശരീരവും അവയവങ്ങളും എന്ന രൂപകാലങ്കാരത്തിൽനിന്ന് സാധ്യമായ ഒരു ഉത്തരം കണ്ടെത്താൻ കഴിയും. ആ രൂപകമാണ് മനുഷ്യരെ ബന്ധിപ്പിക്കുന്ന ശരീരത്തെ അടിസ്ഥാനപ്പെടുത്തി മനുഷ്യരുടെ പരസ്പരബന്ധം വിവരിക്കാൻ വിശുദ്ധ പൗലോസ് ശ്ലീഹാ ഉപ യോഗിക്കുന്നത്: "അതിനാൽ വ്യാജം വെടിഞ്ഞ് എല്ലാവരും തങ്ങളുടെ അയൽക്കാരോട് സത്യം സംസാരിക്കണം. കാരണം,

നാം ഒരേ ശരീരത്തിലെ അവയവങ്ങളാണ്" (എഫേ 4:25). പരസ്പരം അവയവങ്ങളായിരിക്കുകയെന്നത് ആഴമുള്ള ഒരു ലക്ഷ്യമാണ്. അത് ഉപയോഗിച്ച് അപ്പസ്തോലൻ നമ്മെ വ്യാജം വെടിയാനും സത്യം പറയാനും ക്ഷണിക്കുന്നു. സത്യത്തെ സംരക്ഷിക്കാനുള്ള കടമ ഐക്യത്തിന്റെ പരസ്പരബന്ധത്തിൽനിന്നുണ്ടാകുന്നു. സത്യം ഐക്യം വെളിവാക്കുന്നു. നുണയാകട്ടെ, നമ്മൾ ഒരേ ശരീരത്തിന്റെ അംഗങ്ങളാണെന്നത് നിഷേധിക്കുന്നു.

ശരീരത്തിന്റെയും അവയവങ്ങളുടെയും അലങ്കാരം നമ്മുടെ തനിമയെപ്പറ്റി ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു. ആ തനിമ ഐക്യത്തിലും "അപരത്വ"ത്തിലും അടിയുറച്ചതാണ്. ക്രിസ്തു ശിരസ്സായിട്ടുള്ള ഏകശരീരത്തിലെ അവയവങ്ങളാണ് നമ്മൾ എന്ന് ക്രൈസ്തവരായ നമ്മൾ അംഗീകരിക്കുന്നു. ഭാവിയിൽ മത്സരിക്കാനുള്ളവരായി ആളുകളെ കാണാതിരിക്കാനും ശത്രുക്കളെപ്പോലും വ്യക്തികളായി കാണാനും ഇത് സഹായിക്കും. നമ്മെത്തന്നെ നിർവചിക്കാൻ നമുക്കു ശത്രുവിന്റെ ആവശ്യമില്ല. എന്തെന്നാൽ എല്ലാറ്റിനെയും ഉൾക്കൊള്ളുന്ന നോട്ടം നാം ക്രിസ്തുവിൽനിന്നു പഠിക്കുന്നുണ്ട്. അത് അപരത്വത്തെ പുതിയൊരു രീതിയിൽ കണ്ടെത്താൻ – അവശ്യഘടകമായും ബന്ധത്തിന്റെയും അടുപ്പത്തിന്റെയും വ്യവസ്ഥയായും കണ്ടെത്താൻ – നമ്മെ പ്രേരിപ്പിക്കുന്നു.

മനസ്സിലാക്കാനും ബന്ധപ്പെടാനും മനുഷ്യരിലുള്ള കഴിവ് ദൈവിക വ്യക്തികൾ തമ്മിലുള്ള സ്നേഹത്തിന്റെ ഐക്യത്തിൽ അടിയുറപ്പിച്ചതാണ്. ദൈവം ഏകാന്തതയല്ല, ഐക്യമാണ്. അവിടന്നു സ്നേഹമാണ്; അതുകൊണ്ട്, സമ്പർക്കമാണ്. എന്തെന്നാൽ സ്നേഹം എപ്പോഴും ആശയവിനിമയം നടത്തുന്നു. അന്യനെ കണ്ടെത്താൻ സ്വയം അങ്ങനെ ചെയ്യുന്നു. ചരിത്രത്തിലുടനീളം യഥാർത്ഥ സംവാദം സ്ഥാപിച്ചുകൊണ്ട് നമ്മോടു സംസാരിക്കുന്നതിനും നമ്മോടു ബന്ധപ്പെടുന്നതിനും ദൈവം നമ്മുടെ ഭാഷ സ്വീകരിക്കുന്നു. (cf. രണ്ടാം വത്തിക്കാൻ

കൗൺസിൽ ഡോഗ്മാറ്റിക്ക് കോൺസ്റ്റിറ്റ്യൂഷൻ, ദേയി വെർബും 2).

നമ്മൾ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവിടന്ന് ഐക്യവും ആത്മസമ്പർക്കവുമാണ്. അതുകൊണ്ട് ഐക്യത്തിൽ ജീവിക്കാനുള്ള – ഒരു സമൂഹത്തിന്റേതായിരിക്കാനുള്ള ആഗ്രഹം നമ്മുടെ ഹൃദയത്തിൽ നാം കൊണ്ടുനടക്കുന്നു. "പരസ്പരബന്ധത്തിൽ പ്രവേശിക്കുക, പരസ്പരം ആവശ്യപ്പെട്ടുകൊണ്ടിരിക്കുക – ഇതിനെക്കാൾ സവിശേഷമായ മറ്റൊന്നും നമ്മുടെ പ്രകൃതിയിലില്ല" വിശുദ്ധ ബേസിൽ പറയുന്നു.

ബന്ധങ്ങളിലായിരിക്കാനും മനുഷ്യത്വത്തിന്റെ വ്യക്ത്യന്തരബന്ധസ്വഭാവം സൂക്ഷിക്കാനും ഇപ്പോഴത്തെ സാഹചര്യം നമ്മോട് ആവശ്യപ്പെടുന്നു – നെറ്റുവർക്കിലും നെറ്റുവർക്കിലൂടെയും അങ്ങനെ ചെയ്യണം. അതിലും കൂടുതലായി വിശ്വാസികൾ എന്ന നിലയിലുള്ള തനിമയുടെ അടയാളമായ ഐക്യം വെളിപ്പെടുത്താൻ, ക്രിസ്ത്യാനികൾ എന്ന നിലയിൽ നാം വിളിക്കപ്പെട്ടിരിക്കുന്നു. വിശ്വാസംതന്നെ യഥാർത്ഥത്തിൽ ഒരു ബന്ധമാണ്, കണ്ടുമുട്ടലാണ്. ദൈവസ്നേഹത്തിന്റെ പ്രേരണകൊണ്ട് നമുക്കു സമ്പർക്കത്തിലാകാനും സ്വാഗതം ചെയ്യാനും അപരന്റെ ദാനത്തെ തിരിച്ചറിഞ്ഞ് അതിനോടു പ്രത്യുത്തരിക്കാനും കഴിയും. ഞാൻ, ഞാൻ തന്നെ ആയിരിക്കണമെങ്കിൽ എനിക്ക് മറ്റുള്ളവരെ ആവശ്യമുണ്ട് എന്നത് ത്രിത്വമായ ദൈവത്തിലുള്ള വിശ്വാസത്തിൽ നിന്നുളവാകുന്ന കാര്യമാണ്. ഞാൻ മറ്റുള്ളവരോടു ബന്ധപ്പെട്ടാൽ മാത്രമേ ഞാൻ യഥാർത്ഥത്തിൽ മനുഷ്യത്വവും വ്യക്തിത്വവും ഉള്ളവനായിരിക്കുകയുള്ളൂ. യഥാർത്ഥത്തിൽ, "വ്യക്തി" എന്ന വാക്ക് ഒരു "മുഖം" എന്ന നിലയിൽ മനുഷ്യജീവിയെ സൂചിപ്പിക്കുന്നു. അവന്റെ മുഖം മറ്റുള്ളവരുടെ നേരേ തിരിഞ്ഞിരിക്കുകയാണ്. അവർ മറ്റുള്ളവരുമായി ബന്ധപ്പെട്ടിരിക്കുന്നവരുമാണ്. നമ്മുടെ ജീവിതം കൂടുതൽ മാനുഷികമായിത്തീരുന്നത് അതിന്റെ സ്വഭാവം കുറച്ചുമാത്രം ഒറ്റപ്പെട്ട

താകുകയും കൂടുതൽ വ്യക്തിത്വമുള്ളതാവുകയും ചെയ്യുമ്പോഴാണ്. മറ്റുള്ളവനെ എതിരാളിയായി കാണുന്ന ഒറ്റപ്പെട്ടവനായിരിക്കുന്നതിൽനിന്ന് മറ്റുള്ളവരെ സഹചാരികളായി അംഗീകരിക്കുന്ന വ്യക്തിയിൽ വിശ്വാസ്യമായ ഈ മാർഗം കാണാം.

**'ലൈക്ക്' (like) എന്നതിൽനിന്നും 'ആമ്മേൻ' എന്നതിലേക്ക്**

ശരീരത്തിന്റെയും അവയവങ്ങളുടെയും ബിംബം നമ്മെ ഒരു കാര്യം ഓർമിപ്പിക്കുന്നു: മറ്റൊരാളുടെ ശരീരം, ഹൃദയം, കണ്ണുകൾ, നോട്ടം, ശ്വസനം എന്നിവയിലൂടെ സജീവമായിത്തീരുന്ന ശരീരത്തിലുള്ള കണ്ടുമുട്ടലിന് സാമൂഹിക വെബ് ഉപകാരപ്രദമാണ്. അത്തരം ഒരു കണ്ടുമുട്ടലിന്റെ ഒരു വ്യാപിപ്പിക്കലോ പ്രതീക്ഷിക്കലോ ആയി നെറ്റ് ഉപയോഗിച്ചാൽ നെറ്റുവർക്ക് എന്ന സങ്കല്പം ഒറ്റിക്കൊടുക്കപ്പെടുകയില്ല. അത് ഐക്യത്തിനുള്ള നിമിത്തമായി നിലകൊള്ളും. ഒരു കുടുംബം കൂടുതൽ ബന്ധപ്പെടാനും തുടർന്ന് മേശയ്ക്കരികേ കണ്ട് പരസ്പരം കണ്ണുകളിലേക്കു നോക്കാനും നെറ്റ് ഉപയോഗിക്കുമ്പോൾ അത് വിഭവമായിത്തീരുന്നു. ഒരു സഭാസമൂഹം നെറ്റുവർക്കിലൂടെ പ്രവർത്തനം സംഘടിപ്പിക്കുകയും ഒന്നിച്ച് ദിവ്യകാരുണ്യാഘോഷം നടത്തുകയും ചെയ്താൽ നെറ്റ് വിഭവമായിത്തീരും. ശാരീരികമായി നമ്മിൽനിന്ന് അകന്നിരിക്കുന്ന സൗന്ദര്യത്തിന്റെയോ സഹനത്തിന്റെയോ കഥകളോ അനുഭവങ്ങളോ പങ്കുവയ്ക്കാനുള്ള അവസരം നെറ്റ് തരുമ്പോൾ അത് വിഭവമാണ്. ഒന്നിച്ചുപ്രാർത്ഥിക്കാനും നന്മ അന്വേഷിക്കാനും ഐക്യപ്പെടുത്തുന്നവയെ കണ്ടെത്താനും നെറ്റ് സഹായിക്കുന്നു.

ഈ വിധത്തിൽ നമുക്ക് രോഗനിർണയത്തിൽ നിന്ന് ചികിത്സയിലേക്കു കടക്കാം. സംവാദത്തിനും കണ്ടുമുട്ടലിനും പുഞ്ചിരികൾക്കും വാത്സല്യപ്രകടനങ്ങൾക്കും ഉള്ള വഴി തുറക്കുന്ന ഈ നെറ്റുവർക്കാണ് നമുക്കും വേണ്ടത് – കെണിയിൽപ്പെടാനുള്ളതല്ല വിമോചിപ്പിക്കാനുള്ളത്, സ്വതന്ത്രജനത

യുടെ ഐക്യം സംരക്ഷിക്കാനുള്ളത്. സഭതന്നെ ദിവ്യകാരുണ്യ ഐക്യം വഴി ഒന്നിച്ചു നെയ്യപ്പെട്ട ഒരു നെറ്റുവർക്കാണ്. അവിടെ ഐക്യത്തിന്റെ അടിസ്ഥാനം “ലൈക്ക്” അല്ല പിന്നെയോ സത്യത്തിൽ “ആമ്മേൻ” ആണ്. അതുവഴി ഓരോ വ്യക്തിയും ക്രിസ്തുവിന്റെ ശരീരത്തോട് ഒട്ടിച്ചേരുകയും മറ്റുള്ളവർക്ക് സ്വാഗതമരുളുകയും ചെയ്യുന്നു.

**ഫ്രാൻസിസ് പാപ്പാ**

---

N.B: ഈ സർക്കുലർ സ്ഥാപനങ്ങളിലും 2019 ജൂൺ 9-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും പരിശുദ്ധ കുർബാന അർപ്പണമുള്ള മഠങ്ങളിലും സ്ഥാപനങ്ങളിലും പരിശുദ്ധ കുർബാന മധ്യേ വായിക്കേണ്ടതാണ്.

സർക്കുലർ- 250

# ഹോം പാലാ പ്രോജക്ട്

പ്രിയ ബഹുമാനപ്പെട്ട അച്ചന്മാരെ സമർപ്പിതരെ, മിശിഹായിൽ പ്രിയ സഹോദരി സഹോദരന്മാരെ,

ലോകരക്ഷകനായ ഈശോമിശിഹായുടെ രക്ഷാകര ദൗത്യത്തിന്റെ കാതലായ ഭാഗം ദൈവരാജ്യ പ്രഘോഷണ മാണല്ലോ. ഈശോ തന്റെ പരസ്യജീവിതം ആരംഭിച്ചത് സിനഗോഗിൽവച്ച് നടത്തിയ തിരുവചന വ്യാഖ്യാനത്തോടെ യാണ്. ഏശയ്യാ പ്രവാചകന്റെ പ്രവചനം 61:1,2 ഭാഗമായിരുന്നു അത്. ആത്മാവിൽ നിറഞ്ഞവനായ കർത്താവ് ദരിദ്രർക്കും പീഡിതർക്കും അവഗണിക്കപ്പെട്ടവർക്കും പാർശ്വവൽക്കരി ക്കപ്പെട്ടവർക്കും അശരണർക്കും ആലംബഹീനർക്കും തടവുകാർക്കും എല്ലാവിധ അടിമത്തത്തിൽനിന്നും മോചനവും സ്വാതന്ത്ര്യവും സംരക്ഷണവും കരുതലും നൽകുവാനുള്ള ആഹ്വാനമായിരുന്നു അത്. ഈ ദൗത്യ ത്തിലാണല്ലോ സഭയും സഭാമക്കളും പങ്കുചേരുന്നത്. നമ്മുടെ ശുശ്രൂഷകളുടെയെല്ലാം കേന്ദ്രബിന്ദുവും എല്ലാ ശുശ്രൂഷകളും ലക്ഷ്യം വയ്ക്കുന്നതും അതുതന്നെയാണ്.

നമ്മുടെ രൂപത ദൈവരാജ്യപ്രഘോഷണ രംഗങ്ങളിലും അജപാലന ശുശ്രൂഷകളിലും ഒട്ടും അപ്രധാനമല്ലാത്ത കരുതലും ശ്രദ്ധയും ഉത്സാഹപൂർവ്വമായ പരിശ്രമങ്ങളും സാമൂഹ്യസേവന ആതുരശുശ്രൂഷപ്രവർത്തനങ്ങൾക്കായി ചെയ്യുന്നുണ്ട്. സാമ്പത്തിക ബുദ്ധിമുട്ടുകൾ ഏറെയുള്ള കുടുംബങ്ങളിലെ കുട്ടികൾക്കു വേണ്ടിയുള്ള പാലാ കാരിത്താസ് പദ്ധതി രൂപതാ കേന്ദ്രത്തിൽ പ്രവർത്തിക്കുന്നത് നിങ്ങൾക്ക് അറിവുള്ളതാണല്ലോ. നമ്മുടെ മാർ സ്ലീവാ ഹോസ്പിറ്റലിന്റെ പ്രവർത്തനം ആരംഭിക്കുമ്പോൾ തീർത്തും സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉള്ളവർക്ക് സാധ്യമായ എല്ലാ

പരിഗണനകളും ഉണ്ടായിരിക്കുന്നതാണ്. എങ്കിലും ഇനിയും നമ്മുടെ അടിയന്തരമായ ശ്രദ്ധയും ഇടപെടലുകളും ക്രിയാത്മകമായ നടപടികളും ആവശ്യമായ ഒരു കാര്യത്തിലേയ്ക്ക് നിങ്ങളുടെ ശ്രദ്ധയെ കൊണ്ടുവരട്ടെ. അഭിവന്ദ്യ മുരിക്കൻ പിതാവും ഞാനും ഇടവക വിസീത്തക്കായി വരുമ്പോഴും രൂപതാകേന്ദ്രത്തിലെ സന്ദർശന ദിവസങ്ങളിലും മറ്റ് അവസരങ്ങളിലും വളരെ വ്യക്തമായി മനസ്സിലാക്കുവാനും നേരിൽ കണ്ട് ബോധ്യപ്പെടുവാനുമിടയായ ഒരു കാര്യമാണ് വാസയോഗ്യമായ ഭവനമില്ലാത്ത കുടുംബങ്ങളുടെ സ്ഥിതി. ഒരുപക്ഷേ ഞങ്ങളെക്കാൾ ഇക്കാര്യത്തിൽ നിങ്ങൾ തന്നെ അനുഭവസ്ഥരുമായിരിക്കും. രൂപതാ കേന്ദ്രത്തിൽ കുടുംബ സഹായനിധിയിൽനിന്ന് ഭവനനിർമ്മാണത്തിനും സ്വന്തമായി കിടപ്പാടമില്ലാത്തവർ കിടപ്പാടത്തിനായും നിലവിലുള്ള ഭവനങ്ങളുടെ കേടുപാടുകൾ മാറ്റി വാസയോഗ്യമാക്കുന്നതിനുമായി ധാരാളം പേർ സഹായത്തിനായി ബഹുമാനപ്പെട്ട അച്ചന്മാരുടെ ശുപാർശയോടെ രൂപതാ കേന്ദ്രത്തിൽ എത്തുന്നുമുണ്ട്. മിക്ക അപേക്ഷകരും രോഗികളും വൃദ്ധരും തൊഴിൽരഹിതരും ജീവിതാവശ്യങ്ങൾ നിർവഹിക്കുവാൻ ക്ലേശിക്കുന്നവരുമാകുന്നു. അങ്ങനെയുള്ള നിരവധിപേർ നമ്മുടെ രൂപതാതിർത്തിക്കുള്ളിൽ ഉണ്ടെന്ന യാഥാർത്ഥ്യം മനസ്സിലാക്കിയും അവരെ സഹായിക്കാൻ നമ്മളാൽ ആകുന്ന സഹായം ലഭ്യമാക്കുന്നതിനുമുള്ള നമ്മുടെ രൂപതയുടെ ഒരു സംരംഭമായിട്ടാണ് 'ഹോം പാലാ പ്രോജക്റ്റ്' ആരംഭിക്കാൻ പോകുന്നത്. ഇക്കാര്യങ്ങൾ വൈദിക സമ്മേളനത്തിലും മറ്റു പൊതുവേദികളിലും പല അവസരങ്ങളിലായി അവതരിപ്പിച്ചിട്ടുള്ളതുമാണ്.

ഹോം പാലാ പ്രോജക്റ്റ്കൊണ്ട് നമ്മൾ ലക്ഷ്യം വയ്ക്കുന്നത് അടുത്ത അഞ്ചുവർഷം കൊണ്ട് നമ്മുടെ രൂപതയെ സമ്പൂർണ്ണ കുടിൽരഹിത അടിസ്ഥാന വാസസൗകര്യങ്ങളുള്ള കുടുംബങ്ങളുടെ നാടായി മാറ്റുക

എന്നതാണ്. ആയതിലേക്ക് സ്ഥലമില്ലാത്തവർക്ക് സ്ഥലവും ഭവനവും, സ്ഥലമുള്ളവർക്ക് അത്യാവശ്യം സൗകര്യമുള്ള ഭവനവും, ഭവനങ്ങൾ അടിയന്തരമായി കേടുപാടുകൾ മാറ്റേണ്ടവർക്ക് അതിനുള്ള സഹായവും നൽകുകയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുക.

ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിനും അത് വിജയിപ്പി ക്കുന്നതിനും രൂപത ഒന്നാകെയുള്ള ഒരു കൂട്ടായ യത്നം ആവശ്യമാണ്. ബഹുമാനപ്പെട്ട അച്ചന്മാരും സമർപ്പിതരും അല്മായസഹോദരങ്ങളും പ്രത്യേകിച്ച് വിവിധ ഭക്തസംഘടനകളും കൂട്ടായ്മകളും ആത്മാർത്ഥമായി സഹകരിക്കുമല്ലോ. നമ്മുടെ പള്ളികളും സ്ഥാപനങ്ങളും വ്യക്തികളും ഇക്കാര്യത്തിലേക്ക് സ്ഥലവും സാമ്പത്തിക സഹായങ്ങളും നൽകുകയും അതുപോലെ ശ്രമദാന പ്രവർത്തനങ്ങൾ ക്രമീകരിക്കുകയും ചെയ്താലേ അത് സാധ്യമാകുകയുള്ളൂ. ഇക്കാര്യത്തിലേക്ക് നിങ്ങളുടെ സഹകരണം വലിയ പങ്കുവഹിക്കുമെന്ന് ഓർമ്മിപ്പിക്കട്ടെ.

ഹോം പാലാ പ്രോജക്ടിലേക്ക് ഇതിനോടകം 2100 ലധികം അപേക്ഷകൾ (സ്ഥലത്തിനും ഭവനത്തിനും ഭവനത്തിന് മാത്രമായും, കേടുപാടുകൾ മാറ്റുന്ന തിനുമായി) ലഭിച്ചിട്ടുണ്ട്. നമ്മുടെ സഹായം തേടിയെത്തിയ വരെ വെറുംകൈയോടെ പറഞ്ഞുവിടാനാവില്ലല്ലോ. ദൈവ സ്നേഹത്തിന്റെ മറുവശമാണ് സഹോദരസ്നേഹം - ഉപവി പ്രവർത്തികൾ. ദൈവത്തിന്റെ സ്നേഹം കൊടുക്കുന്ന സ്നേഹമാണ് പങ്കുവെക്കലിന്റേതാണ്. ദൈവസ്നേഹത്തിൽ പങ്കുചേരുന്ന നമ്മൾ കൊടുക്കുന്ന സ്നേഹത്തിന്റെ വക്താക്കളാകണം. പങ്കുവയ്ക്കലിലൂടെ ദൈവകൃപയിൽ വളരുന്ന കുടുംബങ്ങളും സമൂഹങ്ങളും കൂട്ടായ്മകളുമായി മാറുവാൻ നമുക്ക് പരിശ്രമിക്കാം. പ്രോജക്ടിന്റെ കാര്യ നിർവ്വഹണത്തിനായി ബഹുമാനപ്പെട്ട വികാരി ജനറാൾ

അച്ചന്മാരും രൂപതാ പ്രൊക്യുറേറ്ററച്ചനും വൈദിക സമർപ്പിത അല്മായ പ്രതിനിധികളും അടങ്ങുന്ന ഒരു രൂപതാതല നിർവാഹക കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങളുടെ കോർഡിനേറ്റർ ബഹുമാനപ്പെട്ട ജോസഫ് കുഴിഞ്ഞാലിൽ അച്ചനും കാര്യനിർവ്വഹണ സെക്രട്ടറി ബഹുമാനപ്പെട്ട തോമസ് വാലുമ്മേൽ അച്ചനുമാണ്. ഹോം പാലാ പ്രോജക്ട് ഹൃദയത്തിൽ സ്വീകരിച്ച് വിജയിപ്പിക്കുവാൻ ദൈവം നമ്മളെ സഹായിക്കട്ടെ എന്നും ഒരുമയോടെയുള്ള നമ്മുടെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ ദൈവാനുഗ്രഹങ്ങളും പ്രാർത്ഥിച്ചുകൊണ്ട്,

മിശിഹായിൽ സ്നേഹപൂർവ്വം,



മെത്രാസനമന്ദിരം
പാലാ, 25.05.2019

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

---

NB: ഈ സർക്കുലർ 2019 ജൂൺ 16-ാം തീയതി ഞായറാഴ്ച എല്ലാ ദേവാലയങ്ങളിലും കുരിശുപള്ളികളിലും കപ്പേളകളിലും പരിശുദ്ധ കുർബാന അർപ്പണമുള്ള മഠങ്ങളിലും സ്ഥാപനങ്ങളിലും പരിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

## ഹോം പാലാ പ്രോജക്ട് കമ്മിറ്റി അംഗങ്ങൾ

1. മാർ ജേക്കബ് മുരിക്കൻ
   (സഹായമെത്രാൻ പാലാ രൂപത)
2. വെരി. റവ. ഫാ. ജോസഫ് കുഴിഞ്ഞാലിൽ
   - കോർഡിനേറ്റർ (സിഞ്ചെലൂസ്)
3. വെരി. റവ. ഫാ. അബ്രാഹം കൊല്ലിത്താനത്തുമലയിൽ
   (സിഞ്ചെലൂസ്)
4. വെരി. റവ.ഫാ. ജോസഫ് മലേപ്പറമ്പിൽ (സിഞ്ചെലൂസ്)
5. വെരി. റവ.ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് (സിഞ്ചെലൂസ്)

6. വെരി. റവ. ഫാ. ജോസഫ് തടത്തിൽ (ആർച്ച് പ്രീസ്റ്റ് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത്മറിയം ആർച്ച് ഡീക്കൻ പിൽഗ്രിം ചർച്ച്, കുറവിലങ്ങാട്)
7. വെരി. റവ.ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ (വികാരി, സെന്റ് അഗസ്റ്റിൻസ് ഫൊറോന പള്ളി, രാമപുരം)
8. വെരി. റവ.ഫാ. ജോസഫ് നെല്ലിക്കത്തെരുവിൽ (പ്രൊക്യുറേറ്റർ)
9. റവ.ഫാ. തോമസ് വാലുമ്മേൽ (എക്സിക്യൂട്ടീവ് ഡയറക്ടർ)
10. റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (മെമ്പർ)
11. റവ.ഫാ. മാത്യു പുല്ലുകാലായിൽ (മെമ്പർ)
12. റവ.സി. ശോഭ എസ്.എം.എസ്. (മെമ്പർ)
13. പ്രൊഫ. കെ. കെ. ജോസ് (മെമ്പർ)
14. ശ്രീ. ബാബു മണർകാട് (മെമ്പർ)
15. ശ്രീ. രാജി പാംബ്ലാനി (മെമ്പർ)
16. ശ്രീ. സാജു അലക്സ് തെങ്ങുംപള്ളിക്കുന്നേൽ (മെമ്പർ)

# Appointment &Transfers

| | Name | Office | w.e.from |
|---|---|---|---|
| 1. | Valummel Thomas | Executive Director, Palai Home Project | 19.03. 2019 |
| 2. | Manianchira Joseph | Manager, Sea View Estate, Parathanam | 06.04.2019 |
| 3. | Naduviladom Paul | Vicar, Malayinchipara | 06.04.2019 |
| 4. | Pandarakappil Alex | Vicar, Velliamattam | 04.05.2019 |
| 5. | Valimalayil Joseph CRM | Asst. Vicar, Kaduthuruthy | 18.05.2019 |
| 6. | Mannoor Thomas | St. Mary's Major Seminary, Thiruvananthapuram | 20.05.2019 |
| 7. | Moolechalil Thomas | Pastoral Ministry, Thuckaly | 01.06.2019 |
| 8. | Kaniyampadickal Sebastian | Vicar, Piravom | 01.06.2019 |
| 9. | Kavumpuram George | Vicar, Vezhanganam | 01.06.2019 |
| 10. | Thayil Antony | Vicar, Neeranthanam | 01.06.2019 |
| 11. | Vattappalam Devasiachan | Vicar, Kavumkandam | 01.06.2019 |
| 12. | Varakukalaparampil George | Eparchial Director, KCSL (additional) | 01.06.2019 |
| 13. | Narithookil Joseph | Study, MTh, Jnana-Deepa Vidyapeeth, Pune | 01.06.2019 |
| 14. | Ambattupadavil Joseph | Study, LCL, Paurasthya Vidhyapitham | 01.06.2019 |
| 15. | Kandathikudilil Augustine | Study, MTh, Paurasthya Vidhyapitham | 01.06.2019 |

| | | | |
|---|---|---|---|
| 16. | Pathickalputhenpura Kuriakose | Medical Leave, Vianney Priest Home, Muttuchira | 01.06.2019 |
| 17. | Thadathil Kurian | Relieved, Eparchial Director, KCSL | 01.06.2019 |
| 18. | Kochupurackal Johnson CMI | Relieved, Asst. Vicar, Muttuchira | 01.06.2019 |
| 19. | Vadakkekara John CMI | Relieved, Asst. Vicar, Paika | 01.06.2019 |
| 20. | Vattappillil Joseph | Pastoral Assistant. Paika (Additional) | 01.06.2019 |
| 21. | Karikulam Joseph | Asst. Director, HGM Hosptial, Muttuchira & Spiritual Director, Mar Aprem Seminary, Pala | 07.06.2019 |

# കണക്കുകൾ സംബന്ധിച്ചും ഓഡിറ്റിംഗ് സംബന്ധിച്ചും പള്ളികളും സ്ഥാപനങ്ങളും ഗൗരവ പൂർവ്വം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

**Dear Rev. Father/Sister,**

2018 - 2019 ഓഡിറ്റ് സംബന്ധിച്ചും 2019-2020 വർഷത്തിൽ കണക്കുകൾ സൂക്ഷിക്കുന്ന കാര്യത്തിലും അത്യാവശ്യം ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ അറിയിച്ചു കൊള്ളട്ടെ.

## I. Foreign Contribution സംബന്ധിച്ചുള്ളവ ആദ്യം പറയാം.

07.03.2019 ൽ Home Ministry ഇറക്കിയ നോട്ടിഫിക്കേഷൻ പ്രകാരം വന്ന ചില മാറ്റങ്ങൾ താഴെ ചേർക്കുന്നു.

1. പല കാര്യങ്ങൾക്കും നിലവിലുണ്ടായിരുന്ന Fees പുതുക്കി.

| | പഴയത് | പുതിയത് |
|---|---|---|
| - F.C പുതിയ രജിസ്ട്രേഷൻ അപേക്ഷ | 2,000 | 5,000 |
| - മുൻകൂട്ടി അനുവാദത്തിന് അപേക്ഷ (for single donation) | 1,000 | 3,000 |
| - രജിസ്ട്രേഷൻ പുതുക്കൽ | 500 | 1,500 |
| - രജിസ്ട്രേഷൻ താമസിച്ച് പുതുക്കൽ (ഒരു വർഷത്തിനകം) | | 5,000 |

2. മുകളിൽ പറഞ്ഞിരിക്കുന്ന വിവിധ ആവശ്യങ്ങൾക്കായി പ്രത്യേകം പ്രത്യേകം പുതിയ Form ഏർപ്പെടുത്തിയിട്ടുണ്ട്.

3. പ്രധാനപ്പെട്ട കാര്യം 2018-2019 ന്റെ ഓഡിറ്റ് റിപ്പോർട്ടിൽ കുറച്ചേറെ പുതിയ വിവരങ്ങൾ ചോദിച്ചിട്ടുണ്ട്.

അവ ഞങ്ങൾ Auditors നൽകിയേ പറ്റൂ. എന്നു വച്ചാൽ അവയിൽ ചിലതൊക്കെ നിങ്ങൾ ഞങ്ങൾക്ക് തന്നേ പറ്റൂ.

അങ്ങനെയുള്ള കാര്യങ്ങൾ ഒരു ചോദ്യാവലി രൂപേണ ഇതോടൊപ്പം വച്ചിട്ടുണ്ട്. അവയെല്ലാം നിങ്ങൾക്കു പൂരിപ്പിക്കാൻ ബുദ്ധിമുട്ടുണ്ടെങ്കിലും പരമാവധി വിവരങ്ങൾ നിങ്ങൾ പൂരിപ്പിച്ച് ഓഡിറ്റിനു വരുന്നവരെ ഏല്പിക്കണം.

നിങ്ങൾക്കു Fill ചെയ്യാനുള്ള എളുപ്പത്തിന് 2-3 കാര്യങ്ങൾ എങ്ങനെയാണ് പൂരിപ്പിക്കേണ്ടത് എന്നു കാണിച്ചുകൊണ്ട് ഒരു സാമ്പിൾ വച്ചിട്ടുണ്ട്.

കൂടാതെ പൂരിപ്പിക്കേണ്ടവ ചെറുതായി ഒന്നു വിശദീകരിക്കാം.

b i. Sample പൂരിപ്പിച്ചിട്ടുണ്ട്. അതേപോലെ

b ii. 'In Kind ആയി വല്ല Donation നും കിട്ടിയിട്ടുണ്ടെങ്കിൽ ആ ഭാഗം മാത്രം നിങ്ങൾ അറിയാവുന്നതുപോലെ പൂരിപ്പിക്കുക. ബാക്കി Auditors പൂരിപ്പിക്കും.

b iii. ഏതാണ്ടൊക്കെ ഒരുവിധം നിങ്ങൾ പൂരിപ്പിക്കുക. ബാക്കി ഞങ്ങൾ പൂർത്തിയാക്കാം.

b iv. നിങ്ങൾക്കു ചെയ്യാവുന്നതേ ഉള്ളൂ.

b v. ഇതും നിങ്ങൾക്ക് ചെയ്യാവുന്നതാണ്.

b vi. ഏതാണ്ടൊക്കെ നിങ്ങൾ പൂരിപ്പിക്കുക. ബാക്കി Auditors ചെയ്യും.

b vii. പൂർണ്ണമായും നിങ്ങൾ നേരത്തേ തന്നെ പൂരിപ്പിച്ച് വയ്ക്കണം.

മറ്റൊരു കാര്യം :- **FCRA Quarterly Return File** ചെയ്യണം.

ഓരോ മൂന്നു മാസവും കഴിഞ്ഞ് 15 ദിവസത്തിനുള്ളിൽ വിദേശസഹായം കിട്ടിയതിന്റെ Details Online ആയി File ചെയ്യണം. സ്ഥാപനം നേരിട്ട് ചെയ്യുകയോ Auditor വഴി ചെയ്യുകയോ ആവാം.

## II. ആദായ നികുതി നിയമമനുസരിച്ച് (Income Tax Act) ശ്രദ്ധിക്കേണ്ടവ

### 1. Permanent Account Number (PAN) എടുക്കണം.

അരമനകൾ, പള്ളികൾ, പ്രൊവിൻഷ്യൽ/റീജനൽ ഹൗസ്, Monastery, Convent, തുടങ്ങി എല്ലാവരും അതാതു സ്ഥാപനത്തിന്റെ പേരിൽ PAN എടുക്കണം.

കൂടാതെ Trust കൾ, സൊസൈറ്റികൾ എന്നിവയും PAN എടുക്കണം.

ഇവയുടെ എല്ലാം 'കീഴിൽ' പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സ്വന്തം പേരിൽ PAN എടുക്കരുത്. ഉദാഹരണമായി ഒരു Trust ന്റെ കീഴിലുള്ള കോളേജുകളും വിവിധ സ്കൂളുകളും ഒന്നും വേറെ വേറെ PAN എടുക്കരുത്. Bank A/c തുടങ്ങുവാൻ PAN ചോദിച്ചാൽ Trust /Society യുടെ പേരിൽ അഥവാ അരമന - പള്ളി - Monastery, Convent മുതലായ തലപ്പത്തുള്ള സ്ഥാപനങ്ങളുടെ PAN ആണ് കൊടുക്കേണ്ടത്. അരമനയുടെ/പള്ളിയുടെ പ്രധാന സ്ഥാപനങ്ങളുടെ കീഴിൽ മറ്റു പ്രസ്ഥാനങ്ങൾ ഉണ്ടായാൽ, മേലധികാരികൾ തീരുമാനിക്കുന്ന പക്ഷം അവയെ Seperate Trust/Society ആക്കി രജിസ്റ്റർ ചെയ്തു കൊണ്ട് PAN എടുക്കുകയും 12AA Registeration എടുക്കുകയും വേണം.

PAN ഉള്ള സ്ഥാപനമാണ് Income Tax ൽ കണക്കു കൊടുക്കേണ്ടത്. അതിന് 12AA യും വേണ്ടതുണ്ട്. ആ സ്ഥാപനത്തിന്റെ കീഴിൽ ഉള്ള സ്ഥാപനങ്ങളുടെ എല്ലാം കണക്ക് ചേർത്ത് വേണം Income Tax കണക്കു സമർപ്പിക്കുവാൻ.

PAN എടുക്കുന്നതിന് അതാതു സ്ഥലത്ത് തന്നെ സൗകര്യം ഉണ്ടാവും. ഞങ്ങളുടെ സഹായം ആവശ്യമുണ്ടെങ്കിൽ വേണ്ട രേഖകളുമായി Office ൽ വരിക.

### 2. ഭരണാധികാരികൾക്കും PAN വേണം

ഓരോ കാലത്തും Office-Bearers ആയി ഇരിയ്ക്കുന്നവർ വ്യക്തിപരമായ രീതിയിൽ PAN എടുക്കണം. പ്രത്യേകിച്ചും Top Authority യും പണം കൈകാര്യം ചെയ്യാൻ അധികാരപ്പെടുത്തിയ ആളും നിർബന്ധമായും എടുക്കണം. അടുത്ത കാലത്ത് സ്ഥാപനത്തിന്റെ Office Bearers ആയി തെരഞ്ഞെടുക്കപ്പെട്ടവർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണം.

### 3. Digital Signature

A. കാലം മാറി, പലതിലും ഒപ്പിടുന്നത് Digital ആയി വേണ്ടി വരും. ആകയാൽ ഓരോ കാലത്തേയും Top Authority യും പണം കൈകാര്യം ചെയ്യുന്ന ആളും അവരവരുടെ പേരിൽ ആവശ്യമെങ്കിൽ Digital Signature എടുക്കണം.

### 4. പണം കൊടുക്കുന്നതും വാങ്ങുന്നതും

പല കാര്യങ്ങൾക്കും പല Limit പറയാറുണ്ട്. ചെലവുകൾക്ക് 10,000 രൂപ; കടം കൊടുക്കലും വാങ്ങലും 20,000 ഒക്കെ, ഇനി ഒന്നും നോക്കണ്ട. Rs. 10,000 നു മുകളിൽ ഏതിടപാടും ചെക്കു വഴിയോ Bank Transfer വഴിയോ മാത്രമേ നടത്താവൂ. നിയമലംഘനത്തിന് കടുത്ത വില നൽകേണ്ടി വരും. പള്ളികൾ അരമനയിൽ പണമടയ്ക്കുന്നതും, മഠങ്ങളും കൊവേന്തകളും Contribution കൊടുക്കുന്നതും വാങ്ങുന്നതും ഒക്കെ നിർബന്ധമായും ചെക്കാകണം. അല്ലെങ്കിൽ Bank Transfer ആകണം. Audit Fees, Legal Fees, Contractor ക്ക് കൊടുക്കുന്ന തുക, എല്ലാത്തിനും ഈ നിയമം ബാധിക്കും.

## 5. TDS (Tax Deduction at Source) പിടിച്ചടയ്ക്കണം

താഴെ പറയുന്ന ഇനത്തിൽ നമ്മൾ പണം നൽകുമ്പോൾ, അതിൽ നിന്നും നിശ്ചിത ശതമാനം തുക TDS ആയി പിടിച്ച് അടുത്ത മാസം 7-ാം തീയതിയ്ക്കകം Income Tax Department ൽ അടയ്ക്കണം. അതായത് 1-ാം തീയതി മുതൽ മാസാവസാനം വരെ കൊടുത്ത തുകയിൽ നിന്നും പിടിച്ച TDS അടുത്ത മാസം 7-ാം തീയതിയ്ക്കകം Income Tax Department ൽ അടച്ചിരിയ്ക്കണം. Tax പിടിയ്ക്കേണ്ട Rate താഴെ കൊടുക്കുന്നു.

| | ശ്രോതസ്സ്/Source | % |
|---|---|---|
| | ശമ്പളം തന്നു വർഷം കൊടുക്കുന്ന മൊത്തം തുക കണക്കാക്കി കിഴിവുകൾ നടത്തി ബാക്കി തുക Slab Rate ൽ Auditor നിർദ്ദേശിക്കുന്നതു പോലെ | - |
| | Professional Fee - Doctors, Auditors, Advocates, Engineers, Architects Etc. (ഒരു വർഷം ഒരാൾക്കു കൊടുക്കുന്നത് Rs. 30,000 ൽ കൂടുതൽ ഉണ്ടെങ്കിൽ) | 10% |
| - | വസ്തു വാങ്ങുമ്പോൾ വില 50 ലക്ഷമോ കൂടുതലോ ആണെങ്കിൽ | 1% |
| - | വസ്തു വില്ക്കുന്ന ആൾ Non-Resident എങ്കിൽ എത്ര ചെറിയ തുകയാണെങ്കിലും (Rs. 50 ലക്ഷത്തിൽ കുറവായാലും) | 20% |
| - | വസ്തു ഇടപാടു ബ്രോക്കർക്ക് കമ്മീഷന്റെ | 5% |
| - | Contractor വ്യക്തിയാണെങ്കിൽ | 1% |
| - | Contractor, കമ്പനി/ Partnership Firm ആണെങ്കിൽ | 2% |

പിന്നെ, TDS പിടിക്കുന്നതിന് മുമ്പ് നമുക്ക് ഒരു TAN എടുക്കുവാനുണ്ട്. Advance ആയി Tax പിടിക്കുവാനുള്ള അധികാരം നൽകുന്ന നമ്പർ. അതും സ്വയം സാധിച്ചില്ലെങ്കിൽ ഞങ്ങളുടെ സഹായം തേടാം.

**മറ്റൊരു പ്രധാന ചുമതല**

ഓരോ 3 മാസം കഴിയുമ്പോഴും കഴിഞ്ഞ ത്രൈമാസത്തിലെ TDS വിവരങ്ങൾ അടുത്ത മാസങ്ങളിൽ (ജൂലൈ, ഒക്ടോബർ, ജനുവരി, ഏപ്രിൽ മാസങ്ങളിൽ) Electronically File ചെയ്യണം. ഇതിനും പരസഹായം തേടേണ്ടതുണ്ട്. ആവശ്യമെങ്കിൽ വിവരങ്ങൾ ഇവിടെ എത്തിച്ചു തന്നാൽ ഇവിടുന്ന് File ചെയ്യും.

## 6. Charitable Trust/ Society സംഭാവന സ്വീകരിക്കുമ്പോൾ

സ്കൂൾ, കോളേജ്, ആശുപത്രികൾ, സോഷ്യൽസർവ്വീസ് സംഘടനകൾ മുതലായവ സംഭാവനകൾ സ്വീകരിക്കുമ്പോൾ, സംഭാവന തന്ന ആളുടെ പേരും Address ഉം ചെക്കു നമ്പരും കാണിക്കണം. പറ്റിയാൽ അയാളുടെ PAN ഉം വേണം. എല്ലാം ഉള്ള List ഉണ്ടാക്കി വയ്ക്കണം. ഇല്ലെങ്കിൽ അങ്ങനെ ഉള്ള തുകയ്ക്ക് 30% നികുതി ഉറപ്പ്.

Religious സ്ഥാപനങ്ങൾക്ക് ഇതുള്ളതു നല്ലതാണെങ്കിലും നിർബന്ധമില്ല.

## 7. പരസ്പരമുള്ള സംഭാവന - പുതിയൊരു തലവേദന

Major സ്ഥാപനങ്ങളായ Bishop House, Generalate, Province മുതലായവ സ്വന്തം ചെലവുകൾക്കും പുതിയ സ്ഥാപനങ്ങളും മറ്റും ഉണ്ടാക്കുവാനുമായി കീഴിലുള്ള സ്ഥാപനങ്ങളിൽ നിന്നും Contribution/Subsidy വാങ്ങാറുണ്ടല്ലോ. കീഴിലുള്ളവ സാമ്പത്തികമായി ഉയർന്ന സ്ഥാപനങ്ങളാണെങ്കിൽ പ്രത്യേകിച്ചും!

എന്നാൽ തിരിച്ചങ്ങോട്ടും മേജർ സ്ഥാപനം പ്രത്യേക സാഹചര്യത്തിൽ സംഭാവന നൽകിയാൽ മേജർ സ്ഥാപനത്തിന് ആ തുകയ്ക്കുള്ള ആദായനികുതി ഒഴിവ് നഷ്ടപ്പെടും.

ഉദാഹരണത്തിന്; ഒരു പഴക്കം ചെന്ന വലിയ പള്ളിയിൽ നിന്നും അരമനയ്ക്ക് Contribution എല്ലാ വർഷവും നൽകാറുണ്ട്. ഇങ്ങനെ Contribution 50,000 രൂപയിൽ കൂടിയ തുകയാണു കിട്ടിയതെങ്കിൽ (ഉദാ. 80,000 രൂപ) പള്ളിക്ക് ഒരു മ്യൂസിയം ഉണ്ടാക്കുവാൻ Plan ചെയ്യുകയും അതിലേക്ക് അരമനയിൽ നിന്നും ഒരു തുക (ഉദാ. 2 ലക്ഷം രൂപ) സംഭാവന ചെയ്യുകയും ചെയ്താൽ ആ തുക അരമനയുടെ ചെലവായി അംഗീകരിയ്ക്കുകയില്ല. ചെറിയ സ്ഥാപനം തന്ന തുക 50,000 രൂപയിൽ കുറവാണെങ്കിൽ മാത്രം ഈ നിയമം ബാധിക്കില്ല.

അതേപോലെ Monastery കൾക്കും Convent കൾക്കും പ്രത്യേകിച്ചും ഈ പ്രശ്നം വരാം. മഠത്തിൽ നിന്നും ശമ്പളത്തിന്റെ Share, Contribution ആയി പ്രൊവിൻസിനു തരുന്നു. ചില മഠങ്ങൾക്ക് കെട്ടിടം പണി, ചികിത്സ (ചെലവേറിയതെങ്കിൽ) മുതലായവയ്ക്കായി അങ്ങോട്ടും സംഭാവനയായി നൽകുന്നു. അവിടെ പ്രശ്നം വരാം.

ശമ്പളം പൂർണ്ണമായി Province ൽ മാത്രം കാണിക്കുന്നവരുണ്ട്. അവർക്ക് കുഴപ്പമില്ല.

അല്ലാത്തവർ തൽക്കാലം അതാതു വർഷം മാർച്ച് 31 വരെ അങ്ങോട്ടും ഇങ്ങോട്ടും നൽകുന്നത് Advance ആയി കാണിക്കുക. വർഷാവസാനം മാർച്ച് 31 ന് മാത്രം, Net തുക Contribution ആക്കുക. Council കൂടി അങ്ങനെ ഒരു തീരുമാനം എടുക്കേണ്ടി വന്നേക്കാം. Auditors മായി ആലോചിട്ടിച്ച് വേണ്ടത് ചെയ്യുക.

## 8. CORPUS DONATION ന്റെ പ്രസക്തി കുറഞ്ഞു.

ഇൻഡ്യയിലുള്ള സ്ഥാപനങ്ങൾ തമ്മിൽ തമ്മിൽ Donation നൽകുമ്പോൾ അതു Corpus Donation എന്നു പറയുന്നതിൽ ഇനി പ്രയോജനമില്ല. കാരണം, കിട്ടുന്ന സ്ഥാപനത്തിന് Corpus Donation എന്ന രീതിയിൽ ഒഴിവ് കിട്ടുമെങ്കിലും സംഭാവന നൽകിയ സ്ഥാപനത്തിന് അത് ചെലവായി അംഗീകരിയ്ക്കുകയില്ല.

എന്നാൽ വ്യക്തികളിൽ നിന്നോ, വിദേശത്തു നിന്നോ സംഭാവനകൾ Corpus ആയി ലഭിക്കുന്നുണ്ടെങ്കിൽ അതിന് ഒഴിവ് കിട്ടും! പക്ഷെ, അവർ തന്ന സംഭാവന, Corpus Donation ആണ് എന്നു പറഞ്ഞു എഴുത്തു നൽകണം.

## 9. Income Tax Return സമർപ്പിക്കുന്ന തീയതി

കർശനമായി പുതിയ ഒരു നിയമം കൊണ്ടുവന്നിട്ടുണ്ട്. മത-ധർമ്മ സ്ഥാപനങ്ങളെല്ലാം Sep. 30 നകം തന്നെ ആദായനികുതി റിട്ടേൺ സമർപ്പിക്കണം. താമസിച്ചു പോയാൽ നമ്മുടെ ചെലവുകൾ കണക്കിൽ എടുക്കാതെ വരവുകൾക്കു മുഴുവനും നികുതി കൊടുക്കേണ്ടി വരും.

## 10. Income Tax ന്റെ 12AA രജിസ്ട്രേഷൻ ഇല്ലാത്തവർ

ഇനിയും 12AA രജിസ്ട്രേഷൻ എടുക്കാത്തവർ ഉടനെ Auditor നെ സമീപിച്ച് അതിനുള്ള അപേക്ഷ നൽകണം. ഇല്ലെങ്കിൽ ഒഴിവ് കിട്ടുവാൻ വേണ്ടി Income Tax Return സമർപ്പിക്കുവാൻ സാധിക്കുകയില്ല.

Ernakulam
16.05.2019

For,
P.V. Chacko & Co

CA P.V. Chacko

# QUESTIONAIRE UNDER FCRA FROM 2018-19 ONWARDS

(2)(b) FC-4- Annual Return has been revised
to include the following additional Informations
regarding various projects you have.

SAMPLE OF FILLING Certain queries viz. b.i., b.iii. & b.iv.

---

**b.i.** Example : if the Institution has received any Foreign Contribution for starting a **tailoring unit** and a **piggery project** as **self help programme** or so and there is collection by sale of dress or pigs those amounts has to be shown as income, (total collection amount) though such amounts are not foreign receipts : Sample given below :-

| Sl. No. | Name & Location of Project | Year of Commencement | Income during the year |
|---|---|---|---|
| 1. | Tailoring Unit, Njarackal | 2017 | Rs.32,000/- |
| 2. | Piggery Unit, Vypin | 2018 | Rs.28,000/- |

---

**b.iii.** Total purchase of fresh Assets : (Rs.)

| Sl. 1. Name of the Activity | **Embroidery Unit & Piggery** |
|---|---|

| | | Details | Purpose | Total in Rs. |
|---|---|---|---|---|
| 1. | Creation of Movable Assets (Furniture, Machinery etc.) | Table<br>Bench<br>Motor<br>Fan | Purpose of cutting cloth<br>For Sitting<br>For Stitching<br>For Comfort | Rs.1,250/-<br>Rs. 980/-<br>Rs.2,400/-<br>Rs.1,050/- |
| 2. | Immovable Assets Land | Building Shed | For Pigs | Rs.11,500/- |
| | **Total** | | | **Rs.17,180/-** |

**b.iv.** FC Transferred to other Associations (See the sample filled by us)

| Sl. No. | Name of the Association | Date | Purpose | Total (in Rs) |
|---|---|---|---|---|
| 1 | | | | |
| 2 | | | | |
| 3 | | | | |
| 4 | | | | |

**b.v.** Details of unutilized foreign contribution:

Total FC invested in term deposits (Rs)

| Sl. No. | Details | Total (in Rs) |
|---|---|---|
| (i) | Opening Balance of FD | |
| (ii) | FD made during the year | |
| (iii) | Less: realization of FD | |
| | Closing balance of FD | |

Balance of unutilized foreign contribution in cash/bank, at the end of the year (Rs):

| | | |
|---|---|---|
| a | Cash in hand | |
| b | In FC designated Bank Account | |
| c | In utilization bank account(s) | |

**b.vi.** Details of Land and Buildings remained unutilized for more than two years.

| Sl. No. | Location of Building/Land | Year of Acquisition | Purpose of Acquisition | Reason of Utilization |
|---|---|---|---|---|
| | | | | |
| | | | | |

**b.vii.** Details of bank account both designated and utilization require further:

information ie.

| | |
|---|---|
| Phone No. | |
| Name of Bank branch | |
| Bank e-mail ID | |
| Date of opening of bank account | |

## QUESTIONAIRE UNDER FCRA FROM 2018-19 ONWARDS

(2)(b) FC-4- Annual Return has been revised
to include the following additional Informations
regarding various projects you have.
You may kindly supply the details of such projects as shown below

**b.i.** (See the sample filled by us)

| Sl. No. | Name and Location of Project/Activity | Year of Commencement/ Project | Income During the Year |
|---|---|---|---|
| 1 | | | |
| 2 | | | |
| 3 | | | |

**b.ii.** Details of Activities/Project for which Foreign Contribution has been received and utilized (in Rupees) (2018-19).

Sl. No.1

| Name of Project/ Activity | Address/ Location | | Previous Balance | Receipt of the year | Utilized | Balance |
|---|---|---|---|---|---|---|
| | | In Cash | | | | |
| | | In Kind | | | | |

Sl. No.2

| Name of Project/ Activity | Address/ Location | | Previous Balance | Receipt of the year | Utilized | Balance |
|---|---|---|---|---|---|---|
| | | In Cash | | | | |
| | | In Kind | | | | |

**b.iii.** Total purchase of fresh assets (Rs) (See the sample filled by us)

| Sl.No.1. Activity in the name of Association | | | | |
|---|---|---|---|---|
| | | Details | Purpose | Total (in Rs) |
| (i) | Creation of movable assets (Furniture/Machinery etc.) | | | |
| (ii) | Creation of Immovable assets<br>Land<br>Building | | | |
| | GRAND TOTAL | | | |

**b.iv.** FC transferred to other Association.

| Sl. No. | Name of Association | Date | Purpose | Amount |
|---|---|---|---|---|
| 1. | Yesu Bala Bhavan, Quilon | 12.07.2018 | Maintenance of Children | 1,24,000/- |
| 2. | St. Joseph's Old Age Home, Kidangoor | 24.08.2018 | Purchase of coats and beds | 72,200/- |
| | **Total utilization in the year** | | | **1,96,000/-** |

# അറിയിപ്പ്

## വൊക്കേഷൻ ബ്യൂറോ

നമ്മുടെ രൂപതയിലെ ഇടവകകളിൽനിന്നുള്ള ഏതെങ്കിലു മൊരു കുട്ടി ഏതെങ്കിലും സന്യാസസഭയിലോ മറ്റേതെങ്കിലും രൂപ തയിലോ ചേർന്ന് വൈദിക സന്യസ്ത പരിശീലനം നടത്തുവാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അവർ അഭിവന്ദ്യ രൂപതാദ്ധ്യക്ഷന്റെ അനു വാദം വാങ്ങേണ്ടതാണ്. ഇതിനായി ഇടവക വികാരി സാക്ഷ്യപ്പെടു ത്തിയ സ്വഭാവ സർട്ടിഫിക്കറ്റും ജനനത്തീയതിയും പ്രാരംഭകൂദാശ കൾ സ്വീകരിച്ച തീയതിയും വേദപാഠ സർട്ടിഫിക്കറ്റും സഹിതം പാലാ ഷാലോം പാസ്റ്ററൽ സെന്ററിലെ വിശ്വാസപരിശീലനകേന്ദ്ര ത്തിൽ പ്രവർത്തിക്കുന്ന വൊക്കേഷൻ ബ്യൂറോയുടെ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ**
(ഡയറക്ടർ, വൊക്കേഷൻ ബ്യൂറോ)

## സംഭാവനാശേഖരണം

**1. സമ്പർക്ക മാധ്യമദിനപിരിവ്**

ജൂൺ 2-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ സമ്പർക്കമാധ്യമദിന പിരിവു നടത്തുകയും പിരിഞ്ഞുകിട്ടുന്ന തുക ജൂൺ അവസാനത്തോടെ രൂപതാകേന്ദ്രത്തിൽ ഏൽപിക്കേ ണ്ടതുമാണ്.

**2. പത്രോസിന്റെ കാശ്**

മാർപാപ്പായുടെ അജപാലനപ്രവർത്തനങ്ങളെ സഹായി ക്കുന്നതിനുവേണ്ടി പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരു നാളിനോടനുബന്ധിച്ച് (ജൂൺ-29) ആഗോളസഭയിൽ നടത്തപ്പെ ടുന്ന സംഭാവനാശേഖരണത്തിൽ നമുക്കു പങ്കുചേരാം. ജൂൺ 23-ാം തീയതി ഞായറാഴ്ച വി. കുർബാനമദ്ധ്യേ ഈ നിയോ ഗാർത്ഥം സംഭാവന ശേഖരിക്കുകയും ലഭിക്കുന്ന തുക ജൂലൈ 14-ാം തീയതിയ്ക്കകം രൂപതാ കേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതു മാണ്.

## സീറോ മലബാർ സഭാദിനം

വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടെ ഓർമ്മദിനം ജൂലൈ 3-ാം തീയതി സീറോ-മലബാർ സഭാദിനമായിട്ടാണല്ലോ നാം ആചരിക്കുന്നത്. അന്നേദിവസം സീറോ-മലബാർ സഭയുടെ പൊതുവായ പ്രവർത്തനങ്ങൾക്കായി പ്രത്യേകം പ്രാർത്ഥിക്കേണ്ടതും അന്നു കുർബാന മദ്ധ്യേ ഈ നിയോഗത്തിനായി പ്രത്യേക സ്തോത്രക്കാഴ്ച സ്വീകരിക്കേണ്ടതും അത് ജൂലൈ 31-നു മുമ്പായി രൂപതാ കേന്ദ്രത്തിൽ ഏൽപിക്കേണ്ടതുമാണ്.

## ദീപിക ഫ്രണ്ട്സ് ക്ലബ്, കെ.എൽ.എം, കെയർ ഹോംസ് എന്നിവയുടെ ഫൊറോന കോർഡിനേറ്റർമാരായി താഴെപറയുന്നവരെ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിയമിച്ചു.

1. ഫാ. തോമസ് പനയ്ക്കകുഴി - പാലാ കത്തീഡ്രൽ
2. ഫാ. അബ്രാഹം തകടിയേൽ - ഭരണങ്ങാനം
3. ഫാ. സെബാസ്റ്റ്യൻ ചാമക്കാലായിൽ - ഇലഞ്ഞി
4. ഫാ. ജോസഫ് കുറുമുട്ടത്ത് - കൂട്ടിക്കൽ
5. ഫാ. ജോസഫ് ഇല്ലത്തുപറമ്പിൽ - മൂലമറ്റം
6. ഫാ. തോമസ് ചില്ലയ്ക്കൽ - മുട്ടുചിറ
7. ഫാ. ഫ്രാൻസിസ് ഇടത്തിനാൽ - രാമപുരം
8. ഫാ. സെബാസ്റ്റ്യൻ വലിയവീട്ടിൽകളപ്പുര - തീക്കോയി
9. ഫാ. ഫ്രാൻസിസ് മാട്ടേൽ - തുടങ്ങനാട്

# CORPORATE EDUCATIONAL AGENCY, DIOCESE OF PALAI

## PLUS TWO RESULTS 2019

| | Groups | | Science | | | | Humanities | | | | Commerce | | | | Full A+ | Total | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Rank No. | School | Name | Pass | Fail | Total | Pass % | Pass | Fail | Total | Pass % | Pass | Fail | Total | Pass % | | Total | Fail | Pass | Pass % |
| 1 | Arakulam | St.Mary's HSS | 98 | 5 | 103 | 95.1 | 44 | 5 | 49 | 90 | 50 | 1 | 51 | 98 | **9** | **203** | **11** | **192** | **94.58** |
| 2 | Aruvithura | St.George HSS | 95 | 5 | 100 | 95.0 | | | | | 54 | 3 | 57 | 95 | **5** | **157** | **8** | **149** | **94.9** |
| 3 | Bharananganam | St.Mary's HSS | 111 | 0 | 111 | 100.0 | 46 | 4 | 50 | 92 | 58 | 1 | 59 | 98 | **30** | **220** | **5** | **215** | **97.73** |
| 4 | Cherpunkal | Holy Cross HSS | 178 | 0 | 178 | 100.0 | | | | | 58 | 1 | 59 | 98 | **32** | **237** | **1** | **236** | **99.58** |
| 5 | Elanji | St.Peter's HSS | 113 | 1 | 114 | 99.1 | | | | | 45 | 0 | 45 | 100 | **9** | **159** | **1** | **158** | **99.37** |
| 6 | Kadanad | St.Sebastian's HSS | 108 | 1 | 109 | 99.1 | 52 | 4 | 56 | 93 | 55 | 0 | 55 | 100 | **13** | **220** | **5** | **215** | **97.73** |
| 7 | Kothanalloor | Emmanuel's HSS | 115 | 4 | 119 | 96.6 | | | | | 58 | 0 | 58 | 100 | **22** | **177** | **4** | **173** | **97.74** |
| 8 | Kozhuvanal | St.John's NHSS | 108 | 6 | 114 | 94.7 | 50 | 6 | 56 | 89 | | | | | **7** | **170** | **12** | **158** | **92.94** |
| 9 | Kuravilangad | St.Mary's HSS | 119 | 0 | 119 | 100.0 | 55 | 1 | 56 | 98 | | | | | **20** | **175** | **1** | **174** | **99.43** |
| 10 | Pala | St.Mary's GHSS | 111 | 1 | 112 | 99.1 | 53 | 2 | 55 | 96 | | | | | **12** | **167** | **3** | **164** | **98.2** |
| 11 | Pala | St.Thomas HSS | 99 | 5 | 104 | 95.2 | 50 | 3 | 53 | 94 | | | | | **5** | **157** | **8** | **149** | **94.9** |
| 12 | Plassanal | St.Antony's HSS | 92 | 0 | 92 | 100.0 | 52 | 3 | 55 | 95 | | | | | **4** | **147** | **3** | **144** | **97.96** |
| 13 | Pravithanam | St. Michaels HSS | 47 | 3 | 50 | 94.0 | | | | | 55 | 4 | 59 | 93 | **5** | **109** | **7** | **102** | **93.58** |
| 14 | Ramapuram | St.Augustine's HSS | 102 | 1 | 103 | 99.0 | 50 | 3 | 53 | 94 | 49 | 3 | 52 | 94 | **18** | **208** | **7** | **201** | **96.63** |
| 15 | Teekoy | St.Mary's HSS | 96 | 5 | 101 | 95.0 | | | | | 55 | 3 | 58 | 95 | **11** | **159** | **8** | **151** | **94.97** |
| 16 | Valiyakumaramagalam | St. Paul's HSS | 52 | 0 | 52 | 100.0 | | | | | 51 | 1 | 52 | 98 | **10** | **104** | **1** | **103** | **99.04** |
| 17 | Vilakkumadam | St. Joseph's HSS | 53 | 0 | 53 | 100.0 | | | | | 56 | 0 | 56 | 100 | **5** | **109** | **0** | **109** | **100** |
| | | | Computer Application | | | | M.L.T | | | | | | | | | | | | |
| 18 | Kuruppanthara | St. Xavier's VHSS | 20 | 2 | 22 | 91 | 26 | 0 | 26 | 100.0 | | | | | | **48** | **2** | **46** | **95.83** |

| Corporate Educational Agency, Diocese of Palai | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| SSLC RESULTS | | March. 2018 | | | | March. 2019 | | | | Remarks |
| Sl. No. | Name of School | Roll | Pass | % | Full A+ | Roll | Pass | % | Full A+ | |
| 1 | Arakulam St.Mary's HSS | 173 | 172 | 99.42 | 12 | 213 | 212 | 99.53 | 18 | |
| 2 | Aruvithura St.George HSS | 73 | 73 | 100.00 | - | 57 | 56 | 98.25 | 1 | |
| 3 | Bharananganam St.Mary's HSS | 91 | 90 | 98.90 | 8 | 100 | 100 | 100.00 | 6 | |
| 4 | Chemmalamattom Little Flower HS | 109 | 109 | 100.00 | 5 | 137 | 137 | 100.00 | 13 | 3rd Time 100% |
| 5 | Chennad St.Maria Gorettis HS | 54 | 53 | 98.15 | 4 | 51 | 51 | 100.00 | 4 | |
| 6 | Cherpunkal Holy Cross HSS | 189 | 189 | 100.00 | 24 | 194 | 194 | 100.00 | 24 | 2nd Time 100% |
| 7 | Elanji St.Peter's HSS | 98 | 98 | 100.00 | 10 | 82 | 82 | 100.00 | 1 | 2nd Time 100% |
| 8 | Kadanad St.Sebastians HSS | 114 | 114 | 100.00 | 13 | 111 | 111 | 100.00 | 11 | 7th Time 100% |
| 9 | Kadaplamattom St.Antony's HS | 24 | 24 | 100.00 | - | 18 | 18 | 100.00 | 1 | 6th Time 100% |
| 10 | Kanjiramattom Little Flower HS | 56 | 56 | 100.00 | 9 | 67 | 67 | 100.00 | 8 | 9th Time 100% |
| 11 | Kanjirathanam St.Johns HS | 24 | 24 | 100.00 | 2 | 26 | 26 | 100.00 | 3 | 9th Time 100% |
| 12 | Koottickal St.George HS | 99 | 97 | 97.98 | 6 | 78 | 77 | 98.72 | 3 | |
| 13 | Kothanalloor Emmanuels HSS | 143 | 143 | 100.00 | 11 | 148 | 148 | 100.00 | 19 | 4th Time 100% |
| 14 | Kozhuvanal St.Johns NHSS | 74 | 74 | 100.00 | 7 | 75 | 75 | 100.00 | 14 | 5th Time 100% |
| 15 | Kudakkachira St.Josephs HS | 52 | 52 | 100.00 | 5 | 41 | 41 | 100.00 | 3 | 3rd Time 100% |
| 16 | Kuravilangad St.Mary's GHS | 188 | 188 | 100.00 | 30 | 156 | 156 | 100.00 | 29 | 9th Time 100% |
| 17 | Kuravilangad St.Mary's HSS | 103 | 102 | 99.03 | 3 | 102 | 101 | 99.02 | 9 | |
| 18 | Kurumannu St.John's HS | 84 | 78 | 92.86 | 6 | 97 | 97 | 100.00 | 5 | |
| 19 | Kuruppanthara St.Xaviers VHSS | 59 | 59 | 100.00 | 8 | 52 | 52 | 100.00 | 5 | 6th Time 100% |
| 20 | Manalumkal St.Aloysious HS | 63 | 63 | 100.00 | 4 | 46 | 44 | 95.65 | 2 | |
| 21 | Manathoor St.Joseph's HS | 64 | 64 | 100.00 | 7 | 75 | 75 | 100.00 | 4 | 11th Time 100% |
| 22 | Marangattupally St.Thomas HS | 59 | 58 | 98.31 | 5 | 68 | 68 | 100.00 | 10 | |
| 23 | Mattakara St.Joseph's HS | 98 | 97 | 98.98 | 10 | 65 | 61 | 93.85 | 4 | |
| 24 | Mutholapuram St.Paul's HS | 56 | 56 | 100.00 | 7 | 54 | 54 | 100.00 | 8 | 7th Time 100% |
| 25 | Mutholy St.Joseph's GHS | 58 | 58 | 100.00 | 6 | 50 | 50 | 100.00 | 4 | 5th Time 100% |
| 26 | Muttuchira Holy Ghost BHS | 63 | 63 | 100.00 | 5 | 71 | 71 | 100.00 | 7 | 12th Time 100% |
| 27 | Muttuchira St.Agnes HS | 149 | 149 | 100.00 | 26 | 149 | 149 | 100.00 | 22 | 2nd Time 100% |
| 28 | Pala St.Mary's GHSS | 248 | 248 | 100.00 | 41 | 244 | 244 | 100.00 | 28 | 3rd Time 100% |
| 29 | Pala St.Thomas BHSS | 143 | 143 | 100.00 | 16 | 146 | 145 | 99.32 | 8 | |
| 30 | Peringulam St.Augustines HS | 54 | 54 | 100.00 | 10 | 52 | 52 | 100.00 | 4 | 12th Time 100% |
| 31 | Plassanal St.Antony's HSS | 96 | 96 | 100.00 | 5 | 96 | 96 | 100.00 | 8 | 5th Time 100% |
| 32 | Pravithanam St.Michael's HS | 67 | 67 | 100.00 | 6 | 65 | 65 | 100.00 | 1 | 8th Time 100% |
| 33 | Ramapuram SH GHS | 105 | 104 | 99.05 | 15 | 101 | 101 | 100.00 | 16 | |
| 34 | Ramapuram St.Augustin's HSS | 98 | 97 | 98.98 | 11 | 110 | 110 | 100.00 | 13 | |
| 35 | Teekoy St.Mary's HSS | 142 | 139 | 97.89 | 7 | 115 | 115 | 100.00 | 6 | |
| 36 | Thudanganad St.Thomas HS | 82 | 82 | 100.00 | 5 | 83 | 83 | 100.00 | 4 | 5th Time 100% |
| 37 | Vadakara Little Flower HS | 99 | 99 | 100.00 | 11 | 97 | 97 | 100.00 | 17 | 3rd Time 100% |
| 38 | Vakakkad Alphonsa GHS | 51 | 51 | 100.00 | 7 | 58 | 58 | 100.00 | 12 | 5th Time 100% |
| 39 | Valiyakumaramangalam St. Paul's HS | 102 | 101 | 99.02 | 2 | 99 | 99 | 100.00 | 5 | |
| 40 | Vellikulam St.Antony's HS | 55 | 55 | 100.00 | 4 | 61 | 57 | 93.44 | 3 | |
| 41 | Vilakkumadom St.Joseph's HS | 95 | 95 | 100.00 | 5 | 143 | 143 | 100.00 | 20 | 2nd Time 100% |

# ഹോളി ഗോസ്റ്റ് സ്കൂൾ ഓഫ് നഴ്സിങ്ങ്

(കേരളാ നേഴ്സസ് ആൻഡ് മിഡ്വൈഫ്സ് കൗൺസിലിന്റേയും ഇന്ത്യൻ നേഴ്സിങ്ങ് കൗൺസിലിന്റേയും അംഗീകാരമുള്ളത്)

**H.G.M. ഹോസ്പിറ്റൽ**

മുട്ടുചിറ പി. ഒ., കോട്ടയം - 686613

ഫോൺ - 04829 - 284424

## നേഴ്സിങ്ങ് അഡ്മിഷൻ

കേരളാ നേഴ്സസ് ആൻഡ് മിഡ്വൈഫ്സ് കൗൺസിലിന്റെ മാനദണ്ഡത്തിൽ നടത്തുന്ന മൂന്ന് വർഷത്തെ ജനറൽ നേഴ്സിങ്ങ് ആൻഡ് മിഡ്വൈഫറി കോഴ്സിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു.

യോഗ്യത - ഏതെങ്കിലും വിഷയത്തിൽ 40 % മാർക്കോടുകൂടി +2 അല്ലെങ്കിൽ തത്തുല്യ യോഗ്യത

അപേക്ഷാഫോറവും പ്രോസ്പെക്ടസും 200 രുപ ക്യാഷായോ 250 രൂപാ മണിയോഡർ അല്ലെങ്കിൽ ഡി. ഡി. ആയോ അടച്ച് പ്രിൻസിപ്പാൾ ഓഫീസിൽ നിന്നും 13/05/2019, 10.00 a.m. നും 30/06/2018, 05.00 p.m. നും ഇടയിൽ കൈപ്പറ്റാവുന്നതാണ്.

കൂടുതൽ വിവരങ്ങൾക്കായി താഴെക്കാണുന്ന വിലാസത്തിൽ ബന്ധപ്പെടുക.

Rev. Sr. Pauline S.A.B.S. (Principal)
H.G.M. School of Nursing, Muttuchira – 686 613
Ph – 04829 – 284424, Mob : 9497222620

Rev. Fr. Mathew Thekkel (Director)
H.G.M. School of Nursing, Muttuchira – 686 613
Mob : 9446921005

**N.B. :** ബഹു. വികാരിയച്ചന്മാർ വി. കുർബാന മദ്ധ്യേ പള്ളിയിൽ ഇക്കാര്യം അറിയിക്കേണ്ടതാണ്.

ലേഖനം

# ദേവദാരുവൃക്ഷങ്ങൾക്കിടയിലെ മാറോനീത്താസഭ

*ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്*

**ലെ**ബനോൻ വളരെ സുന്ദരമായ ഒരു രാജ്യമാണ്. നമ്മുടെ കോട്ടയം ജില്ലയെക്കാൾ ചെറുതാണ് ഈ രാജ്യം. ധാരാളം മഞ്ഞു പെയ്യുന്ന സ്ഥലമാണ് ലെബനോൻ. തന്മൂലം ഈ പദത്തിന്റെ അർത്ഥം വെളുത്തത് എന്നാണ്. മൂലാർത്ഥം നോക്കിയാൽ ഹൃദയഭാഗത്തു നില്ക്കുന്നത് എന്നും ദൈവത്തിന്റെ ഹൃദയം എന്നും അർത്ഥമുണ്ട്. അനേകം പ്രത്യേകതകൾകൊണ്ടു സമ്പന്നമായ ലെബനോൻ പല കാരണങ്ങളാൽ ലോകശ്രദ്ധ ആകർഷിച്ചിട്ടുണ്ട്. അവയിൽ ഏറ്റവും പ്രധാനപ്പെട്ട രണ്ടു കാര്യങ്ങളാണ് ദേവദാരു വൃക്ഷവും മാറോനീത്താ സഭയും. ഇവ രണ്ടിനെക്കുറിച്ചുമുള്ള ഒരു ചെറിയ വിശദീകരണമാണ് ഈ ലേഖനം.

**ദേവദാരുവൃക്ഷം**

ദൈവം നട്ട വൃക്ഷമാണ് ദേവദാരു എന്നതാണ് പരമ്പരാഗത സങ്കല്പം. സങ്കീർത്തനങ്ങൾ അതിലേക്കു വെളിച്ചം വീശുന്നുണ്ട്. വി.ഗ്രന്ഥത്തിൽ 72 തവണ ദേവദാരുക്കളെക്കുറിച്ചു പ്രതിപാദിക്കുന്നുണ്ട്. ഏറ്റവും ആദ്യത്തെ മരം ദേവദാരുവാണ് എന്ന വിചാരവും പരക്കെ നിലനില്ക്കുന്നു. "ലെബനോനിലെ ദേവദാരു മുതൽ ചുമരിൽ മുളയ്ക്കുന്ന പായൽ വരെ എല്ലാ സസ്യങ്ങളെയും കുറിച്ച് അവൻ പ്രതിപാദിച്ചു" (1 രാജാ. 4: 33). "ഇഷ്ടിക വീണു പോയി. എന്നാൽ, വെട്ടിയൊരുക്കിയ കല്ലുകൊണ്ട് ഞങ്ങൾ പണിയും. സിക്കമൂർ മരങ്ങൾ വെട്ടിക്കളഞ്ഞു. അവയ്ക്കു പകരം ദേവദാരുക്കൾ ഉപയോഗിക്കും" (ഏശയ്യാ 9:10). 'കൂറ്റൻ ദേവദാരുക്കൾ' എന്നു സങ്കീർത്തനം 80:10 ൽ പറയുന്ന കാര്യവും ഏറെ ശ്രദ്ധേയമത്രേ. 'ദേവദാരുപോലെ ഉയരവും കരുവേലകം പോലെ കരുത്തും' (ആമോസ് 2:9) എന്ന പ്രവാചകവചനവും ദൈവശാസ്ത്രപരമായി ഏറെ അർത്ഥമുള്ളതാണ്. എസക്കിയേൽ 17:22 ൽ സുന്ദരമായ ഒരു തിരുവചനം കാണാം. "കർത്താവ് അരുൾചെയ്യുന്നു: ഉയരമുള്ള ദേവദാരുവിന്റെ

മുകളിൽനിന്ന് ഒരു കമ്പെടുത്തു ഞാൻ നട്ടു." ലെബനോൻ നറുമണത്തിന്റെ ഇടമാണ്. "നിന്റെ വസ്ത്രങ്ങളുടെ തൂമണം ലെബനോനിലെ സുഗന്ധദ്രവ്യം പോലെയാണ്" (ഉത്തമഗീതം 4:11). "ഉദ്യാനത്തിലെ ഉറവയാണു നീ; ജീവജലത്തിന്റെ കിണർ, ലെബനോനിൽ നിന്ന് ഒഴുകുന്ന അരുവി" (ഉത്തമഗീതം 4:15).

ജെറമിയ 22:23 ൽ 'ദേവദാരുക്കളുടെ ഇടയിൽ കൂടുകെട്ടി ലബനോനിൽ വസിക്കുന്നവളേ' എന്ന പ്രയോഗം ഏറെ ആത്മീയപ്രധാന്യമുള്ളതത്രേ. എസക്കിയേൽ 17:3–5: "ഒരു വലിയ കഴുകൻ ലെബനോനിൽ വന്ന് ഒരു ദേവദാരുവിന്റെ അഗ്രഭാഗം കൊത്തിയെടുത്തു." കൊട്ടാരങ്ങളും സിംഹാസനങ്ങളും കപ്പലുകളും ഇരിപ്പിടങ്ങളും എല്ലാം ദേവദാരുക്കൾകൊണ്ടു നിർമ്മിച്ചിരിക്കുന്നു എന്നത് രാജാക്കന്മാരുടെ പുസ്തകങ്ങളിലെ പ്രധാന പഠനവിഷയമാണ്. അതുപോലെതന്നെ വീടിന്റെ ശുദ്ധീകരണത്തിനും വ്യക്തികളുടെ രോഗമുക്തി പ്രാപിക്കലിനും ദേവദാരു ഉപയോഗിച്ചിരുന്നു. വ്യക്തിയുടെ സൗന്ദര്യത്തെ സൂചിപ്പിക്കുന്നതിനും ഈ പദം ഉപയോഗിച്ചിരുന്നു. "അവന്റെ ആകാരം ലബനോനിലെ വിശിഷ്ടമായ ദേവദാരുപോലെ" (ഉത്തമഗീതം 5:15).

**ദേവദാരുവൃക്ഷവും പരി. അമ്മയും**

പരി. അമ്മയെക്കുറിച്ചു പറയുമ്പോഴൊക്കെ ദേവദാരുവുമായി ബന്ധപ്പെടുത്തി പറയാറുണ്ട്. ലെബനോനിലെ മാറോനീത്താ ക്രൈസ്തവർ മാതാവിന്റെ ലുത്തിനിയ ചൊല്ലുമ്പോൾ 'ലെബനോനിലെ ദേവദാരുവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ' എന്നു കൂട്ടിച്ചേർത്തു പ്രാർത്ഥിക്കാറുണ്ട്. വിശുദ്ധനായ ജോൺ പോൾ രണ്ടാമൻ പാപ്പാ പറഞ്ഞു: "മറിയത്തിന്റെ വേരുകൾ ലെബനോനിലെ മണ്ണിൽ ആഴത്തിൽ ഓടിയിട്ടുണ്ട്." ലെബനോൻ കേവലം ഒരു രാജ്യമല്ല; പ്രത്യുത ഒരു സന്ദേശമാണ്. ദേവദാരുവിന്റെ ശിഖരങ്ങൾ പ്രതികൂല കാലാവസ്ഥയെ തരണം ചെയ്യുന്നു. അതുപോലെതന്നെ പരി. മറിയത്തിന്റെ സൗന്ദര്യവും കന്യാത്വവും അവളിലെ കൃപാസാന്നിദ്ധ്യവും കുറവുകൂടാതെ നിലനില്ക്കുന്നു. ഒരിക്കലും പച്ച കെടാതെ നില്ക്കുന്ന ദേവദാരുക്കൾ അവിരാമമായ തുടർച്ചയുടെയും അക്ഷയത്വത്തിന്റെയും അമരത്വത്തിന്റെയും നിത്യതയുടെയും പ്രതീകമാണ്.

ഈശോയുടെ മനുഷ്യാവതാരത്തിന് നൂറു കണക്കിനു വർഷങ്ങൾക്കുമുമ്പുതന്നെ ദേവദാരുക്കൾ ഉണ്ടായിരുന്നു. നാലായിരം വർഷം പഴക്കമുള്ള ദേവദാരുവുണ്ട്, പ്രത്യേകിച്ച് ലെബനോനിലെ ബെഷറിയിൽ. മിശിഹായുടെ രൂപാന്തരീകരണം ലെബനോനിലെ ദേവദാരുക്കൾക്കിടയിലാണ് നടന്നത് എന്ന് വിശ്വസിക്കുന്ന ധാരാളം പേർ ലെബനോനിലുണ്ട്. ദേവദാരുവൃക്ഷങ്ങൾ നല്കുന്ന കുലീനത്വവും ലെബനോൻമലയുടെ നിശ്ശബ്ദതയും ലെബനോൻ ആശ്രമങ്ങളുടെ മല എന്ന ചരിത്രസത്യവും ഈ പാരമ്പര്യത്തെ സാധൂകരിക്കുന്ന കാര്യങ്ങളാണ്.

പ്രഭാഷകൻ 24:13 ൽ പറയുന്ന തല ഉയർത്തിനിൽക്കുന്ന - cedrus exultate - ദേവദാരു ക്രിസ്തീയപൈതൃകത്തോടു ബന്ധപ്പെട്ടാണു നില്ക്കുന്നത്. പ്രധാനമായും ഇത് മറിയത്തെയും വിശുദ്ധരെയും രക്തസാക്ഷികളെയും കുറിച്ചു സംസാരിക്കുന്നു. ദേവദാരുവിന്റെ എണ്ണയുടെ ഗന്ധം പാമ്പിനെ, പിശാചിനെ, രോഗത്തെ ഒക്കെ അകറ്റുന്നതാണ്. പരി. മറിയം വിശ്വാസികളെ പാഷണ്ഡതകളിൽനിന്നു സംരക്ഷിക്കുന്നതുപോലെയാണിത്. തടിക്കു കേടുകൂടാതെ ഇത്ര കാലം നിലനില്ക്കുന്ന മറ്റു വൃക്ഷങ്ങൾ ഒന്നുമില്ല. ചീയൽ അല്പം പോലും ഇല്ലാത്ത കാതൽ തടിയാണിത്. ദേവദാരുവിന്റെ കുലീനത്വവും ഉയരവും മനുഷ്യരുടെ ഇടയിൽ മറിയത്തിനുള്ള ഔന്നത്യവും കുലീനത്വവുമാണ്. സന്തോഷവും സമൃദ്ധിയും ഐശ്വര്യവും ദീർഘായുസ്സുമാണ് ദേവദാരുക്കൾ നല്കുന്ന സന്ദേശം. വൃക്ഷങ്ങൾക്കിടയിലെ രാജകുമാരനാണ് ദേവദാരു. ആറ്റുതീരത്ത് നടപ്പെട്ട വൃക്ഷംപോലെ വേരുകൾ ആഴങ്ങളിലേക്കും ശിഖരങ്ങൾ മതിലിനു പുറത്തേക്കും എത്തിച്ചു നിർത്തുന്ന വൃക്ഷമാണ് ദേവദാരു. ലെബനോനിനു മുഴുവൻ തണലേകുന്ന വൃക്ഷമാണ് ദേവദാരു. ഒരു വലിയ സംസ്കാരത്തിന്റെ പ്രതീകമാണ് ദേവദാരു. cedrus libani - ലെബനോനിലെ ദേവദാരു, cedrus Dei - ദൈവത്തിന്റെ മരമാണ്.

**മാറോനീത്താസഭ**

മാറോനീത്താ റീത്തിൽപ്പെട്ട ക്രൈസ്തവരുടെയും ആശ്രമങ്ങളുടെയും കേന്ദ്രമാണ് പ്രധാനമായും ലെബനോൻ. കൽദായ ക്രൈസ്തവരും അർമേനിയൻ ക്രൈസ്തവരും ഉൾപ്പെടെ 18 ക്രൈസ്തവവിഭാഗങ്ങൾ ഇവിടെയുണ്ട്. മാറോനീത്താക്കാർ പ്രധാനമായും സി

റിയായിൽനിന്നു ലെബനോനിലേക്കു കുടിയേറ്റക്കാരായി വന്നവരാണ്. വി. മാറോനിൽനിന്നു കിട്ടിയ വിശുദ്ധ പാരമ്പര്യത്തിന്റെ സംരക്ഷകരാണ് ലെബനോനിലെ മാറോനീത്താക്കാർ. ഈ മാറോനീത്താക്കാർ ഇന്ന് മിക്ക രാജ്യങ്ങളിലുമുണ്ട്.

4-ാം നൂറ്റാണ്ടിലെ വിശുദ്ധനായ മാറോനാൽ സ്ഥാപിക്കപ്പെട്ട ഈ ക്രൈസ്തവസമൂഹം വളരെ തനിമയുള്ള ഒരു വിഭാഗമാണ്. താപസനായിരുന്ന ഈ മാറോൻ ഒരു ആണിക്കല്ലാണ്, കൂട്ടക്കല്ലാണ്, അടിത്തറയാണ്, എംബ്ളമാണ്. അദ്ദേഹത്തിന്റെ ദൈവാനുഭവവും വിശുദ്ധിയുമാണ് ഈ സഭയുടെ തുടർച്ചയ്ക്കു കാരണമായി ഇന്നും നിലനില്ക്കുന്ന പ്രധാന ഘടകം. ഈ വിശുദ്ധസന്ന്യാസിയാണ് ഈ ക്രൈസ്തവസമൂഹത്തിന്റെ സ്ഥാപകൻ. ഇവരുടെ മെന്റർ ആണ് വി. മാറോൻ. ആശ്രമവിശുദ്ധിയിന്മേൽ പണിയപ്പെട്ട ക്രൈസ്തവ കൂട്ടായ്മയാണിത്. ഈ മാറോന്റെ വംശപരമ്പരയിൽപെട്ട ഒരു ജോൺ മാറോൻ (7-ാം നൂറ്റാണ്ട്) ഇവരുടെ ആദ്യ പാത്രിയാർക്കീസായി കരുതപ്പെടുന്നു.

മാറോനീത്താക്കാർ അന്ത്യോക്യൻപാരമ്പര്യത്തോടു ബന്ധപ്പെവരാണ്. അന്ത്യോക്യൻ ആരാധനാക്രമവും പാശ്ചാത്യസുറിയാനിയുമാണ് അവരുടെ അടിസ്ഥാന പൈതൃകം. ഇപ്പോൾ ലെബനോനിലെ മാറോനീത്താക്കാർ ഈ ലിറ്റർജി അറബിക് ഭാഷയിലാണ് പരികർമ്മം ചെയ്യുന്നത്.

വി. മാറോന്റെ ശിഷ്യനായ സീറൂസ്സിലെ ഇബ്രാഹിം ലെബനോൻ മലയിലെ ജനങ്ങൾക്ക് ഈശോയുടെ സുവിശേഷം വിശദീകരിച്ചുകൊടുത്തു. ഇന്ന് 3537690 അംഗങ്ങൾ മാറോനിത്താസഭയിലുണ്ട്. 26 രൂപതകളിലായാണ് മാറോനീത്താക്കാർ ഒരു സ്വതന്ത്ര പൗരസ്ത്യസഭയായി പ്രവർത്തിക്കുന്നത്. ലെബനോനിലെ മാറോനീത്താക്കാരുടെ കേന്ദ്രം ബെയ്റൂട്ടാണ്. വൈദികരിൽ വിവാഹിതരായവർ ഏറെയുണ്ട്. ഈ സഭയുടെ ഇപ്പോഴത്തെ തലവൻ മോറൻ മോർ ബുത്രോസ് കർദ്ദിനാൾ റായി ആണ്.

സുവിശേഷം അതിന്റെ തനിമയിലും ലാളിത്യത്തിലും വിശുദ്ധിയിലും പഠിപ്പിക്കാൻ പരിശ്രമിക്കുന്ന ഒരു ക്രൈസ്തവവിഭാഗമാണ് മാറോനീത്താക്കാർ. ആശ്രമപ്രസ്ഥാനത്തിന്റെ പിൻബലമാണ് പ്രധാനമായും ഇതിന്റെ പിന്നിൽ. ഏ.ഡി. 451-ലെ കാൽസിഡോൺ

കൗൺസിലിന്റെ പ്രബോധനം പൂർണ്ണമായും അംഗീകരിച്ച സമൂഹ മെന്ന നിലയിൽ പരി. സിംഹാസനവുമായി വളരെ നല്ല ബന്ധം ആരംഭം മുതൽ പുലർത്തിപ്പോരുന്നു. ഈ സഭയിൽ ഒരിക്കലും വിഭജനങ്ങൾ ഉണ്ടായിട്ടില്ല. തന്മൂലം അവർക്ക് ഓർത്തഡോക്സ് വിഭാഗമില്ല. 1926-ൽ ലെബനോനിന്റെ ഭരണഘടന മാറോനീ ത്താക്രൈസ്തവർക്ക് വലിയ അംഗീകാരവും സ്വാതന്ത്ര്യവും നല്കി. ലെബനോൻ റിപ്പബ്ലിക്കിന്റെ പ്രസിഡന്റ് മാറോനീത്താക്കാരനായി രിക്കണമെന്നു നിജപ്പെടുത്തി. മാറോനീത്താ പാത്രീയാർക്കീസിനും സിനഡിനും നല്ല ഒരു അംഗീകാരം ഈ രാജ്യത്തുണ്ട്.

**ദേശീയതയും മതാത്മകതയും**

ദേശീയതയും മതാത്മകതയും സമ്യക്കായി സമ്മേളിക്കപ്പെട്ട ഒരു സമൂഹമാണ് മാറോനീത്താക്രൈസ്തവർ. ഈ സമൂഹം വെറുമൊരു രാഷ്ട്രീയചിന്തയുടെ ഫലമല്ല; രാഷ്ട്രത്തോടു ബന്ധമില്ലാത്ത മതവി ഭാഗവുമല്ല. രണ്ടും ഒന്നിച്ചുചേർന്നെങ്കിലും രാഷ്ട്രത്തിന്റെയും മത ത്തിന്റെയും അടിസ്ഥാനസ്വഭാവസവിശേഷതകൾ കാത്തുസംര ക്ഷിച്ചു. മാറോനിറ്റിസം ഒരേസമയം ഒരു രാഷ്ട്രവും ഒരു മതവുമായി നിലനില്ക്കുന്നു. ഇവിടെ രാഷ്ട്രം മതത്തെ രാഷ്ട്രീയവത്കരിക്കു ന്നില്ല; മതം രാഷ്ട്രത്തെ തെയോക്രസിയാക്കി (ദൈവം ഭരണം നട ത്തുന്നു) മാറ്റുന്നുമില്ല. പക്ഷേ, ദൈവവിചാരം ഇവിടുത്തെ ജനങ്ങ ളുടെ അടിസ്ഥാനഭാവമാണ്. അറമായ സുറിയാനിബന്ധത്തിലൂടെ പുരാതനമായ സഭാപൈതൃകം സംരക്ഷിക്കുന്നു. കത്തോലി ക്കാക്കൂട്ടായ്മയിൽ എന്നും നിലനിന്നുകൊണ്ട് സാർവ്വത്രികത വിളി ച്ചോതുന്നു. അറബിഭാഷ സ്വന്തമാക്കിക്കൊണ്ട് ദേശീയതയും മത മൈത്രിയും പരിപോഷിപ്പിക്കുന്നു. വി. മാറോന്റെ ആത്മീയപൈ തൃകത്തോടു ചേർന്നുനിന്ന് അതിന്റെ പൗരാണികതയും തനിമയും പ്രഘോഷിക്കുന്നു. ഏതാണ്ട് ശൂന്യമായിരുന്ന ലെബനോൻ മലയെ എല്ലാ അർത്ഥത്തിലും ഫലഭൂയിഷ്ഠമാക്കിയത് മാറോനീത്താക്കാ രാണ്. സത്യവിശ്വാസത്തിലൂടെയും ആശ്രമപ്രസ്ഥാനത്തിലൂടെയും കൃഷിയിലൂടെയും ലെബനോനെ സമ്പന്നമാക്കി. ഏറ്റവും നല്ല ശുദ്ധജലം നല്കുന്ന മലയും ലെബനോൻ മലയാണ്.

ലെബനോൻ ഒരു മാറോനീത്താ ഉത്തരവാദിത്വമാണ്. ലെബനോ ന്റെ ഭൂതവും വർത്തമാനവും ഭാവിയും മാറോനീത്താക്കാരെ ആ

ശ്രയിച്ചാണിരിക്കുന്നത്. ലെബനോൻ മലയെ സത്യവിശ്വാസപ്രഘോഷകരായ സന്ന്യാസിമാരുടെ മലയാക്കി മാറ്റിക്കൊണ്ട് മറ്റേതു മലയേക്കാൾ പ്രധാനപ്പെട്ടതാക്കിമാറ്റി. ഏകാന്തവാസികളായ സന്ന്യാസിമാർ ഇന്നും ഈ മലയിലുണ്ട്. സന്ന്യാസിമാരുടെ മല എന്നാണ് ഇന്നും ലെബനോൻ അറിയപ്പെടുന്നത്. കർമ്മലീത്താ സന്ന്യാസികൾ കർമ്മലമല എടുത്തതുപോലെയാണ് ഈ പ്രദേശത്തെ സന്ന്യസ്തരും ഏകാന്തവാസികളും ലെബനോൻ മലയെ എടുത്തതും. തന്മൂലം എല്ലാ അർത്ഥത്തിലും ലെബനോൻ മാറോനീത്താക്കാരുടെ കരവേലയാണ്. ഒരു കാടൻ പ്രദേശത്തെ കുലീനത്വമുള്ള പറുദീസയാക്കി മാറ്റിയത് മാറോനീത്താക്കാരാണ്.

മാറോനീത്താക്കാരുടെ വീടാണ് ലെബനോൻ. അവരുടെ ആരംഭവും വളർച്ചയും പ്രസക്തിയുമെല്ലാം ലെബനോൻ കേന്ദ്രമാക്കിയാണ്. ലെബനോന്റെ ഒരു മാറോനൈസേഷൻ നടന്നിട്ടുണ്ട്. മാറോനീത്താക്കാരുടെ ഒരു ലെബനോനൈസേഷനും നടന്നിട്ടുണ്ട്. ലെബനോന്റെ ചരിത്രം ഹൃദയത്തിൽ എഴുതിയവരാണ് മാറോനീത്താക്കാർ. മാറോനീത്താക്കാരുടെ ചരിത്രം ലെബനോന്റെ ഹൃദയത്തിലും സൂക്ഷിക്കപ്പെടുന്നു. മാറോനിറ്റിസം ലെബനോനേക്കാൾ വലുതാണ്. ലോകം മുഴുവനും എത്തിയിരിക്കുന്നു. പക്ഷേ, അതിന്റെ ലെബനോനിറ്റിസം കുറച്ചു കാണിക്കാൻ അവരുടെ പ്രവാസികളും സമ്മതിക്കില്ല.

---

NB : ഈ ലേഖനം 2019 മെയ് 8-ാം തീയതി ദീപനാളം വാരികയിൽ പ്രസിദ്ധീകരിച്ചതാണ്.

# List of Very/ Rev. Fathers to observe Prayer Day and to officiate Ramsa at Bharananganam

| | |
|---|---|
| Naduviledam Paul | June 8 |
| Naduvilekoot Ignatious | 9 |
| Naduvilekoot Joseph | 10 |
| Narikkatt Michael | 11 |
| Narithookil Joseph | 12 |
| Narithookil Kuriakose | 13 |
| Narively Mathew | 14 |
| Nellickal George | 15 |
| Nellickatheruvil Jose | 16 |
| Nellikunnucherivupurayidom George | 17 |
| Nirappel Cyriac | 18 |
| Niravathu George | 19 |
| Njarakkattil Joseph | 20 |
| Njarakunnel George | 21 |
| Njarakunnel George Varghese | 22 |
| Njaralakkatt Philip | 23 |
| Njavally Thomas | 24 |
| OlayathilThomas | 25 |
| Olickal Alexander | 26 |
| Olickal Thomas | 27 |
| Oravachalil George | 28 |
| Ottathengumgal Enas | 29 |
| Ouseparambil Michael | 30 |
| Padannamakal Joseph | July 1 |
| Padickakuzhippil Sebastian | 2 |
| Paikada Alexander | 3 |
| Palackathadathil Abraham | 4 |
| Palackattukunnel Mathew | 5 |
| Palithottam John | 6 |
| Pallackal Joseph | 7 |




# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**1. കബറിടം സന്ദർശിച്ച വിശിഷ്ടവ്യക്തികൾ**

മാർ ജോസഫ് പള്ളിക്കാപറമ്പിൽ
മാർ മാത്യു അറയ്ക്കൽ
മാർ ഫ്രാങ്കോ മുളയ്ക്കൽ
മാർ സെബാസ്റ്റ്യൻ വടക്കേൽ
മാർ ജേക്കബ് അങ്ങാടിയത്ത്
മ്യാന്ഡമാറിലെ ഖാലി രൂപതാദ്ധ്യക്ഷൻ ഫെലിക്സ് ലിയാൻ കിം
ഡൽഹി ദൂരദർശൻ അഡിഷണൽ ഡയറക്ടർ ദീപക് ആഷിഷ് കൗൾ
തിരുവനന്തപുരം ദൂരദർശൻ ഡപ്യൂട്ടി ഡയറക്ടർ ജനറൽ ആർ കൃഷ്ണദാസ്.
സോജൻ ജോസഫ്-തിരുവനന്തപുരം ദൂരദർശൻ

**2. രോഗീ വയോജനദിനപ്രാർത്ഥന**

രണ്ടാം വെള്ളിയാഴ്ചകളിൽ നടത്തുന്ന രോഗീദിനപ്രാർത്ഥനയ്ക്കും വി. കുർബാനയ്ക്കും ഫാ.ജോസ് മഠത്തിക്കുന്നേൽ കാർമ്മികത്വം വഹിച്ചു.

**3. വൈദികപട്ടം സ്വീകരിച്ചു.**

വി.അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ കഴിഞ്ഞ 6 മാസക്കാലം സേവനമനുഷ്ടിച്ച ഡീക്കൻ ബിബിൻ മാമ്പള്ളിത്തടത്തിന്റെ വൈദികപട്ടത്തിന് റെക്ടർ ഫാ. ജോസ് വള്ളോംപുരയിടവും മറ്റ് വൈദികരും സംബന്ധിച്ചു.

**വി. കുർബാനയർപ്പിച്ചു.**

മിഷനറി സൊസൈറ്റി ഓഫ് സെന്റ് തോമസ്സിലെ തുടർപരിശീലനത്തിന്റെ ഭാഗമായെത്തിയ 60 തോളം വൈദികർ വി. അൽഫോൻസാമ്മയുടെ കബറിടത്തിങ്കൽ വി.കുർബാനയർപ്പിച്ചു.

**സന്യാസാർത്ഥിനീ സംഗമം**

രൂപതയിലെ എല്ലാ സന്യാസസമൂഹങ്ങളിലെയും സന്യാസാർത്ഥിനീ സംഗമം വി. അൽഫോൻസാ തീർത്ഥാടന കേന്ദ്രത്തിൽ വച്ച് അൽഫോൻസാമ്മ യുടെ സഭാവസ്ത്ര സ്വീകരണദിനമായ മെയ് 19ന് നടത്തി. മാർ ജോസഫ് പള്ളിക്കാപറമ്പിൽ കോഴ്സ് ഉദ്ഘാടനം ചെയ്തു. ഫാ. ജോസഫ് കുഴിഞ്ഞാലിൽ വി. കുർബാനയർപ്പിച്ചു. ഫാ. കിങ്സ്റ്റൺ പുതുകുളങ്ങര ക്ലാസ്സു നയിച്ചു.

വി. അൽഫോൻസാമ്മയുടെ കബറിടത്തിങ്കൽ ഫാ.തോമസ് മൂലയിൽ, ഫാ മാത്യു മൂത്തേടം, ഫാ. മാത്യു മതിലകത്ത് എന്നിവർ ഒരുദിവസത്തെ പ്രാർത്ഥ നയ്ക്കായെത്തി.

**ഫാ. ജോസ് വള്ളോംപുരയിടം** (റെക്ടർ)

## വിശ്വാസപരിശീലനകേന്ദ്രം

**1. റിസൾട്ട്**

2018-19 വർഷത്തെ 10,12 ക്ലാസുകളിലെ വാർഷിക പരീക്ഷയുടെ റിസൾട്ട് 2019 മെയ് 6-ാം തീയതി പ്രസിദ്ധീകരിച്ചു.

**2. സേ പരീക്ഷ**

10,12 ക്ലാസുകളിലെ വാർഷിക പരീക്ഷയിൽ തോറ്റവർക്കായുള്ള സേ പരീക്ഷ 2019 മെയ് 19-ാം തീയതി ഞായറാഴ്ച ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടത്തപ്പെട്ടു. രണ്ടു ക്ലാസുകളിൽ നിന്നുമായി 113 കുട്ടികൾ പരീക്ഷയിൽ പങ്കെടുത്തു.

**3. വിചിന്തന ക്യാമ്പ്**

10-ാം ക്ലാസിൽ പഠിക്കുന്ന കുട്ടികൾ നിർബന്ധമായും പങ്കെടുക്കേണ്ട വിചിന്തന ക്യാമ്പ് 2019 ഏപ്രിൽ 12 മുതൽ മെയ് 31 വരെയുള്ള ദിവസങ്ങളിൽ 17 ബാച്ചുകളായി ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടത്തപ്പെട്ടു.

**4. പ്രതിഭാ സംഗമം**

2019-ൽ വിശ്വാസപരിശീലനം 7-ാം ക്ലാസ് പൂർത്തിയാക്കിയ കുട്ടികൾക്കു വേണ്ടി സീറോ മലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷൻ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് മെയ് 10,11,12 ദിവസങ്ങളിൽ നടത്തിയ പ്രതിഭാ സംഗമത്തിൽ പാലാ രൂപതയെ പ്രതിനിധീകരിച്ച് നിതിൻ അനിൽ മനിയാലിൽ, ധ്യാൻ ജോസഫ് കന്നാറ്റുകുന്നേൽ, ജോർബിൻ ഷാജി കിഴക്കേപ്പട്ടമന, അൻസ തെരേസ് മുതുപ്ലാക്കൽ, ഇവാന തോമസ് വടക്കേപ്പറമ്പിൽ, അലീന ജോയി കവുന്നുകാട്ടിൽ എന്നിവർ പങ്കെടുക്കുകയും രാമപുരം ഇടവകാംഗമായ അലീന ജോയി കവുന്നുകാട്ടിൽ സീറോ മലബാർ പ്രതിഭയായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. അലീനയ്ക്ക് അഭിനന്ദനങ്ങൾ.

**5. 2019-20 അദ്ധ്യയനവർഷാരംഭം**

2019-20 അദ്ധ്യായനവർഷത്തെ വിശ്വാസപരിശീലന ക്ലാസുകൾ 2019 ജൂൺ 2-ാം തീയതി ഞായറാഴ്ച ആരംഭിക്കുന്നതാണ്.

**7. പ്രഥമാദ്ധ്യാപക സമ്മേളനം**

2019-2020 അദ്ധ്യയന വർഷത്തിന് ഒരുക്കമായി 2019 ജൂൺ 1-ാം തീയതി ശനിയാഴ്ച രാവിലെ 9 മണി മുതൽ പ്രഥമാദ്ധ്യാപക സമ്മേളനം നടത്തപ്പെടുന്നു. അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചായിരിക്കും പ്രസ്തുത സമ്മേളനം നടക്കുന്നത്. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സമ്മേളനത്തെ അഭിസംബോധന ചെയ്തു സംസാരിക്കുന്നതായിരിക്കും.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# പാലാ മിഷൻ – അദിലാബാദ്

**1. പൊതുസമ്മേളനം; യാത്രയയപ്പും സ്വാഗതവും.**

പാലാ മിഷൻ പ്രവർത്തനങ്ങളുടെ വിലയിരുത്തലിനായുള്ള പൊതുസമ്മേളനം മെയ് 1-ാം തീയതി നെന്നൽ മദർ തെരേസാ ഭവനത്തിൽ വച്ച് നടക്കുകയുണ്ടായി. പ്രാർത്ഥനാ സമ്മേളനത്തോടനുബന്ധിച്ചു നടന്ന സമ്മേളനത്തിൽ വച്ച് ;

a) ഈ മാസം നാമഹേതുകത്തിരുന്നാൾ ആഘോഷിക്കുന്നവർക്കും ജന്മദിനം ആഘോഷിക്കുന്നവർക്കും കൂട്ടായ്മയുടെ ആശംസകൾ പങ്കുവച്ചു.

b) ഇക്കഴിഞ്ഞ കുറെ വർഷങ്ങൾ പാലാമിഷനിൽ സ്തുത്യർഹമായ സേവനം നിർവ്വഹിച്ച ശേഷം സ്ഥലം മാറിപ്പോകുന്ന എല്ലാ ബഹു. സിസ്റ്റേഴ്സിനെയും അനുമോദിക്കുകയും അവർക്ക് നന്ദി പറഞ്ഞ് സമ്മാനങ്ങൾ കൈമാറുകയും ചെയ്തു. Rev. Srs. Jubit LAR, Anjaly CMC, Shalom CMC, Flowerlet CMC, Anitha CMC, Soumya CMC, Merin FDSHJ, Little Flower FDSHJ എന്നിവരാണ് പാലാ മിഷനിൽ നിന്നും സ്ഥലം മാറിപ്പോകുന്നവർ. ഇവർക്ക് പാലാ മിഷന്റെ സ്നേഹം നിറഞ്ഞ നന്ദി അറിയിക്കുന്നു.

c) പുതിയതായി എത്തിച്ചേർന്ന് സേവനം ആരംഭിച്ച ശെമ്മാശ്ശൻമാരെ - ബ്ര. ടോണി , ബ്ര. അൽഫോൺസ് എന്നിവരെ - കൂട്ടായ്മയിലേക്ക് സ്നേഹപൂർവ്വം സ്വാഗതം ചെയ്തു.

**2. പാലാ മിഷൻ ക്രിസ്റ്റീൻ - 2019**

പാലാ മിഷന്റെ സുവിശേഷവൽക്കരണ, വിശ്വാസ പരിശീലന പ്രവർത്തനങ്ങളുടെ ഭാഗമായി 5 മുതൽ 10 വരെയുള്ള വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്കായി പാലാ മിഷൻ ക്രിസ്റ്റീൻ - 2019 ധ്യാനം നടത്തി. പാലാ മിഷനിലെ കുട്ടികൾക്കു വേണ്ടി May 15, 16, 17 തീയതികളിൽ നെന്നൽ മദർ തെരേസാ ഭവനത്തിൽ വച്ചു നടന്ന വിശ്വാസ പരിശീലന ക്യാമ്പിന് കർണൂൽ വിൻസെൻഷ്യൻ ധ്യാന കേന്ദ്രത്തിലെ ഫാ. അരുൺ മഞ്ഞില VC, ഫാ. ടോണി VC, സി. റോസ്മിൻ CMC എന്നിവർ നേതൃത്വം നൽകി. പരി. കുർബാന, വചനപ്രഘോഷണം, വിശ്വാസപരിശീലനം, വി.കുമ്പസാരം, കൗൺസിലിംഗ്, ആന്തരിക സൗഖ്യശുശ്രൂഷ എന്നിവയോടെ നടന്ന ക്യാമ്പിൽ നമ്മുടെ വിവിധ മിഷൻ കേന്ദ്രങ്ങളിൽ നിന്നായി 65 കുട്ടികൾ പങ്കെടുത്തു. ഫാ. ജോസഫ് പര്യാത്ത് ആയിരുന്നു പ്രോഗ്രാം കോർഡിനേറ്റർ. അച്ചന്റെ മേൽനോട്ടത്തിൽ എല്ലാ

ക്രമീകരണങ്ങൾക്കും ഫാ.ജോസഫ് കല്ലാച്ചേരിൽ, ഫാ.ആൻറണി വാഴയിൽ, ഫാ. ജോർജ് കൊട്ടാരത്തിൽ, ഫാ.ജോർജ് വയലിപ്പറമ്പിൽ, ഫാ. ഐസക്ക് കുറിച്ചിയേൽ എന്നിവർ നേതൃത്വം നൽകി. എല്ലാ മഠങ്ങളിലെയും വന്ദ്യ സഹോദരിമാരുടെ കഠിനാദ്ധ്വാനവും ഈ ക്യാമ്പിനെ ഏറെ ഫലമുള്ളതാക്കി.

**3. വേമനപ്പള്ളി മിഷൻകേന്ദ്ര വികസനം.**

വേമനപ്പള്ളി മണ്ഡലത്തിലെ പുതിയ കേന്ദ്രത്തിന്റെ വികസനം മുൻനിർത്തി ഒരേക്കർ സ്ഥലം കൂടി വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**4. ഉന്നത വിജയം... അഭിനന്ദനങ്ങൾ.**

നെന്നിൽ, മദർ തെരേസാ ഹോസ്റ്റലിലെ വിദ്യാർത്ഥികൾ ഈ വർഷവും Class X പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയിരിക്കുന്നു. എല്ലാ വിദ്യാർത്ഥികൾക്കും അവരെ ഇക്കഴിഞ്ഞ ഒരു വർഷം പഠിപ്പിച്ച്, പരിശീലിപ്പിച്ച് ഉന്നത വിജയത്തിലെത്തിച്ച ഹോസ്റ്റൽ ഡിറക്ടർ ഫാ.ആന്റണി വാഴയിലിനും ടീമിനും അഭിനന്ദനങ്ങൾ.

**5. പാലാ സർവീസ് ടീം നെന്നലയിൽ.**

മന്നഗുഡം സെന്റ് മേരീസ് ദൈവാലയത്തിന്റേയും മഠത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ നന്നായി പുരോഗമിക്കുന്നു. ഈ ദൈവാലയത്തിലേക്ക് ആവശ്യമായ മാർത്തോമ്മാസ്ലീവാ, പള്ളിമണി, തിരി, വിളക്കു കാലുകൾ, തിരുവസ്ത്രങ്ങൾ എന്നിവയുമായി പാലാ സർവീസ് ടീം പാലാ മിഷനിലെത്തി. ഏപ്രിൽ 27 മുതൽ മെയ് 4 വരെ സന്ദർശനം നടത്തിയ ടീമംഗങ്ങൾ സുവിശേഷവൽക്കരണ പ്രവർത്തനങ്ങൾ വിലയിരുത്തുകയും എല്ലാ വിധ പ്രാർത്ഥനാസഹായങ്ങളും വാഗ്ദാനം ചെയ്യുകയും ചെയ്തു. ശ്രീ സണ്ണി പള്ളി വാതിൽക്കലിന്റെ നേതൃത്വത്തിലെത്തിയ സംഘം എല്ലാ മിഷൻ കേന്ദ്രങ്ങൾക്കും മിഷനറിമാർക്കും വേണ്ടി പ്രാർത്ഥനാ ശുശ്രൂഷകൾ നടത്തുകയും ചെയ്തു. ഡയറക്ടർ ഫാ. വിൻസന്റ് മൂങ്ങാമാക്കലിനും ടീമിനും പാലാ മിഷന്റെ നന്ദിയും സ്നേഹവും.

**ഫാ. ജോർജ് കാരാംവേലിൽ** (കോർഡിനേറ്റർ)

## പാലാ മിഷൻ – ഗുജറാത്ത്

**1. ശ്രീലങ്ക – അനുശോചന പ്രാർത്ഥനയും മെഴുകുതിരി പ്രദക്ഷിണവും സംഘടിപ്പിച്ചു.**

ശ്രീലങ്കയിൽ തീവ്രവാദികളുടെ ക്രൂരമർദ്ദനത്തിന് ഇരയായ സഹോദരങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ഗുജറാത്തിലെ സീറോ മലബാർ സഭയും അഹമ്മദാബാദ് ലാറ്റിൻ സഭയും സംയുക്തമായി ചേർന്ന് ഗുജറാത്ത് യൂണിവേഴ്സിറ്റി മുഴുവൻ സെന്റ് സേവ്യേഴ്സ് കോളേജുവരെ ശ്രീലങ്കയുടെ സമാധാനം ആവശ്യപ്പെട്ട് മെഴുകുതിരി പ്രദക്ഷിണവും തുടർന്ന് സെന്റ് സേവ്യേഴ്സ് കോളേജു പള്ളിയിൽ സമ്മേളനവും ആരാധനയും നടത്തി. അഹമ്മദാബാദ് ലാറ്റിൻ രൂപതാ മെത്രാൻ എച്ച്.ഇ. അത്തനാസിയൂസ് രത്നസ്വാമി സമാധിയൻ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**2. യാത്രയയപ്പു നൽകി**

മാഹി നഗർ സീറോ മലബാർ ദൈവാലയത്തിൽ കഴിഞ്ഞ മൂന്നു കൊല്ല ത്തോളം ശുശ്രൂഷിക്കുകയും സീറോ മലബാർ വിശ്വാസികൾക്കുവേണ്ടി പുതിയ പള്ളി പണികഴിപ്പിക്കുകയും ചെയ്ത് രാജ്കോട് സി.എം.ഐ. പ്രൊവിൻഷ്യൽ ഹൗസിൽ പ്രീഫെക്ട് ആയി സ്ഥലം മാറി പോകുന്ന ബഹു. ജോസ് പാട്ടത്തിൽ സി.എം.ഐ. അച്ചന് പുതിയ സെന്റ് ചാവറ കുര്യാക്കോസ് ഏലിയാസ് ചർച്ച് യശോധ നഗർ, മണി നഗർ എന്നി ദൈവാലയങ്ങളിൽവച്ച് ബഹുമാനപ്പെട്ട വികാരി ജനറാൾ മോൺ. ജോസഫ് കൊല്ലംപറമ്പിൽ അച്ചന്റെ നേതൃത്വത്തിൽ മനോഹ രമായ ഒരു യാത്രയയപ്പ് നൽകുകയും നാളിതുവരെ അച്ചൻ ചെയ്ത എല്ലാ ശുശ്രൂ ഷകളെയും നന്ദിയോടെ അനുസ്മരിക്കുകയും ചെയ്തു.

**3. ഷംഷാബാദ് നാഷണൽ യൂത്ത്മീറ്റ്**

ഷംഷാബാദ് രൂപതാ ഹൈദ്രാബാദിൽ നടത്തിയ നാഷണൽ യൂത്ത് മീറ്റിൽ ഗുജറാത്ത് സോണിൽ നിന്ന് യുവതി യുവാക്കന്മാർ സോണൽ ഡയറ ക്ടർ ബഹു. ജേക്കബ് വെള്ളമരുതുങ്കൽ അച്ചന്റെ നേതൃത്വത്തിൽ പങ്കെടുക്കു കയും അനുഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു. ബഹു. ജേക്കബ് വെള്ളമരു തുങ്കൽ ഒരു സെക്ഷൻ നയിക്കുകയും ചെയ്തു.

**4. കൊച്ചച്ചൻ ചാർജ്ജെടുത്തു.**

സെന്റ് ചാവറ കുര്യാക്കോസ് ഏലിയാസ് ചർച്ച് യശോദനഗർ - മാഹി നഗറിലെ പുതിയ കൊച്ചച്ചനായി ബഹു. മൈക്കിൾ തോട്ടുങ്കലച്ചൻ ചാർജ്ജെടു ത്തു.

**ബഹു. ജോസഫ് കൊല്ലംപറമ്പിലച്ചൻ** (വികാരി ജനറാൾ)

# മിഷൻലീഗ് വാർത്തകൾ

**1. മാനേജിംഗ് കമ്മറ്റിയും തിരഞ്ഞെടുപ്പും**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപത മാനേജിംഗ് കമ്മിറ്റിയും 2019-22 വർഷത്തേക്കുള്ള ഭാരവാഹികളുടെ തിരഞ്ഞെടുപ്പും ഏപ്രിൽ 27-ാം തീയതി ഭര ണങ്ങാനം മാതൃഭവനിൽ വച്ചു നടന്നു. രൂപത പ്രസിഡന്റ് ശ്രീ. തോമസ് അടുപ്പു കല്ലുങ്കൽ അദ്ധ്യക്ഷത വഹിച്ച മാനേജിംഗ് കമ്മിറ്റിയിൽ ഡയറക്ടർ റവ.ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ ആമുഖ സന്ദേശം നൽകി. സെക്രട്ടറി ശ്രീ. ജോബി ആലയ്ക്കപ്പറമ്പിൽ റിപ്പോർട്ട് അവതരിപ്പിച്ചു. ഓർഗനൈസർ ശ്രീ. മനു ചെറുകാ ട്ടിൽ സ്വാഗതവും ദേശീയ സമിതി അംഗം ശ്രീ. ബെന്നി മുത്തനാട്ട് കൃതജ്ഞ തയും പറഞ്ഞു. തുടർന്നു നടന്ന തിരഞ്ഞെടുപ്പിന് സംസ്ഥാന പ്രസിഡന്റ് ശ്രീ. ബിനു മാങ്കൂട്ടം നേതൃത്വം നൽകി. ദേശീയ പ്രസിഡന്റ്, ശ്രീ. ബിനോയി പള്ളിപ്പ റമ്പിൽ പുതിയ ഭാരവാഹികൾക്ക് ആശംസകളർപ്പിച്ചു സംസാരിച്ചു.

**2. പുതിയ ഭാരവാഹികൾ**

| | |
|---|---|
| ഡയറക്ടർ | - റവ.ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ |
| വൈസ് ഡയറക്ടർ | - സി. ദിവ്യ ജോസ് ഡി.എസ്.റ്റി. |
| പ്രസിഡന്റ് | - ജസ്റ്റിൻ തോമസ് വയലിൽ |

വൈസ് പ്രസിഡന്റ് - ഐബി തോമസ് പാലത്തിങ്കൽച്ചാലിൽ
സെക്രട്ടറി - മനു ജോർജ് ചെറുകാട്ടിൽ
ജോ. സെക്രട്ടറി - റ്റീന സഖറിയാസ് വെച്ചൂർ
ജനറൽ ഓർഗനൈസർ - ജോബി അലക്സ് ആലയ്ക്കാപ്പറമ്പിൽ
*റീജി. ഓർഗനൈസേഴ്സ് -*
അരുവിത്തുറ - ജോബിൻ റ്റി. ജോണി തട്ടാംപറമ്പിൽ
പാലാ - ഫ്രാൻസീസ് ജോൺ മടുക്കോലിയ്ക്കൽ
കുറവിലങ്ങാട് - റിജു കെ. തോമസ് കൊട്ടാരംപറമ്പിൽ
രാമപുരം - ആകാശ് മാനുവൽ റ്റോമി, തെങ്ങുംപള്ളിൽ
മുട്ടുചിറ - വർഗീസ് വി.സി. വേഴപ്പറമ്പിൽ
തുടങ്ങനാട് - സിജു ജോസ് കട്ടക്കയം

*സംസ്ഥാനപ്രതിനിധികൾ*
തോമസ് സെബാസ്റ്റ്യൻ അടുപ്പുകല്ലുങ്കൽ
റോയി തോമസ് മലയിൽ
സിറിൽ തോമസ് തൊമ്മമ്പമറ്റത്തിൽ
ലിന്റു ടോമി ചാത്തനാട്ട്

*ഓഡിറ്റേഴ്സ്*
വിൻസെന്റ് മാത്യൂസ് അരീക്കാട്ട്
ജോമിൻ ജോണി വലിയകാപ്പിൽ
അരുൺ ജി. പുളിക്കാട്ട്

**3. റീജിയണുകൾ**

ചെറുപുഷ്പ മിഷൻലീഗിന്റെ പരിഷ്കരിച്ച പുതിയ നിയമാവലിയനുസരിച്ച് റീജിയണുകൾ പുനഃക്രമീകരിച്ചിരിക്കുന്നു. പുതിയ റീജിയണുകളും ഉൾപ്പെടുന്ന മേഖലകളും ഇപ്രകാരമാണ്.

അരുവിത്തുറ - അരുവിത്തുറ, പൂഞ്ഞാർ, തീക്കോയി, കൂട്ടിയ്ക്കൽ
പാലാ - പാലാ, ചേർപ്പുങ്കൽ, ഭരണങ്ങാനം
രാമപുരം - രാമപുരം, പ്രവിത്താനം, കടനാട്
കുറവിലങ്ങാട് - കുറവിലങ്ങാട്, ഇലഞ്ഞി
മുട്ടുചിറ - മുട്ടുചിറ, കടുത്തുരുത്തി, കോതനല്ലൂർ
തുടങ്ങനാട് - തുടങ്ങനാട്, മൂലമറ്റം

**4. എക്സിക്യൂട്ടീവ്**

സംഘടനയുടെ രൂപതാ എക്സിക്യൂട്ടീവ് യോഗം 2019 മെയ് 5-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് ഷാലോം പാസ്റ്ററൽ സെന്ററിൽ നടന്നു. ഡയറക്ടർ റവ.ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ പുതിയ ഭാരവാഹികൾക്ക് സത്യവാചകം ചൊല്ലിക്കൊടുത്തു. പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ വയലിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പുതിയ കർമപരിപാടികൾക്ക് രൂപം നൽകി. സംസ്ഥാന ഡയറക്ടർ റവ.ഫാ. ജോബി പൂച്ചക്കണ്ടത്തിൽ, സംസ്ഥാന ഓർഗനൈസർ ശ്രീ. ഫ്രാൻസീസ് കൊല്ലറേട്ട് എന്നിവർ യോഗത്തിൽ സന്നിഹിതരായിരുന്നു.

**5. സംസ്ഥാന ക്യാമ്പും മാനേജിംഗ് കമ്മിറ്റിയും**

ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന ക്യാമ്പും മാനേജിംഗ് കമ്മിറ്റിയും ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടന്നു. മെയ് 10,11,12 തീയതികളിലായി നടന്ന ക്യാമ്പിൽ വിവിധ രൂപതകളിലെ ഭാരവാഹികൾ സംബന്ധിച്ചു. മെയ് 12-ാം തീയതി നടന്ന മാനേജിംഗ് കമ്മറ്റിയിൽ പാലാ രൂപതയിൽനിന്നും ഐബി തോമസ് പാലത്തിങ്കൽചാലിൽ സംസ്ഥാന വൈസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു.

**6. വചനഭേരി മെഗാക്വിസ്**

ചെറുപുഷ്പ മിഷൻലീസ് സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ മെയ് 12-ാം തീയതി ഭരണങ്ങാനം മാതൃഭവനിൽ വച്ച് വചനഭേരി മെഗാക്വിസ് മത്സരം നടത്തി. സംസ്ഥാനതല മത്സരത്തിൽ സീനിയർ വിഭാഗത്തിൽ ദിയ ജോസഫ് തുണ്ടത്തിൽ, അമലു അഗസ്റ്റിൻ എരിമറ്റത്തിൽ (രാമപുരം) എന്നിവരുടെ ടീം ഒന്നാം സ്ഥാനവും മെറിൻ റെജി ഇടത്തടത്തിൽ (മണ്ണയ്ക്കനാട്), റെനിറ്റ ബെന്നി കുഴിയാനിത്തറ (മണ്ണാറപ്പാറ) എന്നിവരുടെ ടീം 3-ാം സ്ഥാനവും നേടി. ജൂണിയർ വിഭാഗത്തിൽ റിയോൺ പോൾ പുളിയ്ക്കൽ, അഗസ്റ്റസ് ബിനോയി പള്ളിപ്പറമ്പിൽ (രാമപുരം) എന്നിവരുടെ ടീം നാലാം സ്ഥാനം നേടി. വിജയികൾക്ക് പാലാ രൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് സമ്മാനങ്ങളും ക്യാഷ് അവാർഡുകളും വിതരണം ചെയ്തു.

**7. കോട്ടയം റീജിയണൽ സംഗമം**

ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന സമിതിയുടെ കോട്ടയം റീജിയണൽ സംഗമം മെയ് 16-ാം തീയതി കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ചു നടന്നു. പ്രസ്തുത സംഗമത്തിലും ക്ലാസിലും രൂപതാ ഭാരവാഹികൾ സംബന്ധിച്ചു.

**8. വൈസ് ഡയറക്ടേഴ്സ് സമ്മേളനം**

പാലാ രൂപത ചെറുപുഷ്പ മിഷൻലീഗ് ശാഖാ, മേഖലാ വൈസ് ഡയറക്ടേഴ്സ് സമ്മേളനം 2019 ജൂൺ 8-ാം തീയതി ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടക്കും. രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1 മണി വരെയാണ് സമ്മേളനം. പ്രസ്തുത സമ്മേളനത്തിൽ എല്ലാ ശാഖാ, മേഖലാ വൈസ് ഡയറക്ടേഴ്സും സംബന്ധിക്കേണ്ടതാണ്.

**9. പ്രവർത്തനോദ്ഘാടനം**

സംഘടനയുടെ 2019-20 വർഷത്തെ രൂപതാതല പ്രവർത്തനോദ്ഘാടനവും സമ്മേളനവും 2019 ജൂൺ 16-ാം തീയതി മണ്ണയ്ക്കനാട് ശാഖയിൽ വച്ച് നടക്കുന്നു.

**10. മേഖലാ വാർത്തകൾ**

**ഭരണങ്ങാനം മേഖല - നവപ്രേഷിതസംഗമം**

ഭരണങ്ങാനം മേഖലയിലെ പള്ളികളിൽനിന്നും ഈ വർഷം ആദ്യ കുർബാന സ്വീകരിച്ച കുട്ടികളുടെ സംഗമം മെയ് 12-ാം തീയതി നടത്തി. രാവിലെ

9.30 ന് രൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ വി. കുർബാന അർപ്പിച്ചു സന്ദേശം നൽകി. തുടർന്നു നടന്ന സമ്മേളനത്തിൽ ശ്രീ. ബെന്നി മുത്തനാട്ട് ക്ലാസെടുത്തു. സ്നേഹവിരുന്നിനുശേഷം ഫാ. ജോസ് അഞ്ചാനിക്കലിന്റെ നേതൃത്വത്തിൽ വചനോത്സവം നടത്തി. ഫാ. മാത്യു കുരിശുംമൂട്ടിൽ, സി. കരോളിൽ എഫ്.സി.സി., മേഖല പ്രസിഡന്റ് സ്നോബിൻ കൂട്ടുങ്കൽ, സെക്രട്ടറി മാനുവൽ പാലമറ്റം, റ്റീന സഖറിയാസ്, സുസ്മി പടന്നമാക്കൽ, തോമസ് അടുപ്പുകല്ലുങ്കൽ, സോബിച്ചൻ ചൊവ്വാറ്റുകുന്നേൽ, മാത്യു പുല്ലാട്ട് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**പ്രവിത്താനം മേഖല :** മേഖലയുടെ ആഭിമുഖ്യത്തിൽ ഈ വർഷം ആദ്യ കുർബാന സ്വീകരിച്ച കുട്ടികളുടെ സംഗമം മെയ് 12-ാം തീയതി ഉച്ചകഴിഞ്ഞ് 2.30-ന് പ്രവിത്താനം സെന്റ് അഗസ്റ്റിൻസ് ഫൊറോന ദൈവാലയത്തിൽ വച്ചു നടന്നു. മേഖലാ ഡയറക്ടർ ഫാ. തോമസ് പട്ടേരി കുട്ടികളുടെ അംഗത്വ സ്വീകരണം നടത്തി. ഫാ. ആൽബർട്ട് വി.സി. സെമിനാർ നയിച്ചു. 4.30 ന് രൂപത ഫാമിലി അപ്പസ്തോലേറ്റ് ഡയറക്ടർ റവ.ഫാ. അബ്രാഹം പാലയ്ക്കാത്തടത്തിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. സ്നേഹവിരുന്നോടെ സംഗമം സമാപിച്ചു.

**കോതനല്ലൂർ മേഖല :** മേഖലയുടെ ആഭിമുഖ്യത്തിൽ ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ സംഗമം കോതനല്ലൂർ ഫൊറോന ദൈവാലയത്തിൽ വച്ച് മെയ് 12-ാം തീയതി നടന്നു. ഫൊറോന വികാരി റവ.ഫാ. സെബാസ്റ്റ്യൻ തോണിക്കുഴിയിൽ കുട്ടികൾക്കു ക്ലാസെടുത്തു. മേഖലാ ഡയറക്ടർ ഫാ. മാത്യു കോലത്ത് സംഗമം ഉദ്ഘാടനം ചെയ്തു. 160 ലേറെ കുട്ടികൾ സംഗമത്തിൽ പങ്കെടുത്തു.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

**സ്റ്റുഡന്റ്സ് എക്സിക്യൂട്ടീവ്**

എച്ച്. എസ്. എസ്, എച്ച്. എസ് ക്യാമ്പിന് മുന്നോടിയായി ഡയറക്ടർ ഫാ. കുര്യൻ തടത്തിലിന്റെ നേതൃത്വത്തിൽ ഷാലോം പാസ്റ്ററൽ സെന്ററിൽ സ്റ്റുഡന്റ്സ് എക്സിക്യൂട്ടീവ് കൂടി. രൂപത ചെയർമാൻ ആൽബിൻ ജിജോ, സ്റ്റേറ്റ് ചെയർപേഴ്സൺ മരിയ ഷാജി തുടങ്ങിയവർ ചർച്ചകൾക്കും ആലോചനകൾക്കും നേതൃത്വം നൽകി.

**നേതൃത്വപരിശീലന - വ്യക്തിത്വവികസനക്യാമ്പ് - വൈബ്രന്റ് 2k19**

മെയ് 8 മുതൽ 10 വരെ പാലാ ചെത്തിമറ്റം ക്രിസ്തുജ്യോതി ധ്യാനകേന്ദ്രത്തിൽ എച്ച്. എസ്. എസ്, എച്ച്. എസ് വിഭാഗങ്ങൾക്കായുള്ള ക്യാമ്പ് നടന്നു. പാലാ രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ ക്യാമ്പ് ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. കോർപ്പറേറ്റ് സെക്രട്ടറി റവ. ഫാ. ബെർക്കുമാൻസ് കുന്നുംപുറം മുഖ്യപ്രഭാഷണം നൽകി. ക്യാമ്പിൽ എൺപതോളം കുട്ടികൾ പങ്കെടുത്തു. ഫാ. കുര്യൻ തടത്തിൽ, അലക്സ് കാവുകാട്ട്, മാത്യു

എം. കുര്യാക്കോസ്, ജോബി സിറിയക്, സി. ബെന്നറ്റ് എഫ്.സി.സി, അരുൺ റ്റി. എസ് തുടങ്ങിയവർ ക്ലാസ്സുകൾ നയിച്ചു. കെ.സി.എസ്. എൽ ഫോർമർ മെമ്പേഴ്സ് ഫോറം അംഗങ്ങളും, ബ്രദേഴ്സും, ടീച്ചേഴ്സ് എക്സിക്യൂട്ടീവ് അംഗങ്ങളും ക്യാമ്പിന് നേതൃത്വം നൽകി. കെ. സി. എസ്. എൽ കുട്ടികൾ അവതരിപ്പിച്ച ഫ്ളാഷ് മോബ് ക്യാമ്പിന് മോടി കൂട്ടി.

**ആദരാഞ്ജലി അർപ്പിച്ചു**

കെ. സി. എസ്. എൽ മുൻ ഡയറക്ടർ ബഹു. ജോർജ് പൂവക്കുളം അച്ചന്റെ മാതാവിന്റെ ദേഹവിയോഗത്തിൽ അനുശോചനം അർപ്പിക്കാനും പ്രാർത്ഥിക്കാനും രൂപത എക്സിക്യൂട്ടീവ് സമിതി കൊഴുവനാലുള്ള ഭവനം സന്ദർശിച്ചു. ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ, രൂപത പ്രസിഡന്റ് സാലി കെ. ജെ, സ്റ്റേറ്റ് വൈസ് പ്രസിഡന്റ് ആഷ്‌ലി ടെസ്സ് ജോൺ, രൂപത വൈസ് പ്രസിഡന്റ് പ്രിറ്റി അഗസ്റ്റിൻ, റീജന്റ് ബ്രദർ നെവിൻ നങ്ങാപറമ്പിൽ തുടങ്ങിയവർ പങ്കെടുത്തു. ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.

**സ്റ്റേറ്റ് എക്സിക്യൂട്ടീവ് - പാലാ ബിഷപ്സ് ഹൗസിൽ**

മെയ് 19 ഞായറാഴ്ച സ്റ്റേറ്റ് എക്സിക്യൂട്ടീവ് മീറ്റിംഗ് സ്റ്റേറ്റ് ഡയറക്ടർ ഫാ. കുര്യൻ തടത്തിലിന്റെ അദ്ധ്യക്ഷതയിൽ പാലാ ബിഷപ്സ് ഹൗസിൽ കൂടി. മീറ്റിങ്ങിൽ സ്റ്റേറ്റ് പ്രസിഡന്റ് മാത്തുക്കുട്ടി കൂത്തനാപ്പള്ളിൽ (ഇടുക്കി), ജനറൽ ഓർഗനൈസർ സിറിയക് നരിതൂക്കിൽ(കാഞ്ഞിരപ്പള്ളി), ട്രഷറർ മനോജ് ചാക്കോ (ചങ്ങനാശ്ശേരി), ഷാജു തോമസ് (തൃശ്ശൂർ), മിനി സാബു (മാവേലിക്കര), ആഷ്‌ലി ടെസ് ജോൺ (പാലാ), എൽസി ആന്റണി (എറണാകുളം) എന്നിവർ പങ്കെടുത്തു.

**പ്രതിഭാസംഗമം**

കെ. സി. എസ്. എൽ പ്രതിഭകളുടെ സംഗമം മേയ് 5, 6, 7 തീയതികളിൽ ഷാലോം പാസ്റ്ററൽ സെന്ററിൽ ചേർന്നു. ക്യാമ്പിനു പ്രാരംഭമായി അവതരിപ്പിച്ച ഫ്ളാഷ് മോബ് പരിശീലനം കുട്ടികൾ നടത്തുകയുണ്ടായി.

**ഫുൾ എ പ്ലസ് കിട്ടിയവർക്ക് ആദരം**

എസ്. എസ്. എൽ. സി, പ്ലസ് ടു പരീക്ഷകളിൽ ഫുൾ എ പ്ലസ് നേടിയ കെ. സി. എസ്. എൽ പ്രതിഭകൾക്ക് ക്യാമ്പിന്റെ അവസരത്തിൽ പ്രത്യേക ആദരവും സമ്മാനങ്ങളും നല്കി.

**മരിയ ഷാജി - സംസ്ഥാന ചെയർപേഴ്സൺ**

ഏപ്രിൽ 24 മുതൽ 27 വരെ മാവേലിക്കരയിൽ നടന്ന സംസ്ഥാന ക്യാമ്പിൽ പുതിയ ചെയർപേഴ്സണായി രാമപുരം സേക്രഡ് ഹാർട്ട് ഹൈസ്കൂൾ വിദ്യാർത്ഥിയായ മരിയ ഷാജി തിരഞ്ഞെടുക്കപ്പെട്ടു.

**മരിയ ഷാജിക്ക് അനുമോദനം**

ഏപ്രിൽ 27 മുതൽ 29 വരെ ക്രിസ്തുജ്യോതി ധ്യാനകേന്ദ്രത്തിൽ നടന്ന നേതൃത്വ പരിശീലന - വ്യക്തിത്വവികസന ക്യാമ്പ് പുതിയ സംസ്ഥാന ചെയർപേഴ്സൺ മരിയ ഷാജി ഉദ്ഘാടനം ചെയ്തു. ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ മരിയയ്ക്ക് അനുമോദനങ്ങൾ അർപ്പിക്കുകയും ആശംസകൾ നേരുകയും ചെയ്തു.

**കളരി – ബെസ്റ്റ് ഹൗസ് മാഗസിൻ**

കളരി മാസികയ്ക്ക് സംസ്ഥാനതലത്തിൽ അംഗീകാരം. ഈ വർഷത്തെ ബെസ്റ്റ് ഹൗസ് മാഗസിനായി പാലാ രൂപതയിലെ കെ. സി. എസ്. എൽ പ്രസിദ്ധീകരണമായ കളരി തിരഞ്ഞെടുക്കപ്പെട്ടു.

**ഫാ. കുര്യൻ തടത്തിൽ** (ഡയറക്ടർ)

# എസ്.എം.വൈ.എം.

**1. സൗജന്യ തൊഴിൽമേള**

മെയ് 4 ശനിയാഴ്ച പാലാ രൂപതാ SMYM ന്റെ നേതൃത്വത്തിൽ പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് സൗജന്യ തൊഴിൽമേള സംഘടിപ്പിച്ചു. പാലാ രൂപതയിലെ വിവിധ കോളേജുകളുടെ സഹകരണത്തോടെ നടത്തിയ തൊഴിൽമേളയിൽ 70 ഓളം പ്രമുഖ കമ്പനികൾ പങ്കെടുത്തു. രജിസ്ട്രേഷൻ 2000 കവിഞ്ഞു. പാലാ രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ തൊഴിൽമേള ഉദ്ഘാടനം ചെയ്തു. തുടർതൊഴിൽസാധ്യതകൾ പ്രദാനം ചെയ്യുന്ന എംപ്ലോയബിലിറ്റി ഹബ്ബിന്റെ ഉദ്ഘാടനവും അഭിവന്ദ്യ പിതാവ് നിർവ്വഹിച്ചു. ഗ്രാമപ്രദേശങ്ങളിലുള്ള യുവാക്കൾക്കും തൊഴിലവസരങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പാലാ രൂപതയുടെ യുവജന പ്രസ്ഥാനം ആദ്യമായി പാലായിൽ തൊഴിൽമേള സംഘടിപ്പിച്ചത്.

SMYM രൂപതാ ഡയറക്ടർ ഫാ.സിറിൽ തയ്യിൽ, ജോയിന്റ് ഡയറക്ടർ സി. ഷൈനി ഡി.എസ്.ടി. പ്രസിഡന്റ് സെബാസ്റ്റ്യൻ തോട്ടത്തിൽ, ജനറൽ സെക്രട്ടറി ദേവസ്യാച്ചൻ പുളിക്കൽ, വൈസ് പ്രസിഡന്റ് റീതു ജോർജ്ജ്, എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## 2. '19 for Jesus

a) SMYM പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ '19 for Jesus ന്റെ ഒന്നാം ഘട്ടം മെയ് 1-ന് ബുധനാഴ്ച പാലാ സെന്റ് തോമസ് കത്തീഡ്രലിൽ വച്ച് നടന്നു. യുവതീയുവാക്കന്മാരുടെ ഈ സംഗമത്തിൽ വെരി. റവ. ഫാ. ബർക്കുമാൻസ് കുന്നുംപുറം വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി. പാലാ,ഭരണങ്ങാനം, ചേർപ്പുങ്കൽ, കടനാട്, പ്രവിത്താനം, രാമപുരം എന്നീ ഫൊറോനകളിലെ 2019, 2018, 2017 വർഷങ്ങളിൽ പന്ത്രണ്ടാംക്ലാസ്സ് പൂർത്തിയാക്കിയ യുവതീയുവാക്കന്മാരാണ് ഒന്നാം ഘട്ടത്തിൽ പങ്കെടുത്തത്. മോൺ. ജോസഫ് മലേപ്പറമ്പിൽ സമ്മേളനത്തിലും ശ്രീലങ്കൻ രക്തസാക്ഷികൾക്കായുള്ള പ്രാർത്ഥനാറാലിക്കും നേതൃത്വം നൽകി.

റവ. ഫാ. ജോസഫ് കടുപ്പിൽ, റവ. ഫാ. ടോം ഉഴുന്നാലിൽ, എസ്.എം. വൈ.എം. രൂപതാ ഡയറക്ടർ ഫാ. സിറിൽ തയ്യിൽ എന്നിവർ യുവജനങ്ങൾക്ക്

സന്ദേശം നൽകി. സമ്മേളനത്തിൽ പന്ത്രണ്ടാം ക്ലാസ് അധ്യാപകരെയും സൺഡേ സ്കൂൾ ഹെഡ്മാസ്റ്ററെയും മേഖല ഭാരവാഹികളെയും ആദരിച്ചു.

b) രണ്ടാം ഘട്ടം മെയ് 10ന് വെള്ളിയാഴ്ച കുറവിലങ്ങാട് മർത്ത് മറിയം മേജർ ആർക്കി എപ്പിസ്കോപ്പൽ അർക്കദിയാക്കോൻ ഫൊറോന പള്ളിയിൽ വച്ച് നടത്തപ്പെട്ടു. യുവതീയുവാക്കന്മാരുടെ ഈ സംഗമത്തിൽ മോൺ. ജോസഫ് മലേപ്പറമ്പിൽ വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി. കുറവിലങ്ങാട്, ഇലഞ്ഞി, കടുത്തുരുത്തി, കോതനല്ലൂർ, മുട്ടുചിറ എന്നി ഫൊറോനകളിലെ 2019, 2018, 2017 വർഷങ്ങളിൽ പന്ത്രണ്ടാംക്ലാസ്സ് പൂർത്തിയാക്കിയ യുവതീയുവാക്കളാണ് രണ്ടാം ഘട്ടത്തിൽ പങ്കെടുത്തത്. വിശുദ്ധ കുർബാനയ്ക്കുശേഷമുള്ള റാലിക്ക് ആർച്ച് പ്രീസ്റ്റ് വെരി. റവ.ഫാ. ജോസഫ് തടത്തിൽ നേതൃത്വം നൽകി. വെരി റവ. ഫാ. ജോസഫ് മലേപ്പറമ്പിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. പ്രസ്തുത യോഗത്തിൽ യുവജനങ്ങൾക്കായി വിവിധ ക്ലാസ്സുകളും നടത്തപ്പെട്ടു. പന്ത്രണ്ടാം ക്ലാസ്സ് മതാദ്ധ്യാപകരേയും, ഹെഡ്മാസ്റ്റർമാരെയും പ്ലസ്ടു പരീക്ഷയിൽ ഫുൾ എ പ്ലസ് കിട്ടിയ കുട്ടികളെയും ആദരിച്ചു. പ്രൊഫ. തങ്കച്ചൻ, ലിസി ഫെർണാണ്ടസ് എന്നിവർ ക്ലാസുകൾ നയിച്ചു. കുറവിലങ്ങാട് മേഖലാ ഡയറക്ടർ റവ.ഫാ. ജോർജ് നെല്ലിക്കൽ നേതൃത്വം നൽകി.

c) മൂന്നാംഘട്ടം മെയ് 17 ന് വെള്ളിയാഴ്ച മുട്ടം ടൗൺ കപ്പേളയിൽവച്ച് നടത്തപ്പെട്ടു. തുടങ്ങനാട് മേഖലാ ഡയറക്ടർ റവ. ഫാ. ഫ്രാൻസിസ് മാട്ടേൽ വിശുദ്ധ കുർബാന അർപ്പിച്ചു. മൂലമറ്റം, തുടങ്ങനാട് എന്നീ ഫൊറോനകളിലെ 2019, 2018, 2017 വർഷങ്ങളിൽ പന്ത്രണ്ടാം ക്ലാസ്സ് പൂർത്തിയാക്കിയ യുവതീയുവാക്കന്മാരാണ് മൂന്നാം ഘട്ടത്തിൽ പങ്കെടുത്തത്. മോൺ. ജോസഫ് കുഴിഞ്ഞാലിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. തുടങ്ങനാട് സെന്റ് തോമസ് ഫൊറോനാ പള്ളി വികാരി വെരി റവ. ഫാ. തോമസ് പുല്ലാട്ട്, മൂലമറ്റം മേഖലാ ഡയറക്ടർ റവ. ഫാ. ജോസഫ് കുറുപ്പശ്ശേരി എന്നിവർ യുവജനങ്ങൾക്കു നേതൃത്വം നൽകി. റവ.ഫാ. ജോസഫ് കടുപ്പിൽ ക്ലാസ് നയിച്ചു. സമ്മേളനത്തിൽ പന്ത്രണ്ടാം ക്ലാസ് മതാദ്ധ്യാപകരെയും സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർമാരെയും മേഖലാ ഭാരവാഹികളെയും പ്ലസ്ടുവിന് ഫുൾ എ പ്ലസ് നേടിയവരെയും ആദരിച്ചു.

d) മെയ് 28-ാം തീയതി അരുവിത്തുറ സെന്റ് ജോർജ്ജ് ഫൊറോനാ പള്ളിയിൽ വച്ച് അരുവിത്തുറ, കൂട്ടിക്കൽ, പൂഞ്ഞാർ, തീക്കോയി എന്നീ ഫൊറോനകളിലെ കുട്ടികളുടെ സംഗമം നടത്തപ്പെട്ടു. പാലാ രൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. അരുവിത്തുറ ഫൊറോന പള്ളി വികാരി വെരി റവ.ഫാ. അഗസ്റ്റ്യൻ പാലയ്ക്കാപറമ്പിൽ അരുവിത്തുറ മേഖല ഡയറക്ടർ റവ.ഫാ. ജോസഫ് അമ്പാട്ടുപടവിൽ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**3. പ്രവർത്തനവർഷ ഉദ്ഘാടനം**

a) മേരിലാന്റ് ഇടവകയിൽ മെയ് 5 ഞായറാഴ്ച പ്രവർത്തനവർഷ ഉദ്ഘാടനം നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ ഫാ. സിറിൽ തയ്യിൽ ഉദ്ഘാടനം നിർവ്വഹിച്ച

യോഗത്തിൽ മേരിലാന്റ് പള്ളി വികാരി റവ. ഫാ. ജോസഫ് കുമ്മിണിയിൽ അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ശ്രീ. ദേവസ്യാച്ചൻ പുളിക്കൽ, മുൻ SMYM പ്രസിഡന്റ് ശ്രീ. ബിജു കദളിയിൽ എന്നിവർ ആശംസകൾ നേർന്നു.

b) May 26 ഞായറാഴ്ച പൂവരണി തിരുഹൃദയ ദൈവാലയത്തിൽ വച്ച് SMYM രൂപതാ ഡയറക്ടർ ഫാ. സിറിൽ തയ്യിലിന്റ നേതൃത്വത്തിൽ പാലാ മേഖലാ പ്രവർത്തന ഉദ്ഘാടനം നടത്തപ്പെട്ടു. പാലാ മേഖലാ ഡയറക്ടർ റവ.ഫാ. മാത്യു തുരുത്തിപ്പള്ളി, യൂണിറ്റ് ഡയറക്ടർ റവ.ഫാ. തോമസ് കുമ്പുക്കൽ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**4. മദ്യവിരുദ്ധ സെമിനാർ**

മെയ് 14 ചൊവ്വാഴ്ച കോട്ടയം CSI ബിഷപ്പ്സ് ഹൗസിൽ സംയുക്ത ക്രൈസ്തവ സഭകളുടെ മദ്യവിരുദ്ധ സമിതി, മദ്യവർജനത്തിനായി നടത്തിയ ക്ലാസിൽ SMYM രൂപതാ വൈസ് പ്രസിഡന്റ് റീതു ജോർജ്ജ്, കൗൺസിലർ ജിനു ജോസ് എന്നിവർ പങ്കെടുത്തു.

**5.Youth Orientation Class**

a) May 18 ശനിയാഴ്ച കവീക്കുന്ന് യൂണിറ്റ് നടത്തിയ യൂത്ത് കൺവൻഷനിൽ SMYM രൂപതാ ഡയറക്ടർ ഫാ. സിറിൽ തയ്യിൽ Youth Orientation Class നടത്തി.

b) May 19 ഞായറാഴ്ച വിളക്കുമാടം ഇടവകയിൽ നടത്തപ്പെട്ട യുവജന സെമിനാറിൽ SMYM രൂപതാ ഡയറക്ടർ ഫാ. സിറിൽ തയ്യിൽ സന്ദേശം നൽകി.

c) May 19 ഞായറാഴ്ച തുരുത്തിപ്പള്ളി ഇടവക ദിനത്തോടനുബന്ധിച്ച് യുവജന സമ്മേളനം നടത്തി. കുറവിലങ്ങാട് മർത്ത് മറിയം മേജർ ആർക്കി എപ്പിസ്കോപ്പൽ അർക്കദിയാക്കോൻ ഫൊറോന പള്ളി വികാരി വെരി റവ. ഫാ. ജോസഫ് തടത്തിൽ ഉദ്ഘാടനം നിർവ്വഹിച്ച സമ്മേളനത്തിൽ SMYM രൂപതാ ഡയറക്ടർ ഫാ. സിറിൽ തയ്യിൽ ക്ലാസ് നയിച്ചു.

**6) ആലോചനാ യോഗം**

a) രണ്ടാംഘട്ടം '19 for Jesus ന്റെ കാര്യപരിപാടികൾ ചർച്ച ചെയ്യുന്നതിനായി മെയ് 5 ഞായറാഴ്ച കുറവിലങ്ങാട് മർത്ത്മറിയം മേജർ ആർക്കി എപ്പിസ്കോപ്പൽ അർക്കദിയാക്കോൻ ഫൊറോനാ പള്ളിയിൽ വച്ച് ഫൊറോനാ അസ്സി. വികാരി ഫാ. ജോർജ്ജ് നെല്ലിക്കലിന്റെ അദ്ധ്യക്ഷതയിൽ യോഗം കൂടി. SMYM രൂപതാ ഡയറക്ടർ ഫാ. സിറിൽ തയ്യിൽ, SMYM രൂപതാ ജനറൽ സെക്രട്ടറി ദേവസ്യാച്ചൻ പുളിക്കൽ, കുറവിലങ്ങാട്, ഇലഞ്ഞി, കടുത്തുരുത്തി, കോതനല്ലൂർ, മുട്ടുചിറ മേഖലകളിലെ ഭാരവാഹികൾ എന്നിവർ ചർച്ചയ്ക്ക് നേതൃത്വം നല്കി.

b) മൂന്നാംഘട്ടം '19 for Jesus ന്റെ കാര്യപരിപാടികൾ ചർച്ച ചെയ്യുന്നതിനായി മെയ് 11 ശനിയാഴ്ച മുട്ടത്ത് വച്ച് യോഗംകൂടി. SMYM രൂപതാ ഡയറക്ടർ ഫാ. സിറിൽ തയ്യിൽ ജനറൽ സെക്രട്ടറി ദേവസ്യാച്ചൻ പുളിക്കൽ, മൂലമറ്റം, തുടങ്ങനാട് മേഖലകളിലെ ഭാരവാഹികൾ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

C) നാലാംഘട്ടം ' 19 for Jesus ന്റെ കാര്യപരിപാടികൾ ചർച്ച ചെയ്യുന്നതിനായി മെയ് 16 വ്യാഴാഴ്ച അരുവിത്തുറ പള്ളിയിൽ വച്ച് ഫൊറോന വികാരി വെരി റവ.

ഫാ. അഗസ്റ്റിൻ പാലയ്ക്കപ്പറമ്പിലിന്റെ അദ്ധ്യക്ഷതയിൽ യോഗംകൂടി. SMYM രൂപതാ ഡയറക്ടർ ഫാ. സിറിൽ തയ്യിൽ, അരുവിത്തുറ മേഖലാ ഡയറക്ടർ റവ. ഫാ. ജോസഫ് അമ്പാട്ടുപടവിൽ, ഫാ. ജോർജ് പൈമ്പിള്ളിൽ, പൂഞ്ഞാർ ഫൊറോന ഡയറക്ടർ ഫാ. ഡെൻസൺ കുറ്റാരപ്പള്ളിൽ, SMYM രൂപതാ പ്രസിഡന്റ് സെബാസ്റ്റ്യൻ തോട്ടത്തിൽ, ജനറൽ സെക്രട്ടറി ദേവസ്യാച്ചൻ പുളിക്കൽ, അരുവിത്തുറ, പൂഞ്ഞാർ, തീക്കോയി, കൂട്ടിക്കൽ എന്നിവിടങ്ങളിലെ മേഖലാ ഭാരവാഹികൾ, അരുവിത്തുറ യൂണിറ്റ് ഭാരവാഹികൾ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

**7) KCYM State Inaguration**

മെയ് 12 ഞായറാഴ്ച, നവീകരിച്ച K.C.Y.M. സംസ്ഥാന കമ്മിറ്റി ഓഫീസ് KCYM കാഞ്ഞിരപ്പള്ളി രൂപതാ മുൻ ഡയറക്ടറും ഇപ്പോൾ സീറോമലബാർ സഭയുടെ കൂരിയാ ബിഷപ്പുമായ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പിതാവ് ഉദ്ഘാടനം ചെയ്ത് വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു. യോഗത്തിൽ SMYM പാലാ രൂപതയെ പ്രതിനിധീകരിച്ച് സെബാസ്റ്റ്യൻ തോട്ടത്തിൽ, ദേവസ്യാച്ചൻ പുളിക്കൽ, ജിനു ചക്രപുരയിടം, അഞ്ജു പൊന്നമ്പേൽ എന്നിവർ പങ്കെടുത്തു.

**8) Foot Ball Tournament**

മെയ് 15 ബുധനാഴ്ച കുറവിലങ്ങാട് നസ്രാണി സംഗമത്തോടനുബന്ധിച്ച് നടന്ന മേഖലാ ഫുട്ബോൾ ടൂർണ്ണമെന്റ് ഉദ്ഘാടനം കുറവിലങ്ങാട് മർത്ത് മറിയം മേജർ ആർക്കി എപ്പിസ്കോപ്പൽ അർക്കദിയാക്കോൻ ഫൊറാനാ പള്ളി വികാരി വെരി റവ.ഫാ. ജോസഫ് തടത്തിൽ നിർവ്വഹിച്ചു. പ്രസ്തുത ചടങ്ങിൽ SMYM പാലാ രൂപതയെ പ്രതിനിധീകരിച്ച് ജനറൽ സെക്രട്ടറി ദേവസ്യാച്ചൻ പുളിയ്ക്കൽ, രൂപതാ ഭാരവാഹിയായ സെബാസ്റ്റ്യൻ ജോയി എന്നിവർ പങ്കെടുത്തു.

## B) നടക്കാനിരിക്കുന്നവ

**1. രൂപതാ തലത്തിലുള്ള കായിക മത്സരങ്ങൾ**

യുവജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുക, നല്ല തലമുറയെ വളർത്തിയെടുക്കുക എന്നീ ലക്ഷ്യങ്ങളോടെ പാലാ രൂപതയിലെ യുവജനങ്ങൾക്കായി ഫൊറോനാ തലത്തിൽ ഫുട്ബോൾ, വോളീബോൾ, ബാഡ്മിന്റൺ ടൂർണമെന്റുകൾ നടത്തണം. 17 മേഖലകളിൽ നിന്നും ഒന്നാം സ്ഥാനം കരസ്ഥമാക്കുന്ന ടീമുകളെ ഒരുമിപ്പിച്ച് രൂപത തലത്തിൽ ഫൈനൽ പോരാട്ടം നടത്തുന്നതാണ്.

* മാർ സെബാസ്റ്റ്യൻ വയലിൽ മെമ്മോറിയൽ ഫുട്ബോൾ ടൂർണമെന്റ്
* നിധിരിക്കൽ മാണിക്കത്തനാൾ മെമ്മോറിയൽ വോളീബോൾ ടൂർണമെന്റ്
* പാറേമ്മാക്കൽ തോമ്മാ ഗോവർണദോർ ബാഡ്മിന്റൺ ഡബിൾസ് ടൂർണമെന്റ്

**2. മഹാത്മാഗാന്ധിയുടെ 150–ാം ജന്മദിനവാർഷികം**

മഹാത്മാഗാന്ധിയുടെ 150–ാം ജന്മദിനം ആഘോഷിക്കുന്ന വർഷമായതിനാൽ ജൂൺ മാസത്തിലെ പരിസ്ഥിതിദിനം പ്രമാണിച്ച് ഫൊറോന തലങ്ങളിൽ പരിസ്ഥിതി മാസമായി ആചരിക്കണം. പാലാ രൂപതയിലെ 17 ടൗണുകളെങ്കിലും ക്ലീൻ ചെയ്തും മറ്റു ക്രിയാത്മകപരിപാടികൾ സംഘടിപ്പിച്ചും 'മാലിന്യവിമുക്ത യുവത' എന്ന പേരിൽ പ്രോഗ്രാം ചെയ്യാവുന്നതാണ്.

**3. ജൂലൈ 14 അർദ്ധവാർഷിക സെനറ്റ്**

ജൂലൈ 14 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് 17 മേഖലകളുടെയും റിപ്പോർട്ട് അവതരിപ്പിക്കത്തക്കവിധത്തിൽ മേഖല ഭാരവാഹികൾ പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ കൂടണം. റിപ്പോർട്ട് ജൂൺ മാസത്തിൽ തയ്യാറാക്കുക.

**ഫാ. സിറിൽ തയ്യിൽ (ഡയറക്ടർ)**

# ജീസസ് യൂത്ത്

**1. ചൈൽഡ് സപ്പോർട്ട്**

സ്കൂളുകളിൽ പഠിക്കുന്ന നിർധനരായ വിദ്യാർത്ഥികൾക്ക് മാസം 500 രൂപ വച്ച് ജീസസ് യൂത്ത് സംഭാവന ചെയ്യുന്ന ശുശ്രൂഷയാണ് ചൈൽഡ് സപ്പോർട്ട് പദ്ധതി. അതിന്റെ പ്രയോജനം ലഭിച്ച വിദ്യാർത്ഥികളുടെയും അവരുടെ മാതാപിതാക്കളുടെയും ഏകദിനസെമിനാർ മെയ് 1-ന് പാലാ ഷാലോം ഓഡിറ്റോറിയത്തിൽ നടന്നു. ഇരുകൂട്ടർക്കുംവേണ്ടി വെവ്വേറെ ക്ലാസുകൾ എടുത്തു. ഫാ. കുര്യൻ മറ്റം, നിജോയി, ആശിസ്സ് കടനാട് എന്നിവർ ക്ലാസുകൾ നയിച്ചു.

**2. സാച്ചർദോസ് ധ്യാനം**

വൈദികരാകാൻ ആഗ്രഹിക്കുന്ന കുട്ടികൾക്കുവേണ്ടിയുള്ള ധ്യാനം ഭരണങ്ങാനം എസ്.എച്ച്. ഗേൾസ് സ്കൂളിൽ മെയ് 8 മുതൽ 9 വരെ നടന്നു. ബിഷപ്പ് മാർ ജേക്കബ് മുരിക്കൻ, മോൺ സെബാസ്റ്റ്യൻ വേത്താനത്ത്, ഫാ. സിറിൽ തയ്യിൽ എന്നിവർ വി. ബലിയർപ്പിച്ച് സന്ദേശം നൽകി. ഫാ. ജീമോൻ, ഫാ. ജയിംസ് മടിക്കാങ്കൽ, ഫാ. കുര്യൻ മറ്റം, ഫാ. എബി തകടിയേൽ, ഫാ. സിറിൽ തയ്യിൽ, ജോൺസൺ കണ്ടത്തിൽ, ജോസ്കുട്ടി ജേക്കബ്, ജോസ് മാത്യു, ഫാ. സോനു കണ്ണംകുളം എന്നിവർ ക്ലാസുകൾ നയിച്ചു. ഫാ. ജോസ് കടുപ്പിൽ മാതാപിതാക്കൾക്കുവേണ്ടി ക്ലാസു നയിച്ചു.

**3. രാത്രി ആരാധന**

ജീസസ് യൂത്തിന്റെ മാസാദ്യ ദൈവാരാധന ശുശ്രൂഷയായ രാത്രി ആരാധന മെയ് 3-ാം തീയതി അരുണാപുരം ഇടവക ദൈവാലയത്തിൽ നടന്നു. ഫാ. കുര്യൻ മറ്റം, ജോബി മാത്യു എന്നിവർ വചനശുശ്രൂഷ നയിച്ചു. ഫാ. സിറിൽ തയ്യിൽ, ദിവ്യബലി അർപ്പിച്ചു. ആശിസ്സ്, റോയി ജോസഫ്, ബിജിഷ് എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം കൊടുത്തു.

**4. യുവജനധ്യാനം**

ജീസസ് യൂത്തിന്റെ ആഭിമുഖ്യത്തിലുള്ള യുവജനധ്യാനം കടുത്തുരുത്തി എസ്.വി.ഡി. ധ്യാനകേന്ദ്രത്തിൽ മെയ് 10,11,12 തീയതികളിൽ നടന്നു. ഫാ. തോമസ് ആയില്ലൂക്കുന്നേൽ, ഫാ. കുര്യൻമറ്റം, ഫാ. മാത്യു നിരപ്പേൽ, ജിജി കലൂർ, ബിലാസ് ജോസഫ് എന്നിവർ ശുശ്രൂഷകൾ നയിച്ചു.

**5. ഏകദിന യുവജനസെമിനാർ – കുറിച്ചിത്താനം**

കുറിച്ചിത്താനം ഇടവകയുടെ നവീകരണ പദ്ധതിയായ 'ഉണർവി'ന്റെ ഭാഗമായി മെയ് 12-ാം തീയതി രാവിലെ മുതൽ വൈകുന്നേരം വരെ 100 ലധികം യുവജനങ്ങൾക്കായി ജീസസ് യൂത്ത് ടീം നവീകരണസെമിനാർ നയിച്ചു. ഫാ. കുര്യൻ മറ്റം, ഫാ. തോമസ് ഓലായത്തിൽ, അനിതാ ജോജി, വികാരി ഫാ. ജോർജ് അമ്പഴത്തിങ്കൽ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം കൊടുത്തു. ജിയോ മൈക്കിളിന്റെ നേതൃത്വത്തിലുള്ള ജീസസ് യൂത്ത് ഗായകസംഘം ഗാനാലാപനം നടത്തി.

**6. യുവജനകൂട്ടായ്മ**

യുവജനങ്ങളുടെ രണ്ടാം ശനിയാഴ്ചയിലെ കൂട്ടായ്മ പാലാ സെന്റ് തോമസ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ മെയ് 11-ാം തീയതി നടന്നു. ഫാ. കുര്യൻ മറ്റം, ജോമോൻ, ആഷ്‌ലി അലക്സ് എന്നിവർ ശുശ്രൂഷകൾ നയിച്ചു.

**7. സോണൽ കൗൺസിൽ പ്രാർത്ഥനാസംഗമം**

ജീസസ് യൂത്തിന്റെ സോണൽ കൗൺസിൽ അംഗങ്ങൾ മെയ് 25-ന് രാമപുരം വളക്കാട്ടുകുന്നേൽ എഫ്.സി.സി. ധ്യാനമന്ദിരത്തിൽ ഒത്തുചേർന്നു പ്രാർത്ഥനാസംഗമം നടത്തി. ഫാ. കുര്യൻ മറ്റം, ക്ലിജോ കണിയാംപടി, ജോൺ വിവേക് റോയി എന്നിവർ നേതൃത്വം നൽകി.

**8. എയ്ഞ്ചൽസ് ആർമി കൂട്ടായ്മ**

മാതാപിതാക്കളും കുട്ടികളും ചേർന്നുള്ള എയ്ഞ്ചൽസ് ആർമി കൂട്ടായ്മ മെയ് 11 -ന് ഭരണങ്ങാനം പാറേൽ പള്ളിയിൽ നടന്നു. ഫാ. മാത്യു മാടയാങ്കൽ സി.എം.ഐ. ബലിയർപ്പിച്ച് വചനശുശ്രൂഷ നടത്തി.

**9. ബഥേൽ ധ്യാനം**

കുട്ടികളും മാതാപിതാക്കളും ചേർന്നുള്ള 'ബഥേൽ' ധ്യാനം മെയ് 26,27,28,29 തീയതികളിൽ കടുത്തുരുത്തി എസ്.വി.ഡി. ധ്യാനകേന്ദ്രത്തിൽ നടന്നു. ഫാ. ഷാജി പുന്നത്താനത്തുകുന്നേൽ, ഫാ. ജീമോൻ പനച്ചിക്കൽകരോട്ട്, ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ, ജോൺസൺ കണ്ടത്തിൽ, ജോസുകുട്ടി ജേക്കബ്, ജോസ് മാത്യു എന്നിവർ ശുശ്രൂഷകൾ നയിച്ചു.

**ഹൗസ് ഹോൾഡ് കൂട്ടായ്മ**

പാലായിലെ ഹൗസ് ഹോൾഡ് കൂട്ടായ്മ മെയ് 26-ന് വൈകിട്ട് ഷാലോം ഓഡിറ്റോറിയത്തിൽ നടന്നു. ഫാ. സിറിൽ തയ്യിൽ, മാത്യു എം., കുര്യാക്കോസ് എന്നിവർ നേതൃത്വം നൽകി.

**11. പന്തക്കുസ്താ ഒരുക്കം**

ജീസസ് യൂത്ത് സോണൽ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ പന്തക്കുസ്താ തിരുനാളിനുള്ള ഒരുക്കമായി 10 ദിവസത്തെ പ്രാർത്ഥനാശുശ്രൂഷകൾ മെയ് 30-ാം തീയതി മുതൽ ആരംഭിച്ചു. ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ, ക്ലിജോ കണിയാംപടി, ജോൺ വിവേക് റോയി എന്നിവർ നേതൃത്വം നൽകി.

**ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ** (ഡിറക്ടേഴ്സ്)

# കുടുംബകൂട്ടായ്മ

20-4-2019 : ശനിയാഴ്ച വൈകുന്നേരം സെന്റ് തോമസ് അരുണാപുരം ഇടവക യിലെ കുടുംബകൂട്ടായ്മ വാർഷികത്തിൽ രൂപതാ കോ-ഓർഡിനേറ്റർ ശ്രീ. തോമസ് വടക്കേൽ സംബന്ധിക്കുകയും ആശംസകൾ നേരുകയും ചെയ്തു.

9-5-2019 വ്യാഴാഴ്ച രാവിലെ 9 മുതൽ 11 വരെ ഷാലോം ചാപ്പലിൽ രൂപതാ കൗൺസിൽ അംഗങ്ങൾ ഡയറക്ടർ വിൻസെന്റച്ചന്റെ നേതൃത്വത്തിൽ ദിവ്യകാ രുണ്യ ആരാധനയും, മദ്ധ്യസ്ഥപ്രാർത്ഥനയും നടത്തി. 11 മണി മുതൽ 12.30 വരെ ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ രൂപതാ കൗൺസിൽ കൂടി പ്രാർത്ഥനയെ പ്പറ്റി വിലയിരുത്തി.

19-5-2019 ഞായറാഴ്ച 4 മണിക്ക് വാക്കാട് ഇടവകയിൽ ബഹു. ഡയറക്ടറച്ചൻ വി. കുർബാന അർപ്പിക്കുകയും കുടുംബകൂട്ടായ്മ വാർഷികസമ്മേളനത്തിൽ പങ്കെ ടുത്ത് സന്ദേശം നൽകുകയും ചെയ്തു.

26-5-2019 ഞായറാഴ്ച കാക്കൂർ പള്ളിയിൽ ബഹു. ഡയറക്ടറച്ചൻ വി. കുർബാന അർപ്പിക്കുകയും കുടുംബകൂട്ടായ്മ വാർഷികസമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നൽകുകയും ചെയ്തു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

## A. Counselling Course

**1. ജൂൺ മാസം കോഴ്സ് തീയതികൾ**

ജൂൺ മാസം ഡിപ്ലോമ കോഴ്സ് 1,2 തീയതികളിലും സർട്ടിഫിക്കറ്റ് കോഴ്സ് 7,21 തീയതികളിലും നടത്തപ്പെടുന്നതാണ്.

## B. വിവാഹ ഒരുക്ക കോഴ്സ്

**1. കോഴ്സ് തീയതിയിൽ മാറ്റം**തി മാറ്റം

2019 സെപ്റ്റംബർ മാസം 16-18 തീയതിയിലെ കോഴ്സ് 23-25 തീയതി യിലേക്ക് മാറ്റിവച്ചിരിക്കുന്നു.

**2. സർട്ടിഫിക്കറ്റ്**

മെയ് 6-8, 20-22 തിയതികളിലെ വിവാഹ ഒരുക്ക കോഴ്സിൽ 338 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**3. രജിസ്ട്രേഷൻ**

ജൂൺ 17-19, ജൂലൈ 1-3 തിയതിയിലേക്കു നടക്കുന്ന കോഴ്സിന്റെ രജി സ്ട്രേഷൻ തുടരുന്നു. ആഗസ്റ്റ് 5-7, 19-21 തിയതിയിൽ നടക്കുന്ന കോഴ്സുക ളുടെ രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു.

**4. പേരന്റ്സ് മീറ്റ്**

മെയ് മാസത്തെ പേരന്റ്സ് മീറ്റിംഗിൽ റവ. ഡോ. ജോസഫ് കടുപ്പിൽ, റവ. ഡോ. അഗസ്റ്റിൻ പാലയ്ക്കപ്പറമ്പിൽ എന്നിവർ ക്ലാസ്സെടുത്തു. 626 മാതാപിതാക്കൻമാർ സംബന്ധിച്ചു.

**C. മാതൃ-പിതൃവേദി സംയുക്തപരിപാടികൾ**

**1. പ്രവർത്തനോദ്ഘാടനം- തുടങ്ങനാട്**

മാതൃ-പിതൃവേദികളുടെ സംയുക്താഭിമുഖ്യത്തിൽ തുടങ്ങനാട് ഇടവകയിൽ വച്ച് മെയ് 18-ാം തീയതി റവ. ഫാ. ഫ്രാൻസീസ് മാട്ടേലിന്റെ അദ്ധ്യക്ഷതയിൽ മാതൃ-പിതൃവേദികളുടെ പ്രവർത്തനോദ്ഘാടനം നടത്തി. രൂപത ഡയറക്ടർ റവ. ഡോ. ഷീൻ പാലയ്ക്കത്തടത്തിൽ പ്രവർത്തനോദ്ഘാടനം നടത്തി.

**D. പിതൃവേദി**

**1. പിതൃദിനാഘോഷം - പാലാ**

ജൂൺ 16-ാം തീയതി പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് പിതൃദിനാഘോഷം നടത്തപ്പെടുന്നതാണ്. സാന്ത്വന കൗൺസിലിങ് സെന്റർ അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. മാത്യു ചേന്നാട്ട് ക്ലാസ്സ് നയിക്കുന്നതാണ്.

**E. മാതൃവേദി**

**1. മാതൃദിനാഘോഷം - പാലാ**

മെയ് 7-ാം തീയതി പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് മാതൃദിനാഘോഷം നടത്തി. ഡയറക്ടർ റവ. ഡോ. ഷീൻ പാലയ്ക്കത്തടത്തിൽ സന്ദേശം നല്കുകയും മാതൃവേദി ജോയിന്റ് ഡയറക്ടർ റവ. സി. കുസുമം എസ്.എച്ച് മത്സരപരിപാടികൾക്ക് നേതൃത്വം നല്കുകയും ചെയ്തു.

**2. നവോമി സംഗമം - പാലാ**

മെയ് 11-ാം തീയതി മാതൃവേദിയുടെ ആഭിമുഖ്യത്തിൽ പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് വിധവകളുടെ സംഗമം നടത്തപ്പെട്ടു. ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഡോ. ഷീൻ പാലയ്ക്കത്തടത്തിൽ ആമുഖപ്രഭാഷണം നടത്തി. രൂപത പ്രസിഡന്റ് ശ്രീമതി വേറോനിക്ക ജോസഫിന്റെ അദ്ധ്യക്ഷതയിൽ അരുവിത്തുറ ഫോറോന വികാരി വെരി. റവ. ഡോ. അഗസ്റ്റ്യൻ പാലയ്ക്കപറമ്പിൽ ഉദ്ഘാടനം നിർവഹിക്കുകയും ക്ലാസ്സ് നയിക്കുകയും ചെയ്തു. വിധവകൾക്ക് പുതിയ കൂട്ടായ്മ നവോമി ഫോറം എന്ന പേരിൽ രൂപീകരിച്ചു.

**3. കബറിടസന്ദർശനം - പാലാ**

മെയ് 17 ന് മാതൃവേദി അംഗങ്ങൾക്കുവേണ്ടി ധന്യൻ കദളിക്കാട്ടിൽ മത്തായിച്ചന്റെ കബറിടത്തിങ്കൽ നടത്തപ്പെട്ട ദിവ്യബലിയിലും ശ്രീമതി. ബ്രിൻസി മാത്യുവിന്റെ പ്രഭാഷണത്തിലും മാതാക്കൾ പങ്കെടുത്തു.

**4. വിവാഹജൂബിലി ആഘോഷം - പാലാ കത്തീഡ്രൽ**

ജൂൺ 5 ന് പാലാ സെന്റ് തോമസ് കത്തീഡ്രലിൽ വച്ച് വിവാഹത്തിന്റെ 25, 50 ജൂബിലി ആഘോഷിക്കുന്ന ദമ്പതികളെ ആദരിക്കുന്നു. രാവിലെ 10 മണിക്ക് റവ. ഫാ. ബർക്കുമാൻസ് കുന്നുംപുറം വിശുദ്ധകുർബാന അർപ്പിക്കുന്നതും 11.15 ന് വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് ക്ലാസ്സ് നയിക്കുന്നതുമാണ്. തുടർന്ന് പാലാ രൂപതാ മെത്രാൻ അഭിവന്ദ്യ മാർ ജോസഫ്

കല്ലറങ്ങാട്ട് പിതാവ് അനുഗ്രഹപ്രഭാഷണം നടത്തുന്നു. 1 മണിക്ക് ഉച്ചഭക്ഷണത്തോടുകൂടി വിവാഹജൂബിലി വാർഷികാഘോഷം അവസാനിക്കുന്നു.

**F. ഹോംമിഷൻ**

**1. എടാട്**

എടാട് ഇടവകയിൽ ഹോംമിഷൻ ആരംഭിക്കുന്നതിന്റെ ഭാഗമായി ഡയറക്ടർ റവ. ഡോ. ഷീൻ പാലയ്ക്കത്തടത്തിൽ മെയ് മാസം 19-ാം തീയതി വിശുദ്ധകുർബാനയർപ്പിച്ച് സന്ദേശം നല്കി. 20-ാം തീയതി ഹോംമിഷൻ ആരംഭിച്ചു.

**G.പ്രോലൈഫ്**

**1. പ്രോലൈഫ് ദിനാചരണം - തുടങ്ങനാട്**

തുടങ്ങനാട് ഇടവകയിൽ വച്ച് മെയ് 18-ാം തീയതി റവ. ഫാ. ഫ്രാൻസീസ് മാട്ടേലിന്റെ അദ്ധ്യക്ഷതയിൽ പ്രോലൈഫ് ദിനാചരണം നടത്തപ്പെട്ടു. രൂപത ഡയറക്ടർ റവ. ഡോ. ഷീൻ പാലയ്ക്കത്തടത്തിൽ പരിപാടിയിൽ പങ്കെടുത്തു.

**H. സീറോ മലബാർ പാലാ മാട്രിമണി**

**1. ഡേറ്റ സ്വീകരണം**

ജീവിതപങ്കാളിയെ കണ്ടെത്താൻ സഹായിക്കുന്ന സീറോ മലബാർ മാട്രിമണി ഇടവകകളിലെ ഭക്തസംഘടനകളുടെ സഹകരണത്തോടെ ഡേറ്റ സ്വീകരണം നടത്തിക്കൊണ്ടിരിക്കുന്നു.

**2. മാഗസിൻ**

സീറോ മലബാർ മാട്രിമണിയുടെ ജൂൺ മാസത്തെ മാഗസിന്റെ വർക്കുകൾ ചെയ്തുവരുന്നു.

**I. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്**

**1. ക്ലാസ്സുകൾ**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് നടത്തുന്ന മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ജൂലൈ 8 -ാം തീയതി മുതൽ ഹോംസയൻസ് ക്ലാസ്സുകൾ ആരംഭിക്കുന്നു. കുടുംബവിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽ പരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംബോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ്, കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ്, ക്രോഷ്യ വർക്ക് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. ഈ കോഴ്സിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ വിശദവിവരങ്ങൾക്ക് മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. വിളിക്കേണ്ട നമ്പർ —— 9496571321

**J. മംഗല്യനിധി**

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധി വഴിയായി കഴിഞ്ഞമാസം അന്തീനാട്, കുളമാവ്, പാലാ കത്തീഡ്രൽ(3), ഭരണങ്ങാനം(2), രാമപുരം(2), മഞ്ഞാമറ്റം, മുട്ടുചിറ, ഫാത്തി

മാപുരം, തുരുത്തിപ്പള്ളി, മാവടി, അയ്യമ്പാറ, മീനച്ചിൽ, മലയിഞ്ചിപ്പാറ, പാദുവ, മാനത്തൂർ, തിടനാട്, ഇടപ്പാടി ഇടവകകളിൽ നിർധനരായ കത്തോലിക്കപെൺകുട്ടികൾക്ക് വിവാഹസഹായമായി **1,40,000** രൂപാ നൽകി.

**ഫാ. അബ്രാഹം പാലയ്ക്കത്തടത്തിൽ** (ഡയറക്ടർ)

# എ.കെ.സി.സി.

**ഐക്യദാർഢ്യസംഗമം പാലായിൽ**

ശ്രീലങ്കയിലെ ക്രൈസ്തവദൈവാലയങ്ങളിൽ ഉണ്ടായ ഭീകരാക്രമണങ്ങളിൽ കൊല്ലപ്പെട്ടവർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് കത്തോലിക്കാ കോൺഗ്രസ് പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ പാലായിൽ ഐക്യദാർഢ്യസംഗമം നടത്തി. നിരപരാധികളായ ആളുകളെ കൊന്നൊടുക്കുന്ന സംസ്കാരത്തിനെതിരെ ലോകമനഃസാക്ഷി ഉണരണമെന്നാവശ്യപ്പെട്ടുകൊണ്ടും കുറ്റക്കാർക്കെതിരെ കർശനനടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുമാണ് സംഗമം നടത്തിയത്. രൂപത ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ഉദ്ഘാടനം ചെയ്തു. തുടർന്ന് എല്ലാവരും ഒത്തുചേർന്ന് ടൗണിൽ കൈകൾ ചേർത്തുപിടിച്ച് ഐക്യദാർഢ്യപ്രതിജ്ഞ ഏറ്റുചൊല്ലി. രൂപതാ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ, സാജു അലക്സ്, ഇമ്മാനുവൽ നിധീരി എന്നിവർ നേതൃത്വം നൽകി.

**ജന്മദിനസമ്മേളനങ്ങൾ യൂണിറ്റുകളിൽ**

കത്തോലിക്കാകോൺഗ്രസിന്റെ ജന്മദിനസമ്മേളനങ്ങൾ യൂണിറ്റുതലങ്ങളിൽ ഏപ്രിൽ 28 ന് ആചരിച്ചു. അന്നേ ദിവസം യൂണിറ്റുസമിതികളുടെ നേതൃത്വത്തിൽ പതാക ഉയർത്തൽ, മധുരപലഹാരവിതരണങ്ങൾ, ഭക്ഷണവിതരണങ്ങൾ, പൊതുയോഗങ്ങൾ എന്നിവ സംഘടിപ്പിച്ചു.

**രൂപതാ നേതൃയോഗം പാലായിൽ**

കത്തോലിക്കാ കോൺഗ്രസ് രൂപതാസമിതിയുടെ നേതൃസമ്മേളനം ഏപ്രിൽ 28 ന് രൂപതാ ഓഫീസിൽ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിലിന്റെ അധ്യക്ഷതയിൽ നടത്തപ്പെട്ടു. റബർവിലത്തകർച്ചയിൽ പ്രതിഷേധിച്ച് സമരങ്ങൾ ആരംഭിക്കുവാൻ യോഗം തീരുമാനിച്ചു.

**101-ാം ജന്മവാർഷികസമ്മേളനം അരുവിത്തുറയിൽ**

കത്തോലിക്കാകോൺഗ്രസ് പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ സംഘടനയുടെ 101-ാം ജന്മദിനവാർഷികസമ്മേളനം മേയ് 19 ന് അരുവിത്തുറയിൽ വച്ച് വിപുലമായി ആചരിച്ചു. കഴിഞ്ഞ കാലങ്ങളിൽ സംഘടനയ്ക്കും സമുദായത്തിനും ധീരമായ നേതൃത്വം നൽകിയ നേതാക്കളെ സമ്മേളനത്തിൽ അനുസ്മരിക്കുകയുണ്ടായി.

രൂപതാ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിലിന്റെ അധ്യക്ഷതയിൽ ചേർന്ന ജന്മദിനസമ്മേളനം ബഹു. ജസ്റ്റീസ് എബ്രഹാം മാത്യു ഉദ്ഘാടനം ചെയ്തു. കത്തോലിക്കാകോൺഗ്രസിന്റെ ആരംഭകാലംമുതൽ സമുദായത്തിനും കാർഷികമേഖലയ്ക്കും നൽകിയ നേതൃത്വം അദ്ദേഹം അനുസ്മരിച്ചു. അഭിവന്ദ്യ മാർ

ജോസഫ് പള്ളിക്കാപറമ്പിൽ അനുഗ്രഹസന്ദേശം നൽകി. കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതി പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലം ജന്മദിന സന്ദേശവും അരുവിത്തുറ ഫൊറോനപ്പള്ളി വികാരി റവ. ഡോ. അഗസ്റ്റിൻ പാല ക്കാപറമ്പിൽ മുഖ്യപ്രഭാഷണവും രൂപത ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ആമുഖസന്ദേശവും നൽകി.

തുടർന്ന് കർഷകഅവകാശപ്രഖ്യാപനം നടത്തിയ സമ്മേളനത്തിൽ സാജു അലക്സ്, ഡോ. റെജി മേക്കാടൻ, ഇമ്മാനുവൽ നിധീരി, അഡ്വ. ജോൺസൺ വീട്ടിയാങ്കൽ, ജോൺസൺ ചെറുവള്ളി, അഡ്വ. ജോസ് വി. ജോർജ്, സാബു പൂണ്ടിക്കുളം എന്നിവർ പ്രസംഗിച്ചു.

**റബർ കർഷകപ്രതിഷേധജ്വാലാ പ്രയാണം**

റബർ കർഷകരോടുള്ള സർക്കാരുകളുടെ അവഗണനയിൽ പ്രതിഷേധിച്ചു കൊണ്ട് കത്തോലിക്കാകോൺഗ്രസിന്റെ നേതൃത്വത്തിൽ ജന്മദിനാചരണത്തിന്റെ ഭാഗമായി റബർ കർഷകപ്രതിഷേധജ്വാലാപ്രയാണം സംഘടിപ്പിച്ചു. മേയ് 19 ന് മൂന്നിലവിൽനിന്നും നിരവധി വാഹനങ്ങളുടെ അകമ്പടിയോടെ ആരംഭിച്ച പ്രയാണം മൂന്നിലവ് പള്ളി വികാരി റവ. ഫാ. ജോർജ് ചൊള്ളനാൽ ഫ്ളാഗ് ഓഫ് ചെയ്തു. വിവിധ പ്രദേശങ്ങളിലൂടെ സഞ്ചരിച്ച് പ്രയാണം അരുവിത്തുറ പള്ളിയങ്കണത്തിൽ എത്തിയപ്പോൾ രൂപതാ ഡയറക്ടർ റവ. ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, രൂപതാ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ, ഫൊറോനാ വികാരി റവ. ഫാ. അഗസ്റ്റിൻ പാലക്കാപറമ്പിൽ, ഫൊറോനാ പ്രസി ഡന്റ് അഡ്വ. ജോൺസൺ വീട്ടിയാങ്കൽ എന്നിവർ ചേർന്ന് സ്വീകരിച്ചു.

**സാജു അലക്സിനും ഡോ. റെജി മേക്കാടനും സ്വീകരണം**

കത്തോലിക്കാകോൺഗ്രസ് മുൻ രൂപതാ പ്രസിഡന്റും ഇപ്പോൾ ഗ്ലോബൽ വൈസ് പ്രസിഡന്റുമായ സാജു അലക്സ് സീറോ മലബാർ സഭാ വക്താവായി തിരഞ്ഞെടുക്കപ്പെട്ടു.

കത്തോലിക്കാ കോൺഗ്രസ് രൂപതാ വിദ്യാഭ്യാസഫോറം കൺവീനറും മുൻ ഫൊറോനാ പ്രസിഡന്റുമായ ഡോ. റെജി മേക്കാടൻ അരുവിത്തുറ സെന്റ് ജോർജ് കോളജ് പ്രിൻസിപ്പലായി തിരഞ്ഞെടുക്കപ്പെട്ടു.

കത്തോലിക്കാകോൺഗ്രസ് ജന്മദിനസമ്മേളനത്തിൽവച്ച് ബഹു. നേതാക്ക ന്മാർക്ക് ഹൃദ്യമായ സ്വീകരണം നൽകി. അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറ മ്പിൽ പിതാവ് രണ്ടു പേരെയും പൊന്നാടയണിയിച്ച് ആദരിച്ചു. കത്തോലിക്കാ കോൺഗ്രസ് പാലാ രൂപതാ സമിതിക്ക് ലഭിച്ച അംഗീകാരത്തിൽ അഭിമാനവും സന്തോഷവുമുണ്ടെന്നും ആശംസകൾ നേർന്ന് അഭിവന്ദ്യ പിതാവു പറഞ്ഞു.

**മൂലമറ്റം ഫൊറോന സമ്മേളനം**

കത്തോലിക്കാകോൺഗ്രസ് ജന്മദിനാചരണത്തിന്റെ ഭാഗമായി മൂലമറ്റം ഫൊറോനസംഗമം മേയ് 12 ന് മൂലമറ്റത്തുവച്ചു നടന്നു. രൂപതാ വൈസ്പ്രസി ഡന്റ് ബേബിച്ചൻ അഴിയാത്ത് ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ ഫൊറോനാ വികാരി റവ. ഫാ. ജോർജ് മണ്ഡപത്തിൽ മുഖ്യസന്ദേശം നൽകി.

**കൂട്ടിക്കൽ ഫൊറോന സമ്മേളനം**

കത്തോലിക്കാകോൺഗ്രസ് കൂട്ടിക്കൽ ഫൊറോന നേതൃസമ്മേളനം മേയ് 12 ന് കൂട്ടിക്കൽ പള്ളിയിൽവച്ച് നടത്തപ്പെട്ടു. രൂപതാ സെക്രട്ടറി ജോസഫ് പരുത്തിയിൽ പങ്കെടുത്ത സമ്മേളനം ബഹു. വികാരി ഫാ. അഗസ്റ്റിൻ അരഞ്ഞാണി പുത്തൻപുര ഉദ്ഘാടനം ചെയ്തു.

**തീക്കോയി ഫൊറോനാസംഗമം**

തീക്കോയി ഫൊറോന നേതൃസംഗമം മേയ് 5 ന് തീക്കോയി പള്ളിയിൽ വച്ചു നടത്തപ്പെട്ടു. ഫൊറോനാ വികാരി റവ. ഫാ. തോമസ് മേനാച്ചേരി ഉദ്ഘാടനം ചെയ്ത സംഗമത്തിൽ രൂപതാ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ മുഖ്യപ്രഭാഷണം നിർവ്വഹിച്ചു.

**ഭരണങ്ങാനം ഫൊറോനാസമ്മേളനം**

ജന്മദിനാചരണത്തിന്റെ ഭാഗമായി ഭരണങ്ങാനം ഫൊറോനാസമിതി സംഘടിപ്പിച്ച സമ്മേളനം രൂപതാ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ ഉദ്ഘാടനം ചെയ്തു. ഫൊറോനാ പ്രസിഡന്റ് സെബാസ്റ്റ്യൻ കുന്നപ്പള്ളി അധ്യക്ഷത വഹിച്ചു.

**പുതിയ യൂണിറ്റ് വിളക്കുമാടത്ത്**

കത്തോലിക്കാകോൺഗ്രസിന്റെ പുതിയ യൂണിറ്റ് വിളക്കുമാടം പള്ളിയിൽ ആരംഭിച്ചു. രൂപതാ വൈസ്പ്രസിഡന്റ് ജോസ് വട്ടുകുളം ഉദ്ഘാടനം ചെയ്തു. റവ. ഫാ. ജോസഫ് പാണ്ടിയാമാക്കൽ രൂപീകരണത്തിന് നേതൃത്വം നൽകി. പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

**ഇമ്മാനുവൽ നിധീരി (ജന. സെക്രട്ടറി)**

## പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**1. PSWS 55-ാം വാർഷികം നടത്തി**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ 55-ാം വാർഷികാഘോഷവും പി.എസ്.ഡബ്ല്യു.എസ്. ന്റെ വിവിധ കർമ്മപദ്ധതികളുടെ ഉദ്ഘാടനവും പാലാ ളാലം പഴയപള്ളി പാരിഷ് ഹാളിൽ വച്ച് നടത്തി. അഭിവന്ദ്യ പാലാ രൂപതാ മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനം അഡ്വ. മോൻസ് ജോസഫ് എം.എൽ.എ. ഉദ്ഘാടനം ചെയ്തു. വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി, കാരിത്താസ് ഇന്ത്യയുടെ സഹായത്തോടെ നടപ്പിലാക്കിവരുന്ന വെള്ളപ്പൊക്ക ദുരിതാശ്വാസ അതിജീവനപദ്ധതിയുടെ ഉദ്ഘാടനം നടത്തി. പി. എസ്.ഡബ്ല്യു.എസ് സെക്രട്ടറി ഫാ. ബർക്കുമാൻസ് കുന്നുംപുറം പച്ചക്കറി തൈവിതരണപദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. ളാലം സെന്റ് മേരീസ് പള്ളി വികാരി ഫാ. ജോൺസൺ പുള്ളീറ്റ് ആശംസാപ്രസംഗം നടത്തി. ബെസ്റ്റ് സ്വാശ്രയസംഘം അവാർഡ് ദാനം, സാമൂഹ്യ സുരക്ഷാപദ്ധതി അംഗത്വം നൽകൽ ഗ്രൂപ്പുകൾ ഉല്പാദിപ്പിച്ച ഉല്പന്നങ്ങളുടെ വിതരണം തുടങ്ങിയ വിവിധ പരിപാ

ടികൾ വാർഷികത്തിന്റെ ഭാഗമായി നടത്തി. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. മാത്യു പുല്ലുകാലായിൽ സ്വാഗതവും ഡാന്റീസ് കൂനാനി നന്ദിയും പറഞ്ഞു.

**2. പച്ചക്കറി തൈ വിതരണം ആരംഭിച്ചു.**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഓണക്കാല പച്ചക്കറി സമൃദ്ധി ലക്ഷ്യം വച്ച് മഴക്കാലത്ത് കൃഷി ചെയ്യാവുന്നവ ചീനി, തക്കാളി, വെണ്ടയ്ക്ക, വഴുതന, മത്തൻ, പടവലം, കുക്കുമ്പർ, വെള്ളരി, കോവൽ തുടങ്ങിയ പച്ചക്കറി തൈകളുടെ വിതരണം ആരംഭിച്ചു. തിങ്കൾ, വ്യാഴം ദിവസങ്ങളിൽ പാലാ അഗ്രിമ കർഷകഓപ്പൺ മാർക്കറ്റിൽ വച്ചും മുട്ടുചിറ, സീയോൻ ഭവനിൽ വച്ചും പച്ചക്കറി തൈകളുടെ വിതരണം നടക്കും.

**3. മൈക്രോ  ക്രെഡിറ്റ് ലോൺ വിതരണം നടത്തി.**

കേരളാ പിന്നോക്ക ന്യൂനപക്ഷ വികസന കോർപ്പറേഷന്റെ സഹകരണത്തോടെ കുറഞ്ഞ പലിശ നിരക്കിൽ നവസംരംഭങ്ങൾ ആരംഭിക്കുവാനുള്ള മൈക്രോ ക്രെഡിറ്റ് വായ്പാ വിതരണം നടത്തി. 33 ഗ്രൂപ്പുകൾക്കായി 50 ലക്ഷം രൂപ വിതരണം നടത്തി.

**4. കോഴിയും കോഴിക്കൂടും വിതരണം ചെയ്തു.**

അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽ വച്ച് ഹൈടെക് കോഴിക്കൂടും അത്യുല്പാദനശേഷിയും BV 380 ഇനത്തിൽപ്പെട്ട മുട്ടക്കോഴികുഞ്ഞുങ്ങളെയും വിതരണം ചെയ്തു.

**5. ആരോഗ്യ സെമിനാർ നടത്തി**

കുറവിലങ്ങാട് സോണിന്റെ ആഭിമുഖ്യത്തിൽ മഴക്കാല രോഗങ്ങളെക്കുറിച്ച് ആരോഗ്യ ബോധവത്കരണ സെമിനാർ സംഘടിപ്പിച്ചു. കുര്യനാട് ഗവ. ഹോമിയോ ഡോക്ടർ മോഡി ചെറിയാൻ ക്ലാസ് നയിച്ചു.

**6. സ്വാശ്രയസംഘം വാർഷികങ്ങൾ**

മോനിപ്പള്ളി, ഇലപ്പള്ളി, മംഗളഗിരി, കൈപ്പള്ളി, രത്നഗിരി, കളത്തൂക്കടവ്, വെള്ളികുളം, കോതനല്ലൂർ എന്നീ യൂണിറ്റുകളുടെ വാർഷികം നടത്തി.

**7. ധനസഹായം നൽകി**

പി.എസ്.ഡബ്ല്യു.എസ്. ന്റെ വിവിധ  സ്വയംസഹായസംഘങ്ങളും കർഷകദളങ്ങളും കഴിഞ്ഞമാസം 145000 രൂപാ ചികിത്സ, ഭവനനിർമ്മാണം എന്നിവയ്ക്ക് ധനസഹായമായി വിതരണം ചെയ്തു.

**8. പുതിയ എസ്.എച്ച്.ജി. രൂപീകരണം**

മൂലമറ്റം, അറക്കുളം, കരൂർ, പാലാക്കാട്, പൈങ്ങുളം എന്നീ  ഇടവകകളിൽ പുതിയ ഗ്രൂപ്പുകൾ രൂപീകരിച്ചു.

**9. വാർഷിക റിപ്പോർട്ട് പ്രകാശനം ചെയ്തു.**

പി.എസ്.ഡബ്ല്യു.എസ്. ന്റെ 2018-19 വർഷത്തെ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അഭിവന്ദ്യ പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് പ്രകാശനം ചെയ്തു.

**10. കുടുംബോദ്ധാരണ പദ്ധതിയിലേക്ക് പുതിയ കുടുംബങ്ങളെ ചേർക്കുന്നു.**

പി.എസ്.ഡബ്ല്യു.എസ്. സേവ് എ ഫാമിലി  പ്ലാനിന്റെ സഹായത്തോടെ

നടപ്പിലാക്കിവരുന്ന കുടുംബോദ്ധാരണ പദ്ധതിയിലേക്ക് പുതിയ കുടുംബങ്ങളെ തിരഞ്ഞെടുക്കുന്നു. പൂഞ്ഞാർ, മുട്ടം, ഭരണങ്ങാനം, കടപ്ലാമറ്റം, പാലാ മുനിസിപ്പാലിറ്റി, മുത്തോലി, കുറവിലങ്ങാട്, ഞീഴൂർ, പിറവം എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുന്ന പ്രദേശങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നാണ് അപേക്ഷ സ്വീകരിക്കുന്നത്. പദ്ധതികൾ ചേർക്കുന്ന കുടുംബത്തിന് ജീവിത നിലവാരം ഉയർത്തുന്ന വിവിധ പദ്ധതിയിൽ ആരംഭിക്കുന്നതിനാണ് ധനസഹായം നൽകുക.

**11. തേനീച്ച വളർത്തൽ പരിശീലനം**

മുണ്ടാങ്കൽ, മല്ലികശ്ശേരി എന്നീ സ്ഥലങ്ങളിൽ വച്ച് തേനീച്ച വളർത്തൽ പരിശീലനം സംഘടിപ്പിച്ചു.

**ഫാ. മാത്യു പുല്ലുകാലായിൽ** (ഡയറക്ടർ)

# ഡി.സി.എം.എസ്.

**1. സിവിൽ സർവ്വീസ് കോച്ചിംഗ് ക്യാമ്പ് (Future Stars)**

ഡി.സി.എം.എസ്. പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ ഒരു വർഷമായി കോച്ചിംഗ് നടത്തിവരുന്ന കുട്ടികൾക്കായി രണ്ടു ദിവസത്തെ സിവിൽ സർവ്വീസ് കോച്ചിംഗ് ക്യാമ്പ് ഏപ്രിൽ 28 ഞായർ വൈകിട്ട് 4 മുതൽ 30 ചൊവ്വാ വൈകിട്ട് 4 വരെ മുണ്ടുപാലം ബ്ലസഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെട്ടു. ഡി. സിഎം.എസ്. പാലാ രൂപത ഡയറക്ടർ റവ.ഫാ. ജോസ് വടക്കേക്കുറ്റ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. പാലാ രൂപത മൈൻഡ്സ് അക്കാഡമിയുടെ നേതൃത്വത്തിൽ നടന്ന ക്യാമ്പിൽ ശ്രീ. ജിൻസ് ശ്രീ. എയ്സ്മിൻ എന്നിവർ ക്ലാസുകൾ നയിച്ചു. ചൊവ്വാഴ്ച 1.30 മുതൽ മാതാപിതാക്കൾക്കായി പ്രത്യേകക്ലാസും നടത്തപ്പെട്ടു.

**2. ജീവിതദർശനം ക്യാമ്പ്**

പാലാ രൂപത ഡി.സി.എം.എസ്. സംഘടനയുടെ നേതൃത്വത്തിൽ 5 മുതൽ 9 വരെ ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്കായി 2019 മെയ് 5 ബുധനാഴ്ച മുതൽ മെയ് 10 വെള്ളിയാഴ്ച വരെ മുണ്ടുപാലം ബ്ലസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് ജീവിതദർശനക്യാമ്പ് നടത്തപ്പെട്ടു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. രൂപതാ ഓർഗനൈസർ ശ്രീ. പി.ഒ. പീറ്റർ, ശ്രീ. സദീപ് കെ.പി., ശ്രീ. ജോൺ മാത്യു, ശ്രീ. ആന്റണി ജോസ്, ശ്രീ. ജോബി തോമസ് എന്നിവർ ക്ലാസുകൾ നയിച്ചു. ശ്രീ. സിബി ചാക്കോ, ശ്രീ. ജിബിൻ കുമാരി അനന്യ, കുമാരി അമല, കുമാരി അലീന ശ്രീമതി മെറിൻ സനീഷ് എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി. ഡി.സി.എം.എസ്. സംസ്ഥാന ഡയറക്ടർ റവ.ഫാ. ഷാജ്കുമാർ, എറണാകുളം - അങ്കമാലി അതിരൂപത ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ മുത്തോലി എന്നിവരുടെ നേതൃത്വത്തിൽ മുൻ സംസ്ഥാന രൂപത ഭാരവാഹികളായ ശ്രീ. പി.ആർ. ആന്റണി, ശ്രീ. സി.സി. കുഞ്ഞുകൊച്ച്, ശ്രീ. റ്റി. ജെ. അബ്രാഹം, ശ്രീ. ഷിബു ജോസഫ് എന്നിവർ കുട്ടികളുടെ ക്യാമ്പ് സന്ദർശിച്ച് സന്ദേശം നൽകി.

**3. മുട്ടുചിറ മേഖലാ കുടുംബസംഗമം**

മുട്ടുചിറ മേഖല കുടുംബയോഗം 2019 മെയ് 5-ാം തീയതി ഞായറാഴ്ച വൈകുന്നേരം 5.30 ന് മുട്ടുചിറ സെന്റ് തോമസ് പാരിഷ് ഹാളിൽവച്ച് നടത്തപ്പെട്ടു. മുട്ടുചിറ മേഖല പ്രസിഡന്റ് ശ്രീ. വി.വി. തോമസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം മുട്ടുചിറ ഫൊറോന പള്ളി വികാരി റവ.ഫാ. ജോസഫ് ഇടത്തുംപറമ്പിൽ ഉദ്ഘാടനം ചെയ്തു. രൂപത കമ്മറ്റി മെമ്പർ, ശ്രീ. ബിനോയി ജോൺ യോഗത്തിന് സ്വാഗതം പറഞ്ഞു. മേഖല സെക്രട്ടറി, ശ്രീമതി മേഴ്സി സെബാസ്റ്റ്യൻ റിപ്പോർട്ട് വായിച്ചു. ഡി.സി.എം.എസ്. രൂപത ഡയറക്ടർ റവ.ഫാ. ജോസ് വടക്കേക്കുറ്റ് മുഖ്യപ്രഭാഷണം നടത്തി. ഡി.സി.എം.എസ്. മേഖലാ ഡയറക്ടർ ഫാ. മാത്യു മുതുപ്ലാക്കൽ, ജയ്ഗിരി യൂണിറ്റ് ഡയറക്ടർ റവ.ഫാ. സിറിയക് തടത്തിൽ, കാഞ്ഞിരത്താനം യൂണിറ്റ് ഡയറക്ടർ റവ.ഫാ. അഗസ്റ്റിൻ ഇഞ്ചക്കുഴിയിൽ എന്നിവർ അനുഗ്രഹപ്രഭാഷണം നടത്തി. രൂപത പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ മാത്യു കുന്നുംപുറം വൈസ് പ്രസിഡന്റ് ശ്രീമതി സെലിൻ ജോസഫ്, രൂപത സെക്രട്ടറി ശ്രീ. ജോണി പരമല, രൂപത ഓർഗനൈസർ ശ്രീ. പി.ഒ. പീറ്റർ, രൂപത ജോ. സെക്രട്ടറി ബിജി അഗസ്റ്റിൻ, രൂപത ട്രഷറർ റ്റി.ഡി. കുര്യാക്കോസ്, പാസ്റ്ററൽ കൗൺസിൽ മെമ്പർ ശ്രീ. ബേബി എം.ഡി. മറ്റത്തിൽ എന്നിവർ ആശംസകളർപ്പിക്കുകയും മുട്ടുചിറ യൂണിറ്റ് പ്രസിഡന്റ്, ശ്രീ. ഒ.ജെ. ജോൺ കൃതജ്ഞതയർപ്പിക്കുകയും ചെയ്തു.

**4. പിറവം യൂണിറ്റ് കുടുംബസംഗമം**

2019 മെയ് അഞ്ചാം തീയതി ഞായറാഴ്ച 1.30 ന് പിറവം ലിറ്റിൽ ഫ്ളവർ ചർച്ചിൽ വി. കുർബാനയോടെ തുടങ്ങിയ കുടുംബസംഗമത്തിൽ റവ.ഫാ. ജോസഫ് നരിതൂക്കിൽ അദ്ധ്യക്ഷത വഹിച്ചു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് യോഗം ഉദ്ഘാടനം ചെയ്തു. ശ്രീമതി ഗ്രേസി ബാബു യോഗത്തിന് സ്വാഗതം പറയുകയും സെക്രട്ടറി മരിയ മാത്യു റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. ഖജാൻജി ശ്രീ. ഷാജു പോൾ കണക്കവതരിപ്പിച്ചു. രൂപത പ്രസിഡന്റ് ജസ്റ്റിൻ കുന്നുംപുറം, സെക്രട്ടറി ജോണി പരമല, മേഖല പ്രസിഡന്റ് ശ്രീ. ഇ. എം. പൈലി, രൂപത കമ്മറ്റി മെമ്പർ ശ്രീ. ബാബു പീറ്റർ എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു.

**5. മരങ്ങോലി യൂണിറ്റ് കുടുംബസംഗമവും വാർഷികവും**

2019 മെയ് 19 ഞായറാഴ്ച 2 ന് യൂണിറ്റ് പ്രസിഡന്റ് ശ്രീ. പൗലോസ് മാത്യുവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വൈസ് പ്രസിഡന്റ് ശ്രീ. ആന്റണി ഇ. ജോൺ സ്വാഗതം പറഞ്ഞു. ശ്രീമതി സജിനി പോൾ റിപ്പോർട്ടവതരിപ്പിക്കുകയും ഖജാൻജി ശ്രീ. ത്രേസ്യാമ്മ ജോസഫ് കണക്കവതരിപ്പിക്കുകയും ചെയ്തു. വികാരി ഫാ. ജോർജ് പുതിയാപറമ്പിൽ ആമുഖ പ്രസംഗം നടത്തി. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് അനുഗ്രഹപ്രഭാഷണം നടത്തുകയും പാലാ രൂപത സഹായമെത്രാനും KCBC SC/ST/BCകമ്മീഷൻ ചെയർമാനുമായ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് യോഗം ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ കുന്നുംപുറം മുഖ്യപ്രഭാഷണം നടത്തി. മേഖല പ്രസി

ഡന്റ് ഇ.എം. പൈലി സംസാരിച്ചു. എസ്.എസ്.എൽ.സി. ക്ക് ഫുൾ എ പ്ലസ് നേടിയ ഹെലൻ ആന്റണി, എൽ.എസ്.എസ്. വിശ്വാസപരിശീലനത്തിന് ഏറ്റവും കൂടുതൽ മാർക്കു വാങ്ങിയ കുട്ടികൾക്കും സി.എം.എൽ. രൂപത രചന മത്സരവി ജയി ശ്രീമതി സജിനി പോൾ എന്നിവരെയും മുൻ ഭാരവാഹികളേയും പ്രായം ചെന്നവരേയും ആദരിച്ചു.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെയർ ഹോംസ്

**1. ഫാ. അബ്രാഹം കൈപ്പൻപ്ലാക്കൽ അനുസ്മരണസമ്മേളനം**

സാന്ത്വന ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ പാലാ, ചെത്തിമറ്റം, ദൈവ ദാൻ സെന്റർ ഓഡിറ്റോറിയത്തിൽ വച്ച് ഫാ. അബ്രാഹം കൈപ്പൻപ്ലാക്കലച്ചന്റെ അഞ്ചാം ചരമവാർഷികവും അവാർഡുദാന സമ്മേളനവും നടത്തി. പാലാ നഗ രസഭാധ്യക്ഷ ബിജി ജോജോ കുടക്കച്ചിറ അധ്യക്ഷത വഹിച്ച സമ്മേളനം മാർ ജേക്കബ് മുരിക്കൻ ഉദ്ഘാടനം ചെയ്തു. അരുവിത്തുറ സെന്റ് ജോർജ് ഫൊറോ നാപള്ളി വികാരി റവ.ഡോ. അഗസ്റ്റിൻ പാലയ്ക്കപറമ്പിൽ അനുസ്മരണ പ്രഭാ ഷണം നടത്തി. ടോമി സിറിയക് ഞാവള്ളിൽ തെക്കേൽ, കുര്യാക്കോസ് പടവൻ, സി. ഡീന എസ്.എം.എസ്., പി. പ്രസാദ്, വി.വി. മൈക്കിൾ തോട്ടുങ്കൽ, സി. സൈനു ഡി.സി.എസ്. തുടങ്ങിയവർ പ്രസംഗിച്ചു. മികച്ച അഗതി സംരക്ഷണ സ്ഥാപനത്തിനുള്ള ഫാ. അബ്രാഹം കൈപ്പൻപ്ലാക്കൽ അവാർഡ് തലശ്ശേരി കോള യാട് ദൈവദാൻ സെന്റർ മദർ സുപ്പീരിയർ സിസ്റ്റർ സൈനു ഡി.സി.എസ് അഭി വന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിൽനിന്ന് ഏറ്റുവാങ്ങി.

**2. നേഴ്സസ് ദിനാചരണം**

രാമപുരം കുഞ്ഞച്ചൻ മിഷനറി ഭവന്റെ ആഭിമുഖ്യത്തിൽ നേഴ്സസ് ദിനാ ചരണം നടത്തി. വിവിധ ഹോസ്പിറ്റലുകളിൽ മികച്ച സേവനം കാഴ്ചവച്ച നേഴ്സു മാരായ ബിൻസി ഫ്രാൻസീസ്, കവിതാ നെൽസൺ, സൗമ്യ ജോൺ, ജെസ്സി മോൾ, ലിന്റാ മാത്യു എന്നിവരെ ചടങ്ങിൽ ആദരിച്ചു. പാലാ രൂപത വികാരി ജന റാൾ റവ.ഡോ. ജോസഫ് മലേപ്പറമ്പിൽ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ഡോ. ബേബി ജോസഫ് അറയ്ക്കപറമ്പിൽ, റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ഫാ. സെബാസ്റ്റ്യൻ നടുത്തടം തുടങ്ങിയവർ പ്രസംഗിച്ചു. തുടർന്ന് നടന്ന നാട്ട രങ്ങ് 2019 മെഗാഷോ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബൈജു ജോൺ പുതിയിട ത്തുചാലിൽ ഉദ്ഘാടനം ചെയ്തു.

**3. പാലാ മരിയസദനിൽ മനഃശാന്തി 2019**

പാലാ മരിയസദനിൽ മനഃശാന്തി 2019 നടത്തി. ഫാ. റോയി വടക്കേൽ അധ്യക്ഷത വഹിച്ച യോഗത്തിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് സമ്മേ ളനം ഉദ്ഘാടനം ചെയ്തു. ഫാ. ജോബി മംഗലത്തുകരോട്ട്, പ്രൊഫ. ടോമി ചെറി യാൻ, ഫാ. സൈറസ് വേലംപറമ്പിൽ, പി.സി. ജോർജ് എം.എൽ.എ കുര്യാക്കോസ് പടവൻ, ദീപിക എം.ഡി ഫാ. മാത്യു ചന്ദ്രൻകുന്നേൽ, ഫാ. മാത്യു കിഴക്കേ അര ഞ്ഞാണിയിൽ, ഡോ. ടി മുരളി തുടങ്ങിയവർ പ്രസംഗിച്ചു. ഫ്രണ്ട്സ് ഓഫ്

മരിയസദനത്തിലെ അംഗമായ കൊച്ചുറാണിയുടെ 'തയ്യൽകല ഒരു പഠനം' എന്ന പുസ്തകത്തിന്റെ പ്രകാശനം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവ്വഹിച്ചു. മരിയസദനം അങ്കണത്തിൽ ഒരുക്കിയിരുന്ന വിവിധ തരം സ്റ്റാളുകളുടെ ഉദ്ഘാടനം തൊടുപുഴ അൽഅസർ ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് ചെയർമാൻ കെ. എം. മൂസ നിർവ്വഹിച്ചു.

**4. പുലിയന്നൂർ ശാലോം സ്പെഷ്യൽ സ്കൂൾ ഉദ്ഘാടനം**

എഫ്.സി.കോൺഗ്രിഗേഷന്റെ മേൽനോട്ടത്തിൽ പുലിയന്നൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന ശാലോം സ്പെഷ്യൽ സ്കൂളിന്റെ നവീകരിച്ച കെട്ടിടത്തിന്റെ ആശീർവ്വാദകർമ്മം അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് നിർവ്വഹിച്ചു. പുതിയ സ്കൂൾ കെട്ടിടത്തിന്റെ ഉദ്ഘാടനം ജോസ് കെ. മാണി നിർവ്വഹിച്ചു. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ അരുണാപുരം പള്ളി വികാരി ഫാ. ജോസഫ് മണ്ണനാൽ അധ്യക്ഷത വഹിച്ചു. പാലാ നഗരസഭ ചെയർപേഴ്സൺ ബിജി ജോജോ കുടക്കച്ചിറ, മുത്തോലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് റൂബി ജോസ്, വർഗീസ് അലക്സാണ്ടർ, ഫാ. റോയി മാത്യു വടക്കേൽ, ഫാ. റോയി കണ്ണഞ്ചിറ സി.എം.ഐ. ജോസ് വർഗീസ്, ബി.സന്തോഷ് കുമാർ, രാജൻ മുണ്ടമറ്റം, മിനി മനോജ്, എഫ്.സി.സി. പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ ഗ്രേയ്സ് മുണ്ടപ്ലാക്കൽ, സ്കൂൾ പ്രിൻസിപ്പൽ സിസ്റ്റർ റീബ വേത്താനത്ത്, തോമസ് കോലടി തുടങ്ങിയവർ പ്രസംഗിച്ചു.

**5. അഭിനന്ദിച്ചു.**

എസ്.എസ്.എൽ.സി. പരീക്ഷയിൽ നൂറു ശതമാനം വിജയം നേടിയ മണ്ണയ്ക്കനാട് ഒ.എൽ.സി. ബധിരവിദ്യാലയത്തിലെ കുട്ടികളെയും ഹെഡ്മിസ്ട്രസ് സിസ്റ്റർ റിൻസി മാത്യു വാഴയ്ക്കാപ്പാറയെയും സ്കൂൾ അധ്യാപകരെയും കെയർഹോംസ് പാലാ രൂപത നേതൃസമിതി അഭിനന്ദിച്ചു.

**6. സ്പെഷ്യൽ സ്കൂൾ, ബധിരവിദ്യാലയ സ്കൂൾ, ബാലഭവൻ അഡ്മിഷൻ**

പാലാ രൂപതയിലെ സ്പെഷ്യൽ സ്കൂൾ, ബധിരവിദ്യാലയ സ്കൂൾ, ബാലഭവൻ എന്നീ സ്ഥാപനങ്ങളിലേക്ക് 2019 -2020 -ലെ പുതിയ അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ഇത്തരം സ്കൂളുകളിലേക്ക് അഡ്മിഷൻ ആഗ്രഹിക്കുന്നവർ ഷാലോമിലെ കെയർഹോംസ് ഓഫീസുമായി ബന്ധപ്പെടുക.

**ഫാ. സ്കറിയ വേകത്താനം (ഡയറക്ടർ)**

# കെ.എൽ.എം.

**1. തൊഴിലാളി ദിനാചരണം നടത്തി**

കേരള ലേബർ മൂവ്മെന്റ് പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ തൊഴിലാളി ദിനാചരണം നടത്തി. പ്രസിഡന്റ് സന്തോഷ് ജോസഫ് പുതിയാപറമ്പിൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. കെ.എൽ.എം. ഡയറക്ടർ ഫാ. സ്കറിയ വേകത്താനം മുഖ്യപ്രഭാഷണം നടത്തി.

**2. ഫാ. സ്കറിയ വേകത്താനം – കെ.എൽ.എം. റീജിയണൽ ഡയറക്ടർ**

കേരള ലേബർ മൂവ്മെന്റിന്റെ ചങ്ങനാശ്ശേരി റീജിയണിന്റെ (പാലാ, കാഞ്ഞിരപ്പള്ളി, ചങ്ങനാശ്ശേരി, കോട്ടയം, വിജയപുരം, തിരുവല്ല) ഡയറക്ടറായി കെ.എൽ.എം. സംസ്ഥാന സമിതി ഫാ. സ്കറിയ വേകത്താനത്തെ നിയമിച്ചു. ബഹു. അച്ചന് കെ.എൽ.എം. പാലാ രൂപതയുടെ അഭിനന്ദനങ്ങൾ.

**3. കെ.എൽ.എം. റീജിയണൽ മീറ്റിംഗ്**

കേരള ലേബർ മൂവ്മെന്റിന്റെ റീജിയൺ മീറ്റിംഗിൽ വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി ഹാളിൽ വച്ച് നടത്തി. സംസ്ഥാന പ്രസിഡന്റ് ഷാലു അലക്സ് മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിൽ ആമുഖപ്രഭാഷണം നടത്തി. വിവിധ രൂപതകളിലെ കെ.എൽ.എം. പ്രതിനിധികളെ പരിചയപ്പെടുത്തി. സംസ്ഥാന ജനറൽ സെക്രട്ടറി കെ.ജെ. തോമസ് കുരിശുങ്കൽ ചർച്ചകൾക്ക് നേതൃത്വം നൽകി. സമ്മേളനത്തിൽ വിവിധ രൂപതകളിലെ റിപ്പോർട്ടവതരിപ്പിച്ചു. ഫാ. സ്കറിയ വേകത്താനം, പി.സി. കുഞ്ഞാപ്പൻ, ഫാ. ഫെലിക്സ് ദേവസ്യാ പുത്തൻപറമ്പിൽ, ഫാ. റോബിൻ പേണ്ടാനത്ത് തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി. പാലാ രൂപതയിലെ നാല് കെ.എൽ.എം. ഭാരവാഹികൾ മീറ്റിംഗിൽ പങ്കെടുത്തു.

**4. ജോലി സാധ്യതകൾ**

a. ആർമി ഡെന്റൽകോറിൽ 65 ഒഴിവ്

ആർമി ഡെന്റൽകോറിൽ ഷോർട്ട് സർവ്വീസ് കമ്മീഷൻസ് ഓഫീസർ തസ്തികയിൽ 65 ഒഴിവുകളുണ്ട്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 10. യോഗ്യത: ബി.ഡി.എസ്./എം.ഡി.എസ്. (കുറഞ്ഞത് 55% മാർക്ക് നേടിയിരിക്കണം) ഒരു വർഷത്തെ റൊട്ടേറ്ററി ഇന്റേൺഷിപ്പ് 2019 മാർച്ച് 31 നകം പൂർത്തിയാക്കിയിരിക്കണം. പ്രായപരിധി 45 വയസ്സിൽ താഴെയായിരിക്കണം. വിശദവിവരങ്ങൾക്ക് www.indianarmy.nic.in.

b. മിലിട്ടറി പോലീസിൽ സ്ത്രീകൾക്ക് 100 ഒഴിവ്

കരസേനയിൽ വനിതാ മിലിട്ടറി പോലീസിൽ 100 ഒഴിവുകളുണ്ട്. ജൂൺ 8 വരെ ഓൺലൈനായി അപേക്ഷ സ്വീകരിക്കുന്നു. പ്രായം 17 1/5 – 21 സേനാംഗങ്ങളുടെ വിധവകൾക്ക് 30 വയസുവരെ ഉയർന്ന പ്രായപരിധിയിൽ ഇളവുണ്ട്. പത്താം ക്ലാസ് പരീക്ഷയിൽ മൊത്തം 45 ശതമാനം മാർക്ക് ലഭിച്ചിരിക്കണം. ഉയരം 142 സെ.മി. കായിക ക്ഷമത പരീക്ഷയിൽ വിജയിച്ചവർക്ക് എഴുത്തുപരീക്ഷ നടത്തും. കൂടുതൽ വിവരങ്ങൾക്ക് www.joinindianarmy.nic.in

a. നേവിയിൽ ചാർജ്മാൻ

ഇന്ത്യൻ നേവിയിൽ ചാർജ്മാൻ (മെക്കാനിക്) ചാർജ്മാൻ (അമ്യുണേഷൻ & എക്സ്പോസിവ്) തസ്തികളിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത : മെക്കാനിക്കൽ/ഇലക്ട്രിക്കൽ/ ഇലക്ട്രോണിക്സ്/പ്രോഡക്ഷൻ എഞ്ചിനീയറിംഗ് ഡിപ്ലോമ. ക്വാളിറ്റി കൺട്രോളർ, പ്രായം 30 വയസ്സ്. അപേക്ഷകൾ www.joinindiannavy.gov.in എന്ന വെബ്സൈറ്റിലൂടെ അപേക്ഷിക്കുക.

d. നേഴ്സ്, ടെക്നീഷ്യൻ

യു.എ.ഇയിലെ പ്രമുഖ ആശുപത്രിയിലേക്ക് രണ്ടു വർഷം പ്രവൃത്തി പരിചയമുള്ള ബി.എസ്.സി. നേഴ്സ്, ടെക്നീഷ്യൻ എന്നിവരെ തെരഞ്ഞെടുക്കുന്നു. ബയോഡേറ്റ സർട്ടിഫിക്കറ്റിന്റെ കോപ്പി www.uae.odepc@gmail.com എന്ന ഇമെയിലേക്ക് അയയ്ക്കുക. വിശദവിവരങ്ങൾക്ക് www.odepc.kerala.gov.in

e. കുവൈറ്റിൽ ഗാർഹികമേഖലയിൽ തൊഴിലവസരം

കുവൈറ്റിലെ അർധ സർക്കാർ സ്ഥാപനത്തിലേയ്ക്ക് ഗാർഹിക തൊഴിലാളികൾക്ക് അവസരം. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് 110 കുവൈറ്റ്, ദിനാർ (ഏകദേശം 25000 രൂപ) ശമ്പളം ലഭിക്കും. താമസവും ഭക്ഷണവും ഉൾപ്പെടെ റിക്രൂട്ട്മെന്റ് ചെലവ് തികച്ചും സൗജന്യമാണ്. കൂടുതൽ വിവരങ്ങൾക്ക് norkadsw@gmail.com അഥവാ 18004253939 (ഇന്ത്യയിൽ), 80918802012345 (വിദേശത്ത്) ൽ ലഭിക്കും.

f. എസ്.ബി.ഐ.യിൽ സ്പെഷ്യലിസ്റ്റ് ഓഫീസർ

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ സ്പെഷ്യലിസ്റ്റ് ഓഫീസർ തസ്തികയിൽ സ്ഥിരതാമസത്തിനുള്ള അപേക്ഷ ക്ഷണിച്ചു. അപേക്ഷിക്കേണ്ടവിധം www.sbi.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷിക്കുക.

g. സൗജന്യ നേഴ്സിംഗ് പഠനം

പ്ലസ്ടു പരീക്ഷയ്ക്കു 40 ശതമാനത്തിനുമുകളിൽ മാർക്കോടെ പാസായ നിർധനരായ പെൺകുട്ടികൾക്കു സൗജന്യ നേഴ്സിംഗ് പഠനത്തിനു അപേക്ഷിക്കാം. പാലക്കാട് ജില്ലയിൽ തച്ചമ്പാറയിൽ പ്രവർത്തിക്കുന്ന ദീനബന്ധു സ്കൂൾ ഓഫ് നേഴ്സിംഗിലേയ്ക്കാണ് പ്രവേശനം നൽകുന്നത്. മൂന്നു വർഷത്തെ ജനറൽ നേഴ്സിംഗ് ആൻഡ് മിസ് വൈഫറി കോഴ്സിലേക്കാണ് പ്രവേശനം. ഫോൺ : 9349797494.

h. പോളിടെക്നിക് / ഐ.ടി.ഐ. പഠനം

പത്താം ക്ലാസ്, പ്ലസ്ടു പഠനം പൂർത്തീകരിച്ച വിദ്യാർത്ഥികൾക്ക് കളമശ്ശേരി ലിറ്റിൽ ഫ്ളവർ ഇൻസ്റ്റിറ്റ്യൂട്ടിൽ പഠനസൗകര്യം ഉണ്ട്. കൂടാതെ പഠനം പൂർത്തീകരിക്കുന്നവർക്ക് 100 ശതമാനം ജോലി ലഭ്യമാക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഷലോമിൽ കെ.എൽ.എം. ഓഫീസുമായി ബന്ധപ്പെടുക.

**ഫാ. സ്കറിയ വേകത്താനം** (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**1. ലോഗോസ് ക്വിസ് – 2019**

ലോഗോസ് ക്വിസ് 2019 ന്റെ ഒരുക്കങ്ങൾ ആരംഭിച്ചു.

രജിസ്ട്രേഷൻ തുടങ്ങുന്നത്: 2019 ജൂൺ 1

രജിസ്ട്രേഷൻ അവസാനിക്കുന്നത് 2019 ജൂലൈ 31

**പഠനഭാഗങ്ങൾ**

നിയമാവർത്തനം 12 – 21, പ്രഭാഷകൻ 11 – 17

മത്തായി 19 – 28, വെളിപാട് 17 – 22

പഠനത്തിനായി ഉപയോഗിക്കേണ്ടത് പി. ഒ. സി ബൈബിളും ഇംഗ്ലീഷിന് എൻ. ആർ. എസ്. വി ബൈബിളുമാണ്.

പരീക്ഷാ സമയം : 2019 സെപ്റ്റംബർ 29.

ഉച്ചകഴിഞ്ഞ് 2 മുതൽ 3. 30 വരെ.

**2. ലോഗോസ് പഠനസഹായി**

ലോഗോസ് ക്വിസ് മത്സരത്തിന് സഹായകരമായ വിധത്തിൽ തയ്യാറാക്കിയ പഠനസഹായിയുടെ മലയാളം/ഇംഗ്ലീഷ് കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

**3. ബൈബിൾ കോഴ്സ്**

മേയ് മാസത്തിലെ ഏക വർഷ/ദ്വിവർഷ ക്ലാസ്സുകൾ ഫാ. സെബാസ്റ്റ്യൻ അടപ്പശ്ശേരിയും, ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കലും നയിച്ചു. അടുത്ത ക്ലാസ്സുകൾ ജൂൺ 8 ന് അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടക്കും.

**4. വിശുദ്ധനാട് തീർത്ഥാടനം**

ബൈബിൾ അപ്പസ്തോലേറ്റിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച വിശുദ്ധനാട് തീർത്ഥാടനം 2019 മേയ് 15 ന് ആരംഭിച്ച് 27 ന് തിരിച്ചെത്തി.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ

**1. ഉപവാസമദ്ധ്യസ്ഥപ്രാർത്ഥന കത്തീഡ്രലിൽ**

ഈ മാസം 3,10,17,24,31 തീയതികളിൽ പാലാ കത്തീഡ്രലിൽ വച്ച് രാവിലെ മുതൽ 3 വരെ ഉപവാസമദ്ധ്യസ്ഥപ്രാർത്ഥന നടത്തുന്നതാണ്. ഫാ. മാത്യു പുതിയിടം, ഫാ.വിൻസെന്റ് മൂങ്ങാമാക്കൽ, ബ്രദർ ജോയി നെല്ലിക്കുന്നേൽ, ഇവാഞ്ചലൈസേഷൻ ടീമംഗങ്ങൾ തുടങ്ങിയവർ നേതൃത്വം നല്കുന്നു.

**2. സെൽ പ്രാർത്ഥന ഷാലോമിൽ**

ഈ മാസം 6,13,20,27 തീയതികളിൽ പാലാ ഷാലോം സെന്ററിൽ വച്ച് വൈകുന്നേരം 4.30 മുതൽ 6 വരെ സെൽ പ്രാർത്ഥന നടത്തി. ഇവാഞ്ചലൈസേഷന്റെയും കരിസ്മാറ്റിക്സിന്റെയും വിവിധ പ്രവർത്തനങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥം വഹിച്ച് പ്രാർത്ഥിച്ചു. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ജയിംസ് മാറാട്ടുകുളം, തങ്കച്ചൻ സ്രാമ്പിക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

**3. മദ്ധ്യസ്ഥപ്രാർത്ഥന ഷാലോമിൽ**

ഈ മാസം 1,2,6,7,8,9,13,14,15,16,20,21,22,23,27,28,29,30 തീയതികളിൽ ഷാലോമിൽ വച്ച് മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി. രൂപതയുടെയും ഇവാഞ്ചലൈസേഷന്റെയും വിവിധ പ്രവർത്തനങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥം വഹിച്ച് പ്രാർത്ഥിച്ചു. ശ്രീമതി ആലീസ് കട്ടക്കയം, മോനിക്ക മാങ്കാലായിൽ, ജോസഫ് കുന്നക്കാട്ട്, മേരി പറമ്പിൽ തുടങ്ങിയവർ നേതൃത്വം നൽകി.

**4. ഇവാഞ്ചലൈസേഷൻ മിനിസ്ട്രി കൂട്ടായ്മ**

രൂപതയിൽ പ്രവർത്തിക്കുന്ന കോളനി, ആശുപത്രി, ജയിൽ, മദ്യപാനം, മദ്ധ്യസ്ഥപ്രാർത്ഥന, ആത്മഹത്യയ്ക്കെതിരെയുള്ള മിനിസ്ട്രികളിൽ പ്രവർത്തിക്കുന്നവർ ഈ മാസം 15-ാം തീയതി ഷാലോമിൽ വച്ച് കൂടി. കഴിഞ്ഞ മാസം പ്രവർത്തിച്ച കാര്യങ്ങൾ ചർച്ച ചെയ്യുകയും അടുത്ത മാസങ്ങളിൽ പ്രവർത്തിക്കേണ്ട കാര്യങ്ങൾ പ്ലാൻ ചെയ്യുകയും അടുത്ത മാസം മൂലമറ്റം അസ്സീസി ഭവനിൽ വച്ച് ഔട്ട്റീച്ച് പ്രോഗ്രാം നടത്താൻ പ്ലാൻ ചെയ്യുകയും ചെയ്തു. ബ്രദർ ജോസ് ചേറ്റുതോട് വചനം പങ്കുവയ്ക്കുകയും ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, തങ്കച്ചൻ സ്രാമ്പിക്കൽ തുടങ്ങിയവർ നേതൃത്വം നൽകുകയും ചെയ്തു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1. വചനദീപ്തിധ്യാനം**

മീനച്ചിൽ സെന്റ് ആന്റണീസ് ദൈവാലയത്തിൽ വചനദീപ്തി തുടർധ്യാനം മെയ് മാസം 3-ാം തീയതി വെള്ളിയാഴ്ച നടത്തി. റവ.ഫാ. ജെയിംസ് പന്നാംകുഴി OSB വചനശുശ്രൂഷ നയിച്ചു.

**2. കരിസ്മാറ്റിക് ദിനവും മിനിസ്ട്രി കൂട്ടായ്മയും**

എല്ലാ മാസാദ്യ ശനിയാഴ്ചകളിലും നടന്നുവരുന്ന കരിസ്മാറ്റിക് നേതൃത്വത്തിലുള്ളവരുടെ സംഗമവും മിനിസ്ട്രികളുടെ കൂട്ടായ്മയും മെയ് 4-ാം തീയതി ശനിയാഴ്ച 9.30 മുതൽ 3 വരെ ഷാലോം പാസ്റ്ററൽ സെന്ററിൽ നടന്നു. ബ്രദർ ജിൻസൻ വർഗീസ് പെരുമ്പാവൂർ വചനശുശ്രൂഷ നയിച്ചു. സോണൽ ഡയറക്ടർ റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ പ്രസംഗിച്ചു. സോണൽ സേവനസമിതി അംഗങ്ങളും പ്രവിത്താനം സബ് സോൺ സേവനസമിതി അംഗങ്ങളും പ്രോഗ്രാമിന് നേതൃത്വം നൽകി.

**3. സേവനസമിതി മീറ്റിംഗ്**

സേവനസമിതി മീറ്റിംഗ് മെയ് 16-ാം തീയതി വ്യാഴാഴ്ച കൊടുമ്പിടി താബോർ ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തപ്പെട്ടു. റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ നേതൃത്വം വഹിച്ചു.

**4. വരദാന മദ്ധ്യസ്ഥപ്രാർത്ഥന**

സോണൽ സേവനസമിതി അംഗങ്ങളുടെ നേതൃത്വത്തിൽ വിവിധ സബ് സോൺ കേന്ദ്രീകരിച്ച് വരദാന മദ്ധ്യസ്ഥപ്രാർത്ഥന നടത്തിവരുന്നു. 9 സബ് സോണുകൾ ഇതിൽ പങ്കാളികളായി.

**5. ജീസസ് എയ്ഞ്ചൽസ് ധ്യാനം**

മെയ് മാസം 14 മുതൽ 16-ാം തീയതിവരെ കൊടുമ്പിടി താബോർ ധ്യാനകേന്ദ്രത്തിൽ വച്ച് 4 മുതൽ 7 വരെയുള്ള ക്ലാസിലെ കുട്ടികൾക്ക് ജീസസ് എയ്

ഞ്ചൽസ് ധ്യാനം നടത്തപ്പെട്ടു. അവസാനദിവസം മാതാപിതാക്കളും ധ്യാനത്തിൽ പങ്കെടുത്തു. റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ നേതൃത്വം നൽകി. ലിൻസി കുരിശുംമൂട്ടിൽ കോർഡിനേറ്റ് ചെയ്തു. 500 ഓളം കുട്ടികൾ പങ്കെടുത്തു.

**6. KCCRST യിലേയ്ക്ക് തിരെഞ്ഞെടുത്തു.**

2019-2022 വരെയുള്ള പ്രവർത്തനവർഷത്തിലെ സംസ്ഥാനസേവന സമിതിയിലേയ്ക്ക് നമ്മുടെ സേവനസമിതി അംഗമായ ഡോ. ബീന സാബു പൊടിമറ്റം തിരെഞ്ഞടുക്കപ്പെട്ടു. ട്രഷറർ ചുമതലയാണ് ഏറ്റെടുത്തിരിക്കുന്നത്.

**7. പന്തക്കുസ്താ തിരുനാളും മിഷൻ ദിനാചരണവും**

ജൂൺ 9-ാം തീയതി രാവിലെ 9.30 മുതൽ 3 മണി വരെ പാലാ കത്തീഡ്രലിൽ വച്ച് നടക്കുന്ന പന്തക്കുസ്താദിനശുശ്രൂഷകൾ വിജയപുരം രൂപതാ വികാരി ജനറാൾ മോൺ. ജോസ് നവാസ് നയിക്കുന്നു. തിരുനാളിന് ഒരുക്കമായി വിവിധ സബ് സോണുകളുടെ നേതൃത്വത്തിൽ അഖണ്ഡജപമാലയും ആരാധനയും 31-ാം തീയതി മുതൽ പാലായിൽ വച്ച് നടത്തപ്പെടുന്നു.

**8. അദിലാബാദ് പാലാ മിഷൻ സന്ദർശനം**

സോണൽ കോർഡിനേറ്റർ ശ്രീ. സണ്ണി പള്ളിവാതുക്കലിന്റെ നേതൃത്വത്തിൽ ഏപ്രിൽ 27-ാം തീയതി മുതൽ മെയ് 6-ാം തീയതി വരെ അദിലാബാദ് പാലാ മിഷൻ കേന്ദ്രങ്ങൾ സന്ദർശിച്ചു. പുതിയതായി നിർമ്മിക്കുന്ന പള്ളിക്ക് ആവശ്യമായ പള്ളി സാമഗ്രികൾ എത്തിച്ചു കൊടുക്കുകയും ഗ്രാമങ്ങൾ സന്ദർശിച്ച് പ്രാർത്ഥനകൾ നടത്തുകയും ചെയ്തു.

**9. രാത്രി ആരാധന**

രൂപതാ സേവനസമിതിയുടെ നേതൃത്വത്തിൽ മാസാവസാന ശനിയാഴ്ചകളിൽ ഭരണങ്ങാനം വി. അൽഫോൻസാതീർത്ഥാടനദൈവാലയത്തിൽ വച്ച് നടന്നുവരുന്ന രാത്രി ആരാധന മെയ് 25-ാം തീയതി ശനിയാഴ്ച 7 മണിക്ക് വി. കുർബാനയോടുകൂടി ആരംഭിച്ച് വെളുപ്പിന് 4 മണിക്ക് വി. കുർബാനയോടുകൂടി അവസാനിച്ചു. ബ്രദർ ബേബി ജോൺ കലയന്താനി വചനശുശ്രൂഷ നയിച്ചു. ഫാ. ജോസ് വള്ളോംപുരയിടം, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, കരിസ്മാറ്റിക് അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (ഡയറക്ടർ)**

---

## മൗണ്ട് നെബോ ധ്യാനകേന്ദ്രം

---

ഏപ്രിൽ ഇരുപത്തേഴാം തിയതി ശനിയാഴ്ച രാവിലെ 8.30 മുതൽ 2.30 വരെ ഡയറക്ടർ ഫാ. തോമസ് വാഴചാരിയ്ക്കൽ, അസി. ഡയറക്ടർ ഫാ. ജോർജ് തെരുവിൽ എന്നിവരുടെ നേതൃത്വത്തിൽ ഏകദിന ദൈവരാജ്യാനുഭവശുശ്രൂഷ നടത്തപ്പെട്ടു. മെയ് പന്ത്രണ്ടാം തീയതി മുതൽ പതിനെട്ടാം തീയതിവരെ വാഗമൺ പള്ളിയങ്കണത്തിൽ പുന:ക്രമീകരിച്ച ശുശ്രൂഷാവേദിയിൽ വച്ച് നടത്തപ്പെട്ട

ദൈവരാജ്യാനുഭവധ്യാനത്തിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സന്ദേശം നൽകി. മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി ആരംഭിച്ച ധ്യാനത്തിന് ഡയറക്ടർ, അസി. ഡയറക്ടർ എന്നിവർക്കൊപ്പം, ഫാ. ജോർജ് വയലിൽകളപ്പുര CMI, ഫാ. ചെറിയാൻ മൂലയിൽ, ഫാ. സെബാസ്റ്റ്യൻ തോട്ടുങ്കൽ OFM Cap, ഫാ. ആന്റണി വാഴയിൽ, ഫാ. ജയിംസ് കാണക്കല്ലിൽ, ഫാ. ജസ്റ്റിൻ മേപ്പുറത്ത് HGN, ഫാ. മാത്യു പിണക്കാട്ട്, ഫാ. ജോസഫ് തെരുവിൽ, ഫാ. മാത്യു കുരിശുംമൂട്ടിൽ, അഡ്വ. സെബി ചെറിയാൻ വിലങ്ങുപാറ, സി. റോസിലി കുറിച്ച്യാപറമ്പിൽ ASI, സണ്ണി മാന്നാത്ത്, ജോസ് ടോം കാടൻകാവിൽ, ബിനി കലൂർ, മനോജ് വാഗമൺ എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. മൗണ്ട് നെബോയിൽ അടുത്ത ദൈവരാജ്യാനുഭവധ്യാനം ജൂൺ രണ്ട് മുതൽ എട്ട് വരെ. ബുക്കിംഗിന്: 9847472522, 9747252227, 9447488624 എന്നീ നമ്പറുകളിൽ വിളിക്കുക.

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)
**ഫാ. ജോർജ് തെരുവിൽ** (അസി. ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായ സഭ

**ഫ്രാൻസിസ്കൻ അല്മായസഭ (S.R.O.)**

അൽഫോൻസാ തീർത്ഥാടനം വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് അല്മായ സഭ നടത്തിവരുന്ന ജപമാലറാലി ജൂലൈ 20-ന് നടക്കും. രാവിലെ 10-ന് സെമിനാർ 12.30 ന് സ്നേഹവിരുന്ന്, 1.30-ന് അസ്സീസി ആശ്രമ ദൈവാലയാങ്കണത്തിൽ നിന്നും റാലി ആരംഭിക്കും. 2.30 ന് വി. കുർബാന അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ ഫാ. ആന്റണി വെച്ചൂർ OFM Cap , ജോ സെബാസ്റ്റ്യൻ പ്രൊവിൻഷ്യൽ സെക്രട്ടറി അല്മായ സഭ. സെന്റ് ജോസഫ് കപ്പൂച്ചിൻ സെക്രട്ടറിയായി ജോ സെബാസ്റ്റ്യൻ മണിക്കൊമ്പേലിനെ പ്രൊവിൻഷ്യൽ സൂപ്പീരിയർ ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ നിയമിച്ചു. ചങ്ങനാശ്ശേരി കോട്ടയം അതിരൂപതകൾ, പാലാ, കോതമംഗലം, ഇടുക്കി രൂപതകളിലെ അല്മായ സഭയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നതിനാണ് പുതിയ പ്രൊവിൻഷ്യൽ കമ്മറ്റിയെ തിരഞ്ഞെടുത്തത്. പാലാ രൂപതാ പ്രസിഡന്റ് രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗം എന്നീ സ്ഥാനങ്ങൾ വഹിക്കുന്ന ജോ സെബാസ്റ്റ്യൻ ചെമ്മലമറ്റം പന്ത്രണ്ടു ശ്ലീഹന്മാരുടെ പള്ളി ഇടവകാംഗവുമാണ്.

**ഫാ. ആന്റണി വെച്ചൂർ** OFM Cap (ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1. ഇല്ല്യാരി യൂണിറ്റ് സന്ദർശിച്ചു**

ഡി.എഫ്.സി. ഇല്ല്യാരി യൂണിറ്റ് സന്ദർശിച്ചു. പ്രസിഡന്റ് കുര്യാക്കോസ്, അഗസ്റ്റിൻ പാറപ്ലാക്കൽ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. വികാരി ഫാ. തോമസ് കാലാച്ചിറയിൽ, ഫാ. സ്കറിയ വേകത്താനം തുടങ്ങിയവർ പ്രസംഗിച്ചു.

**2. തുടങ്ങനാട് യൂണിറ്റ് സന്ദർശിച്ചു**

തുടങ്ങനാട് ഡി.എഫ്.സി. യൂണിറ്റ് സന്ദർശിച്ചു. പ്രസിഡന്റ് അലക്സാണ്ടർ കല്ലറയ്ക്കൽ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. വികാരി റവ.ഫാ. തോമസ് പുല്ലാട്ട്, ഫാ. സ്കറിയ വേകത്താനം, ഫാ. ഫ്രാൻസിസ് മാട്ടേൽ, ബിജു കദളിയിൽ തുടങ്ങിയവർ പ്രസംഗിച്ചു.

**3. നീലൂർ യൂണിറ്റ് സന്ദർശിച്ചു.**

ഡി.എഫ്.സി. പാലാ രൂപത സമിതി നീലൂർ യൂണിറ്റിൽ സന്ദർശനം നടത്തി. പ്രസിഡന്റ് എ.ജെ. മാത്യു അരീപറമ്പിൽ അദ്ധ്യക്ഷത വഹിച്ച മീറ്റിംഗിൽ വികാരി ഫാ. ജോർജ് മടുക്കാവിൽ, ഫാ. സ്കറിയ വേകത്താനം തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**4. ചക്കസംസ്കരണശില്പശാല സംഘടിപ്പിച്ചു.**

ഡിഎഫ്സി ജിയോവാലി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ചക്ക സംസ്ക്കരണ ശില്പശാല സംഘടിപ്പിച്ചു. ജെയ്സി സണ്ണി പനന്താനം അധ്യക്ഷത വഹിച്ച ശില്പശാലയിൽ വികാരി ഫാ. ജോർജ് അമ്പഴത്തിനാൽ പരിശീലനക്ലാസ് ഉദ്ഘാടനം ചെയ്തു.

**5. ദീപിക ഫ്രണ്ട്സ് ക്ലബ് അവലോകനയോഗം പാലാ അരമനയിൽ**

ദീപിക ഫ്രണ്ട്സ് ക്ലബിന്റെ അവലോകനയോഗം പാലാ അരമനയിൽ വച്ച് നടത്തി. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ദീപിക ചീഫ് എഡിറ്റർ റവ.ഫാ. മാത്യു ചന്ദ്രൻകുന്നേൽ മുഖ്യപ്രഭാഷണം നടത്തി. ദീപിക ചീഫ് എഡിറ്റർ റവ.ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ, ഫാ. ജിനോ പുന്നമറ്റത്തിൽ, ഫാ. സ്കറിയ വേകത്താനം, ഡോ. സണ്ണി വി. സ്കറിയ, ടോമി തുരുത്തിക്കര, ഡോ. ജോർജുകുട്ടി വട്ടോത്ത്, സാലിമ്മ ജോളി അറയ്ക്കൽ തുടങ്ങിയവർ പ്രസംഗിച്ചു. മോൺ ജോസഫ് കുഴിഞ്ഞാലിൽ, മോൺ സെബാസ്റ്റ്യൻ വേത്താനത്ത്, വിവിധ കോൺഗ്രിഗേഷനിലെ പ്രതിനിധികൾ, ഡിഎഫ്സി ഭാരവാഹികൾ എന്നിവർ യോഗത്തിൽ സംബന്ധിച്ചു.

**6. ഡിഎഫ്സി രാമപുരം ഫൊറോന മീറ്റിംഗ്**

ഡിഎഫ്സി രാമപുരം ഫൊറോനാ മീറ്റിംഗ് രാമപുരം പാരിഷ് ഹാളിൽ വച്ച് നടത്തി. വനിതാപ്രസിഡന്റ് മേരിക്കുട്ടി അഗസ്റ്റിൻ വടക്കുംകര മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. വികാരി റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ഫാ. ഫ്രാൻസീസ് ഇടത്തിനാൽ, ഡോ. സണ്ണി വി. സ്കറിയ, ടോമി തുരുത്തിക്കര ബേബി തൈരംചേരിൽ തുടങ്ങിയവർ പ്രസംഗിച്ചു. ഡിഎഫ്സി യുടെ വനിതാ യൂണിറ്റ് പുനഃസംഘടിപ്പിച്ചു. പുതിയമേഖലയിലെ രക്ഷാധികാരി, ഡയറക്ടർ എന്നിവർക്ക് യോഗത്തിൽ സ്വീകരണം നൽകി.

**7. ഡിഎഫ്സി തീക്കോയി ഫൊറോന മീറ്റിംഗ്**

ദീപിക ഫ്രണ്ട്സ് ക്ലബ് തീക്കോയി ഫൊറോന യോഗം പള്ളി ഹാളിൽ വച്ച് കൂടി. മേഖല പ്രസിഡന്റ് ജോജോ പുന്നപ്ലാക്കൽ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. പുതിയ മേഖലാ രക്ഷാധികാരി റവ.ഫാ. തോമസ് മേനാച്ചേരി, മേഖലാ

ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ വലിയവീട്ടിൽ കളപ്പുര എന്നിവർക്ക് സ്വീകരണം നൽകി. ജോർജ് വടക്കേൽ ജോർജ് വട്ടപ്പലം തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**8. ഡിഎഫ്സി ഇലഞ്ഞി ഫൊറോനാ യോഗം**

ദീപിക ഫ്രണ്ട്സ് ക്ലബ് ഇലഞ്ഞി ഫൊറോനായോഗം പള്ളി ഹാളിൽ വച്ച് നടത്തി. മേഖല പ്രസിഡന്റ് ബിജു തറമഠത്തിൽ യോഗത്തിൽ അധ്യക്ഷത വഹിച്ചു. പുതിയ മേഖലാ ഡയറക്ടറായി ചാർജ്ജെടുത്ത ഫാ. സെബാസ്റ്റ്യൻ ചാമക്കാലായ്ക്ക് സ്വീകരണം നൽകി. മേഖലയെ രണ്ടു സോണായി തിരിച്ച് 2 കോർഡിനേറ്റർമാരെ തെരഞ്ഞെടുത്തു. (1) ബേബിച്ചൻ മാലയിൽ മുത്തോലപുരം, (2) ജോർജ് അലക്സ് ആനക്കോട്ടിൽ, മുളക്കുളം, ഫാ. സ്കറിയ വേകത്താനം ചർച്ചകൾക്ക് നേതൃത്വം നൽകി.

**9. കടുത്തുരുത്തി ഫൊറോന മീറ്റിംഗ്**

ഡി.എഫ്.സി. കടുത്തുരുത്തി ഫൊറോനാ മീറ്റിംഗ് പള്ളിമേടയിൽ വച്ച് നടത്തി. മേഖലാ പ്രസിഡന്റ് വി.ജെ. അബ്രാഹം വടകരക്കാലായിൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ടോമി തുരുത്തിക്കര മുഖ്യപ്രഭാഷണം നടത്തി.

**10. ഡിഎഫ്സി സംസ്ഥാന പ്രതിനിധി മീറ്റിംഗ് കോട്ടയത്ത്**

ഡി.എഫ്.സി. യുടെ സംസ്ഥാന പ്രതിനിധി മീറ്റിംഗ് കോട്ടയത്തുവച്ച് നടത്തി. ദീപിക എം.ഡി. റവ.ഫാ. മാത്യു ചന്ദ്രൻകുന്നേൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. റവ.ഫാ. ബോബി അല്ക്സ് മണ്ണംപ്ലാക്കൽ, ഫാ. ജിനോ പുന്നമറ്റത്തിൽ, ഫാ. റെജി മനക്കലേട്ട് തുടങ്ങിയവർ പ്രസംഗിച്ചു. വിവിധ രൂപതകളിലെ റിപ്പോർട്ട വതരിപ്പിച്ചു. പാലാ രൂപതയിൽനിന്ന് അഞ്ചു പ്രതിനിധികൾ പങ്കെടുത്തു.

**11. ഡിഎഫ്സി സാഹിത്യവേദി സംഗമം**

ഡി.എഫ്.സി.പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് ക്രൈസ്തവസാഹിത്യകാരന്മാരുടെ സംഗമം നടത്തി. വനിതാ സെക്രട്ടറി ജെയ്സി സണ്ണി പനത്താനത്ത് അധ്യക്ഷത വഹിച്ച മീറ്റിംഗിൽ പാലാ നഗരസഭാധ്യക്ഷ ബിജി ജോജോ കുടക്കച്ചിറ സാഹിത്യവേദി ഉദ്ഘാടനം ചെയ്തു. ശ്രീ. കുര്യാസ് കുമ്പളക്കുഴി മുഖ്യപ്രഭാഷണം നടത്തി. വിവിധ സാഹിത്യകാര ന്മാരെ പരിചയപ്പെട്ടു. ഫാ. സ്കറിയ വേകത്താനം, ടോമി തുരുത്തിക്കര, ജോയി മുത്തോലി, ജോർജുകുട്ടി വട്ടോത്ത് തുടങ്ങിയവർ പ്രസംഗിച്ചു.

**12. ചക്ക സംസ്കരണ ശില്പശാല മേരിലാന്റ് യൂണിറ്റിൽ**

ഡി.എഫ്.സി.യുടെ ആഭിമുഖ്യത്തിൽ മേരിലാന്റ് ഇടവകയിൽ ചക്ക സംസ്കരണ ശില്പശാല സംഘടിപ്പിച്ചു. രൂപതാ സെക്രട്ടറി ടോമി തുരുത്തി ക്കര പഠനക്ലാസ് ഉദ്ഘാടനം ചെയ്തു. വികാരി ഫാ. ജോസഫ് കുമ്മിണിയിൽ പരിപാടികൾക്ക് അധ്യക്ഷത വഹിച്ചു. ഡെയ്സമ്മ സെബാസ്റ്റ്യൻ ചൊവ്വാറ്റുകു ന്നേൽ ശില്പശാല നയിച്ചു. യൂണിറ്റിലെ ഡിഎഫ്സി ഭാരവാഹികൾ പരിപാടി കൾക്ക് നേതൃത്വം നൽകി.

**13. അനുശോചിച്ചു.**

ഡിഎഫ്സി രാമപുരം മേഖലാ പ്രസിഡന്റ് അഡ്വ. ജോസഫ് കണ്ടത്തിലിന്റെ പിതാവ് കെ.ജെ. സെബാസ്റ്റ്യന്റെ (കുട്ടിച്ചേട്ടൻ 80 വയസ്) നിര്യാണത്തിൽ രൂപതാ സമിതി അനുശോചിച്ചു.

ഡിഎഫ്സി പാലാ മേഖലയുടെ മുൻ ഡയറക്ടറായിരുന്ന ഫാ. ജോസ് തറപ്പേലിന്റെ പിതാവ് റ്റി.കെ. ജോസഫിന്റെ നിര്യാണത്തിൽ രൂപതാ സമിതി അനുശോചനം രേഖപ്പെടുത്തു.

ഡിഎഫ്സി തീക്കോയി യൂണിറ്റ് ഭാരവാഹിയായ ജെയ്സമ്മ ഇടയോടിയുടെ സഹോദരൻ എം.ജെ. സ്കറിയ മാപ്പിളശ്ശേരിയുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി.

ഡിഎഫ്സി ഉള്ളനാട് യൂണിറ്റിലെ എക്സിക്യൂട്ടിവംഗമായ വടക്കേടത്ത് മറീന ഷാജിയുടെ നിര്യാണത്തിൽ ഡിഎഫ്സി രൂപതാ നേതൃസമിതി അനുശോചിച്ചു.

ഡിഎഫ്സി മേവട യൂണിറ്റംഗമായ സലോമി തെക്കേ ചൂരനോലിയുടെ ആകസ്മിക വേർപാടിൽ ഡിഎഫ്സി നേതൃസമിതി അനുശോചിച്ചു.

നമ്പ്യാകുളം ഇടവകാംഗവും ദീപികയുടെ കുറവിലങ്ങാട് ഏരിയാ മാനേജരുമായ കിഴക്കേ ആനിത്തോട്ടം ജോസഫ് ജോർജിന്റെ അമ്മ റോസമ്മ വർക്കിയുടെ നിര്യാണത്തിൽ നേതൃസമിതി അനുശോചനം രേഖപ്പെടുത്തി.

**14. മാധ്യമ സെമിനാർ–പൈങ്ങുളം**

ഡി.എഫ്.സി. യുടെ നേതൃത്വത്തിൽ പൈങ്ങുളം ഇടവകയിൽ മാധ്യമ സെമിനാർ നടത്തി. യൂണിറ്റ് പ്രസിഡന്റ് പ്രിൻസ് അഗസ്റ്റിൻ കുര്യത്ത് മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. വികാരി ഫാ. തോമസ് ഇല്ലിമൂട്ടിൽ ആമുഖപ്രഭാഷണം നടത്തി. ഫാ. സ്കറിയ വേകത്താനം, ടോമി തുരുത്തിക്കര എന്നിവർ പ്രസംഗിച്ചു. യൂണിറ്റിലെ ഡിഎഫ്സി സമിതി പുനഃസംഘടിപ്പിച്ചു.

**15. മാധ്യമസെമിനാർ – വേഴങ്ങാനം**

വേഴങ്ങാനം ഇടവകയിൽ മാധ്യമസെമിനാർ നടത്തി. യൂണിറ്റ് പ്രസിഡന്റ് ആകാശ് ടോമി തെങ്ങുംപള്ളിൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. വികാരി ഫാ. സെബാസ്റ്റ്യൻ കണിയാംപടിക്കൽ, ടോമി തുരുത്തിക്കര, ജോയി ഓരത്തുംപുറത്ത് തുടങ്ങിയവർ പ്രസംഗിച്ചു. ഫാ. സ്കറിയ വേകത്താനം സെമിനാർ നയിച്ചു. ഇടവകയുടെ മാധ്യമസർവ്വേ ലിസ്റ്റ് വികാരി ഫാ. സെബാസ്റ്റ്യൻ കണിയാംപടി കോർഡിനേറ്റർ ഫാ. സ്കറിയ വേകത്താനത്തിനു നല്കി ഉദ്ഘാടനം ചെയ്തു.

**16. മാധ്യമസെമിനാർ – പയ്യാനിത്തോട്ടം**

ഇടവകയിൽ മാധ്യമസെമിനാർ നടത്തി. വികാരി ഫാ. മാത്യു ചേന്നാട് മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. രൂപത കോർഡിനേറ്റർ ഫാ. സ്കറിയ വേകത്താനം, ഫാ. സിറിയക് കൊച്ചുകൈപ്പട്ടിയിൽ, ടോമി തുരുത്തിക്കര, സ്റ്റാൻലി വെട്ടുകല്ലേൽ, സെബാസ്റ്റ്യൻ പുല്ലാട്ട് തുടങ്ങിയവർ പ്രസംഗിച്ചു. ഡിഎഫ്സി പുരുഷ-വനിതാ യൂണിറ്റ് പുനഃസംഘടിപ്പിച്ചു.

**17. ഡ്രീംലൈൻ പ്രോജക്ട് പൈങ്ങുളം**

ദീപികദിനപത്ര പ്രചാരണപരിപാടി സംഘടിപ്പിച്ചു. ഫാ. സ്കറിയ വേകത്താനം മുഖ്യപ്രഭാഷണം നടത്തി. ഇടവകയിലെ ദീപിക പ്രചാരണപരിപാടിക്ക് വികാരി ഫാ. തോമസ് ഇല്ലിമൂട്ടിൽ, സജി കോയിപ്പുറം, റോയി മാളിയേക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

**18. ഡ്രീംലൈൻ പ്രോജക്ട് – വേഴങ്ങാനം**

ദീപിക പ്രചാരണ പരിപാടി നടത്തി. ഇടവകാംഗത്തിന് ദീപിക പത്രം നൽകി ഫാ. സ്കറിയ വേകത്താനം ഡ്രീംലൈൻ പ്രോജക്ട് ഉദ്ഘാടനം ചെയ്തു. വികാരി ഫാ. സെബാസ്റ്റ്യൻ കണിയാംപടി, സജി കോയിപ്പുറം, ആകാശ് തെങ്ങുംപള്ളിൽ, ഡിഎഫ്സി. ഭാരവാഹികൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**19. ഡ്രീംലൈൻ പ്രോജക്ട് – പയ്യാനിത്തോട്ടം**

ഇടവകയിൽ ഡ്രീംലൈൻ പ്രോജക്ട് നടപ്പിലാക്കി. വികാരി ഫാ. മാത്യു ചേന്നാട്, ഫാ. സ്കറിയ വേകത്താനം, ഡിഎഫ്സി ഭാരവാഹികൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**ഫാ. സ്കറിയ വേകത്താനം** (കോർഡിനേറ്റർ)

# Received Heavenly Reward



# ആദരാഞ്ജലികൾ



## സിസ്റ്റർ മേരി പടവിൽ

പാലാരൂപത കവീക്കുന്ന് ഇടവകയിൽ പടവിൽ കുടുംബത്തിൽ പരേതരായ വർക്കി പടവിലിയും, ഏലിക്കുട്ടി മുരിക്കയും 9 മക്കളിൽ എട്ടാമത്തെ മകളായി പെണ്ണമ്മ എന്ന ഓമനപ്പേരിൽ അറിയപ്പെട്ടിരുന്ന സിസ്റ്റർ മേരി 1933, മാർച്ച് 19ന് ഭൂജാതയായി. കവീക്കുന്ന് St. Ephrem's-ൽ നിന്ന് പ്രാഥമിക വിദ്യാഭ്യാസവും പാലാ St. Mary's Hight School-ൽ നിന്ന് High School -വിദ്യാഭ്യാസവും പൂർത്തിയാക്കിയ സിസ്റ്റർ മേരി 1952-ൽ മെഡിക്കൽ മിഷൻ സന്യാസ സഭയിൽ ചേർന്നു. കോട്ടയത്ത് സന്യാസ പരിശീലനം പൂർത്തിയാക്കി. 1955-ൽ പ്രഥമവ്രതവാഗ്ദാനവും, 1960-ൽ നിത്യവ്രതവാഗ്ദാനവും ചെയ്തു. Mandar, Patna, Delhi, Bombay എന്നിവിടങ്ങളിൽ നിന്ന് വിവിധ തലങ്ങളിലും Nursing പരിശീലനം പൂർത്തിയാക്കി. രോഗീപരിചരണം, Nursing Tuitor, Nursing School Principal, Principal of Alzheimer's Training, Village Health Worker എന്നിങ്ങനെ വിവിധ മേഖലകളിൽ ചെത്തിപ്പുഴ, ഭരണങ്ങാനം, എറണാകുളം, കൊഹിമ (നാഗാലാന്റ്) എന്നീ സ്ഥലങ്ങളിൽ സ്തുത്യർഹമായ സേവനമനുഷ്ഠിച്ചു.

തന്നെ ഏല്പിച്ച ഏത് ഉത്തരവാദിത്വവും ഏറ്റം ആത്മാർത്ഥതയോടെ നിർവഹിച്ച സിസ്റ്റർ മേരി തന്റെ ജീവിത സായാഹ്നത്തിൽ പോലും തന്റെ സന്യാസ സഭയിലെ സഹോദരിമാരുടെ രോഗാവസ്ഥയിൽ ഏറെ സ്നേഹത്തോടും കരുതലോടും കൂടെ അവരെ ശുശ്രൂഷിക്കുകം ഏറ്റം ചെറിയ കാര്യങ്ങളിൽ പോലും അതീവ ശ്രദ്ധയോടെ അവരെ പരിചരിക്കുകയും ചെയ്തു. ഇങ്ങനെ ദൈവം തന്നെ ഭരമേൽപിച്ച താലന്തുകൾ ഏറ്റം വിശ്വസ്തതയോടെ ഉപയോഗിച്ച് ദൈവതിരുമുമ്പിലേയ്ക്ക് യാത്രയായി.

എപ്പോഴും കർമ്മ നിരതയായിരുന്നു സിസ്റ്റർ മേരി. ചെടികളേയും പൂക്കളേയും, പക്ഷി മൃഗാദികളേയും സ്നേഹിച്ചു വളർത്തുന്നത് സിസ്റ്റർ മേരിയുടെ ഇഷ്ടവവിനോദമായിരുന്നു. തന്റെ സ്വതസിദ്ധമായ കരവേലകളാൽ പാഴ് വസ്തു

ക്കളിൽ നിന്നും മനോഹരമായ കലാസൃഷ്ടികൾ മെനഞ്ഞെടുക്കുന്നത് സിസ്റ്ററിന് ഏറെ ആത്മ സംതൃപ്തി നൽകിയിരുന്നു. ദൈവപരിപാലനയിൽ ഏറ്റം ആശ്രയിച്ചിരുന്ന മേരിയമ്മ പ്രാർത്ഥനയ്ക്കായി ഏറെ സമയം മാറ്റി വച്ചിരുന്നു. സ്തുതിപ്പുകളും സങ്കീർത്തനങ്ങളും ഏറെ ഇഷ്ടപ്പെട്ടിരുന്ന സിസ്റ്റർ " ദൈവം സ്നേഹമാണ് ആ കരങ്ങളിൽ നമ്മൾ സുരക്ഷിതരാണ്. എന്ന ദൈവ വചനം സ്വജീവിതം കൊണ്ട് തെളിയിച്ചുതന്ന മഹത് വ്യക്തിയാണ്. കഠിനാദ്ധ്വാനം, ഉദാരമനസ്കത, ലാളിത്യം എന്നിവ സിസ്റ്ററിന്റെ കൈമുതലായിരുന്നു.

സിസ്റ്റർ മേരിയുടെ ശിഷ്യഗണത്തിൽ ഏതാനും പേര് മെഡിക്കൽ മിഷൻ സന്യാസ സഭയിൽ അംഗങ്ങളായി എന്നും, ഏറെ അഭിമാനത്തോടെ പറയട്ടെ. സിസ്റ്റർ മേരിയുടെ ശിഷ്യരായ ഞങ്ങൾക്കു സിസ്റ്ററിനെക്കുറിച്ച് പറയാനുള്ളത് ഇതാണ്. " പടവിലമ്മയുടെ സ്നേഹം ആത്മാർത്ഥമാണ്, ആ കരുതൽ ഞങ്ങളെ വളർത്തി. ഞങ്ങൾ സ്വീകരിച്ച സ്നേഹത്തിനും നന്മകൾക്കും ജീവിതം കൊണ്ട് ഞങ്ങൾ ദൈവത്തിന് നന്ദിയർപ്പിക്കുന്നു."

സിസ്റ്റർ മേരിയുടെ ഏക സഹോദരി മറിയാമ്മ അഗസ്റ്റിൻ കുഴിഞ്ഞാലിലും തൻെറ 7 സഹോദരന്മാരും, മാതാപിതാക്കളും നേരത്തെതന്നെ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. മെയ് 8 ന് രാത്രി 9.10 ന് സഹോദരീ പുത്രൻ മോൺ. ജോസഫ് കുഴിഞ്ഞാലിലച്ചനും, മറ്റു കുടുംബാംഗങ്ങളും മെഡിക്കൽ മിഷൻ സിസ്റ്റേഴ്സും പ്രാർത്ഥനയോടെ, സ്നേഹത്തോടെ ചുറ്റുമായിരുന്നപ്പോൾ സിസ്റ്റർ മേരി നമ്മോട് യാത്ര ചൊല്ലി തന്റെ ജീവദാതാവിൽ വിലയം പ്രാപിച്ചു.



## സി. സെറാഫിൻ മേരി മുണ്ടയ്ക്കൽ തറപ്പേൽ

പാലാരൂപത വയല ഇടവക മുണ്ടയ്ക്കൽ തറപ്പേൽ ജോസഫ്-അന്നമ്മ ദമ്പതികളുടെ എട്ടുമക്കളിൽ 3-ാമത്തെ സന്താനമായി സി. സെറാഫിൻമേരി, 1-1-1937-ൽ ഭൂജാതയായി. കുറവിലങ്ങാട് മർത്ത്മറിയം ദൈവാലയത്തിൽ മേരി എന്ന പേരിൽ 7-1-1937 -ൽ ജ്ഞാനസ്നാനം സ്വീകരിച്ചു. വയല സെന്റ് ജോർജ്ജ് ദൈവാലയത്തിൽ 7-2-1943-ൽ സ്ഥിരീകരണ കൂദാശയും സ്വീകരിച്ചു.

കുറവിലങ്ങാട് സെന്റ് മേരീസ് H.S. ൽ നിന്നും 1954-ൽ S. S.L.C. യും മുത്തോലി സെന്റ് ജോസഫ് ട്രെയിനിംഗ് സ്കൂളിൽ നിന്ന് 1956-ൽ T.T.C. യും പാസ്സായി കോതനല്ലൂർ എമ്മാനുവൽസ് സ്കൂളിൽ അദ്ധ്യാപന ജോലിയിൽ പ്രവേശിച്ച മേരി, 1960-ൽ ദിവ്യനാഥന്റെ നിമന്ത്രണം സ്വീകരിച്ചു. രാമപുരം, വിമലഗിരി നൊവിഷ്യേറ്റ് ഭവനത്തിൽ പ്രീ-പോസ്റ്റുലൻസി, പോസ്റ്റുലൻസി, നൊവിഷ്യേറ്റ് എന്നീ പരിശീലന ഘട്ടങ്ങൾ പൂർത്തിയാക്കി, 1962 മെയ് 21ന് സി. സെറാഫിൻ മേരി എന്ന പേരുസ്വീകരിച്ച് സന്യാസ വ്രതാനുഷ്ഠാനം നടത്തി. 1965 മെയ് 21ന് നിത്യവ്രതാനുഷ്ഠാനത്തിലൂടെ നാഥന് സമ്പൂർണ്ണ സമർപ്പണവും നടത്തി.

ദൈവത്തിനും ദൈവജനത്തിനുംവേണ്ടി നന്മചെയ്ത് ജീവിതം ധന്യ മാക്കുക എന്ന തന്റെ മോട്ടോ അമ്മ പ്രാവർത്തികമാക്കി. കോതനല്ലൂർ, മൂന്നില വ്, ചെമ്മലമറ്റം, മണിയംകുന്ന് എന്നിവിടങ്ങളിൽ അദ്ധ്യാപികയായും, പാളയം, പൂഞ്ഞാർ (എസ്സ്), എന്നിവിടങ്ങളിൽ പ്രഥമാദ്ധ്യാപികയായും സി. സെറാഫിൻമേരി തന്റെ സേവനം കാഴ്ചവച്ചു. മൂന്നിലവ്, തിടനാട്, വാഗമൺ ഭവനങ്ങളിൽ സുപ്പീ രിയറായും, ചെമ്മലമറ്റം, പൂഞ്ഞാർ (എൻ), വാകക്കാട്, പെരിങ്ങളം ഭവനങ്ങളിൽ അസി. സുപ്പീരിയർ, കൗൺസിലർ, ഫാം സൂപ്പർവൈസർ എന്നീ നിലകളിലും അമ്മ ശുശ്രൂഷ ചെയ്തു. വിശ്വാസപരിശീലനരംഗത്ത് അദ്ധ്യാപിക, പ്രധാനാദ്ധ്യാ പിക, ഇടവക മാതൃജ്യോതി വൈസ് ഡിറക്ടർ എന്നീ തലങ്ങളിൽ അമ്മ സേവനം അനുഷ്ഠിക്കുകയുണ്ടായി.

താൻ പഠിപ്പിച്ച കുട്ടികളെ വളരെയധികം സ്നേഹിച്ച അമ്മ അവരെ ഈശോയിലേയ്ക്ക് അടുപ്പിക്കാൻ ആത്മാർത്ഥമായി അദ്ധ്വാനിച്ചു. ആയിരിക്കുന്ന സമൂഹത്തിൽ സന്മാതൃകയാകുക, പ്രാർത്ഥനയിലൂടെ സകലജനങ്ങളെയും സ്നേഹത്തിൽ ഒന്നാക്കുക, വൈദികർക്കും സമർപ്പിതർക്കും വേണ്ടി പ്രാർത്ഥി ക്കുക എന്ന തന്റെ ജീവിതദൗത്യം അമ്മ നന്നായി നിറവേറ്റി.

മരണത്തിന് ഒരു വർഷം മുമ്പുണ്ടായ വീഴ്ചയെത്തുടർന്ന് മരിയൻ മെ ഡിക്കൽ സെന്ററിൽ അഡ്മിറ്റായ അമ്മയെ പിന്നീട് കൂടുതൽ പരിചരണത്തി നായി തിടനാട് കോൾബെ ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചു. ക്രമേണ ക്ഷീണം വർദ്ധിച്ചു വന്ന അമ്മ 30-4-2019-ൽ വൈകുന്നേരത്തോടെ കൂടുതൽ അവശയായി 8.30 ന് അമ്മയുടെ പാവനാത്മാവ് നിത്യതയിലേയ്ക്കു കടന്നു. തുടർന്ന് മൃത ദേഹം കിഴപറയാർ ഭവനത്തിൽ എത്തിച്ചു.

ധാരാളം വൈദികർ അമ്മയ്ക്കുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. മെയ് 1, 1.30 പി. എം. ന് റവ. ഫാ. തോമസ് കാഞ്ഞിരക്കോണം OFM Cap ന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയർപ്പിച്ചു. റവ. ഫാ. ജോസഫ് ഇല്ലിമൂട്ടിൽ സഹകാർമ്മികനായിരുന്നു. ബഹു. തോമസച്ചൻ ദിവ്യബലി ചരമപ്രസംഗം നട ത്തി. ബ. വികാരി റവ.ഫാ. സെബാസ്റ്റ്യൻ പുത്തൂർ, രാഷ്ട്രദീപിക, Ltd. ചെയർമാൻ റവ. ഫാ. മാത്യു ചന്ദ്രൻകുന്നേൽ, റവ.ഫാ. ജോസ് തറപ്പേൽ എന്നിവർ സംസ്ക്കാര ശുശ്രൂഷകളിൽ പങ്കുകൊണ്ടു. ഭവനത്തിലെ ശുശ്രൂഷകൾക്കുശേഷം ബ.അമ്മ യുടെ മൃതദേഹം കിഴപറയാർ പള്ളിയിലേയ്ക്ക് സംവഹിക്കപ്പെട്ടു.

ബഹു. ജോസഫ് കുഴിഞ്ഞാലിൽ അച്ചന്റെ പ്രധാന കാർമ്മികത്വത്തിൽ പള്ളി യിലെ ശുശ്രൂഷകൾ നടന്നു.

ബ. അച്ചൻ അനുശോചന, അനുസ്മരണ സന്ദേശവും നൽകി. ധാരാളം വൈദികർ, നിരവധി സിസ്റ്റേഴ്സ്, സഹോദരങ്ങൾ, ബന്ധുമിത്രങ്ങൾ, സഹപ്ര വർത്തകർ, ഇടവകാംഗങ്ങൾ എന്നിവരുടെ സാന്നിദ്ധ്യത്തിൽ സിമിത്തേരി കല്ലറ യിൽ ബഹു. സെറാഫിൻ മേരിയുടെ മൃതദേഹം സംസ്ക്കരിച്ചു.

അമ്മയുടെ പാവനാത്മാവിന് നമുക്ക് നിത്യശാന്തിനേരാം. അമ്മയെ നല്ല തമ്പുരാൻ മഹത്വകിരീടം അണിയിക്കട്ടെ എന്നു പ്രാർത്ഥിക്കാം.



## സി. ലെയോള സി.എം.സി

പാലാ രൂപത കരൂർ ഇടവക മുഞ്ഞനാട്ട് കുടുംബത്തിൽ ജോസഫ് - അന്നമ്മ ദമ്പതികളുടെ ആറുമക്കളിൽ നാലാമത്തെ സന്താനമായി 1933 ഫെബ്രുവരി 13-ന് സി. ലയോള ജനിച്ചു. മാമ്മോദീസായിൽ മറിയം എന്ന പേര് നൽകപ്പെട്ടു. കരൂർ, പാലാ സെന്റ് മേരീസ് എന്നീ സ്കൂളുകളിലായി വിദ്യാഭ്യാസം പൂർത്തിയാക്കി. 1956 ജൂലൈ 16-ാം തീയതി മുണ്ടാങ്കൽ കർമ്മല മഠത്തിൽ അർത്ഥിനിയായി ചേർന്നു. 1957 ൽ സഭാവസ്ത്രസ്വീകരണവും 1958 -ൽ കരൂർ മഠത്തിൽവച്ച് പ്രഥമവ്രതവാഗ്ദാനവും 1961 മെയ് 28-ന് നിത്യവ്രതവാഗ്ദാനവും നടത്തി. 2008-ൽ വ്രതവാഗ്ദാനത്തിന്റെ സുവർണ്ണ ജൂബിലിയും ആഘോഷിച്ചു. ആദ്യകാലത്ത് തയ്യൽ ടീച്ചറായി സേവനമനുഷ്ഠിച്ചിരുന്ന ലെയോളാമ്മ പിന്നീട് റ്റി.റ്റി.സി. പാസ്സായി പ്രൈമറി അധ്യാപികയായി മാറി. മല്ലികശ്ശേരി, വെള്ളികുളം, ഇലഞ്ഞി, വിളയംകോട്, പ്രവിത്താനം എന്നീ മഠങ്ങളിൽ താമസിച്ച് സഭാശുശ്രൂഷ ചെയ്തു.

അദ്ധ്യാപനത്തോടൊപ്പം സുപ്പീരിയർ, അസി. സുപ്പീരിയർ, കൗൺസിലർ, ട്രഷറർ, ബോർഡിംഗ് മിസ്ട്രസ്, മെസ് മാനേജർ എന്നിങ്ങനെ സഭയിൽ ഉത്തരവാദിത്വപ്പട്ട ജോലികൾ സ്തുത്യർഹമാംവിധം നിർവ്വഹിച്ചിരുന്നു. സോഷ്യൽവർക്ക് പ്രവർത്തനങ്ങളിൽ സാധുക്കളുടെ സമുദ്ധാരണത്തിന് ഉതകുന്ന പ്രവർത്തനങ്ങളിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. സ്കൂൾ ജോലിയിൽനിന്ന് വിരമിച്ചശേഷം മഠത്തിലെ വിവിധങ്ങളായ ജോലികൾ കാര്യക്ഷമതയോടും ഉത്തരവാദിത്വത്തോടുംകൂടി മറ്റുള്ളവരോടു സഹകരിച്ച് സന്തോഷത്തോടെ നിർവ്വഹിക്കുന്നതിൽ അസാധാരണായ നിഷ്ഠ പുലർത്തിയിരുന്നു. ഇടവകയിൽ മരിച്ചവർക്കുവേണ്ടിയുള്ള മുടി നിർമ്മിച്ചു നൽകുന്നതിൽ അമ്മ പ്രത്യേക സന്തോഷം കണ്ടെത്തിയിരുന്നു. പാരമ്പര്യമായി തനിക്കു പകർന്നുകിട്ടിയ വൈദ്യശുശ്രൂഷ തന്നെ സമീപിക്കുന്നവർക്ക് ഒരു മടുപ്പും കൂടാതെ അവസാനകാലം വരെ നൽകുവാൻ ശ്രദ്ധിച്ചിരുന്നു. ഒരുപക്ഷേ തിരുമ്മുചികിത്സ നൽകുന്ന ആദ്യത്തെ സി.എം.സി. സന്യാസിനി ലെയോളാമ്മ തന്നെയായിരിക്കാം. ഏതാണ്ട് എട്ടുമാസങ്ങൾക്കുമുമ്പ് ക്ഷീണവും വിശപ്പില്ലായ്മയും അനുഭവപ്പെട്ടതിനെത്തുടർന്ന് നടത്തിയ വിദഗ്ദ്ധ പരിശോധനയിൽ വൻകുടലിൽ ക്യാൻസർ ആണെന്ന് ബോധ്യപ്പെട്ടു. രോഗം ഗുരുതരമാണെന്ന് തിരിച്ചറിഞ്ഞപ്പോൾ ശാന്തതയോടും സമചിത്തതയോടും കൂടി അത് സ്വീകരിക്കുവാനും അമ്മയ്ക്കു സാധിച്ചു. തുടർചികിത്സകൾ ഫലപ്രദമല്ല എന്നു മനസ്സിലാക്കി തന്റെ അന്ത്യ യാത്രയ്ക്കായി ഒരുങ്ങിക്കൊണ്ടിരുന്നു. ഏപ്രിൽ 10-ാം തീയതി വൈകുന്നേരമായപ്പോൾ അമ്മയുടെ നില അതീവ ഗുരുതരമായി. അന്ത്യനിമിഷങ്ങൾ ആസന്നമായി എന്നു മനസ്സിലാക്കിയ സഹോദരിമാർ അമ്മയുടെ മുറിയിൽ പ്രാർത്ഥനയോടെ ഒത്തുചേർന്നു. തിരുസഭയോടു ചേർന്ന് സമൂഹാംഗങ്ങൾ കാനോനനമസ്കാരം ജപിച്ചുകൊണ്ടിരുന്നു അവസാനപ്രാർത്ഥന തീർന്നതോടെ അമ്മയുടെ പാവനാത്മാവ് ശാന്തമായി ദൈവസന്നിധിയിലേയ്ക്കു യാത്ര

യായി. 12-04-2019, 2.30ന് റവ.ഫാ. മാത്യു കല്ലമ്മാക്കൽ സി.എം.ഐ. യുടെ നേതൃത്വത്തിൽ ആരംഭിച്ച ദിവ്യബലിയോടെ സംസ്കാരശുശ്രൂഷകൾ ആരംഭിച്ചു.

ചേർപ്പുങ്കൽ ഫൊറോന വികാരി വെരി. റവ.ഫാ. ജോസ് അഞ്ചേരി ചരമപ്രസംഗം നടത്തി. പാലാ രൂപത വികാരി ജനറാൾ റവ.ഡോ. സെബാസ്റ്റ്യൻ വേത്താനത്തിന്റെ പ്രധാനകാർമ്മികത്വത്തിൽ മൃതദേഹം മാർ സ്ലീവാ ഫൊറോനപള്ളി സിമിത്തേരിയിൽ സംസ്കരിച്ചു. നല്ല ദൈവം തന്റെ വിശ്വസ്തദാസി ലെയോളാമ്മയെ സ്വർഗകിരീടം അണിയിക്കട്ടെ എന്നു നമുക്കു പ്രാർത്ഥിക്കാം.



## സി. ബൊനിഫാസിയ സി.എം.സി.

പാലാ രൂപത കരൂർ ഇടവകയിൽ ഞാവള്ളി കാടൻകാവിൽ കുടുംബത്തിൽ കുര്യൻ-ഏലി ദമ്പതികളുടെ 9 മക്കളിൽ 7-ാമത്തെ സന്താനമായി 1925 ജനുവരി 12-ന് സി. ബൊനിഫാസിയ ഭൂജാതയായി. മാമ്മോദീസായിൽ ബ്രിജീത്ത എന്നു പേരു നല്കപ്പെട്ടു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം 1941-ൽ മുണ്ടാങ്കൽ മഠത്തിൽ അർത്ഥിനിയായി ചേർന്നു. 1943 മെയ് 6-ന് പ്രഥമ വ്രതവാഗ്ദാനവും 1946 മെയ് 6-ന് നിത്യവ്രതവാഗ്ദാനവും നടത്തി.

തൃശ്ശൂർ, ചങ്ങനാശ്ശേരി എന്നീ കോളേജുകളിൽ പഠനം പൂർത്തിയാക്കിയ അമ്മ പാലാ സെന്റ് തോമസ് ട്രെയിനിംഗ് കോളേജിൽ നിന്ന് ബി.എഡും പാസ്സായി. തുടർന്ന് കുറവിലങ്ങാട്, മുണ്ടാങ്കൽ, മുത്തോലി എന്നീ സ്കൂളുകളിൽ അദ്ധ്യാപികയായും മുണ്ടാങ്കൽ സ്കൂളിൽ പ്രഥമ അദ്ധ്യാപികയായും സേവനം അനുഷ്ഠിച്ചു.

സർവ്വീസിൽനിന്നും വിരമിച്ചശേഷം ഒരു വർഷം കറുകുറ്റി സാൻജോ ഭവനിൽ പ്രാർത്ഥനയിലായിരുന്നു അമ്മ. അവിടെ നിന്നും മുണ്ടാങ്കൽ മഠത്തിൽ തിരിച്ചെത്തിയ ബൊനിഫാസിയാമ്മ എസ്.എസ്.എൽ.സി. പരീക്ഷയിൽ പരാജയപ്പെടുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലനം നൽകി തുടർവിദ്യാഭ്യാസത്തിന് സജ്ജരാക്കി. ഇതോടൊപ്പം തന്നെ ടൈപ്പ് റൈറ്റിംഗ്, ഷോർട്ട് ഹാൻഡ് സ്ഥാപനം തുടങ്ങി. യോഗ്യരായ പെൺകുട്ടികളെ പഠിപ്പിച്ച് ജോലിയിൽ പ്രവേശിപ്പിക്കുവാനും ശ്രദ്ധിച്ചു. 1993 ഏപ്രിൽ 23-ന് വ്രതവാഗ്ദാനത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുവാനുള്ള ഭാഗ്യം അമ്മയ്ക്ക് ലഭിച്ചു.

ആഴമായ പ്രാർത്ഥനാജീവിതത്തിന്റെയും സഹോദരസ്നേഹത്തിന്റെയും ഉടമയായിരുന്ന ബൊനിഫാസിയാമ്മയിൽ സന്തോഷപ്രകൃതം ഏല്പിച്ച ജോലിയിലുള്ള ആത്മാർത്ഥത, നിശബ്ദസഹനം, ശാന്തത, ദീനാനുകമ്പ എന്നീ ഗുണങ്ങൾ വളരെ പ്രകടമായിരുന്നു.

2018 ജൂലൈ മാസത്തിൽ ക്ഷീണം വർദ്ധിച്ച് തീർത്തും കിടപ്പിലായി. അസുഖം കൂടിയതിനാൽ കാർമ്മൽ മെഡിക്കൽ സെന്ററിൽ പ്രവേശിപ്പിക്കുകയും ബഹു. വികാരി സൈറസ് വേലംപറമ്പിലിൽനിന്ന് അന്ത്യകൂദാശ അച്ചനിൽ സ്വീകരിക്കുകയും ചെയ്തു.

2019 ഏപ്രിൽ 24-ാം തീയതി ബുധനാഴ്ച പെട്ടെന്ന് ശ്വാസതടസ്സമുണ്ടാവുകയും സമൂഹാംഗങ്ങളുടെ പ്രാർത്ഥനമദ്ധ്യേ തന്റെ പാവനാത്മാവിനെ ശാന്തമായി ദൈവതൃക്കരങ്ങളിൽ സമർപ്പിക്കുകയുമായിരുന്നു.

26-4-2019 വെള്ളി 8.30-ന് ബൊനിഫാസിയമ്മയുടെ സഹോദരപുത്രൻ റവ.ഫാ. ജോസ് ഞാവള്ളിക്കാടൻകാവിലിന്റെ പ്രധാന കാർമ്മികത്വത്തിൽ മഠം ചാപ്പലിൽ സമൂഹബലി അർപ്പിച്ചു. ദിവ്യബലിമദ്ധ്യേ റവ.ഡോ. തോമസ് കാടൻകാവിൽ സി.എം.ഐ. ചരമപ്രസംഗം നടത്തി. പാലാ രൂപത വികാരി ജനറാൾ മോൺ ജോസഫ് കുഴിഞ്ഞാലിലച്ചൻ പള്ളിയിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിക്കുകയും അനുസ്മരണ പ്രസംഗം നടത്തുകയും ചെയ്തു. തുടർന്ന് മുണ്ടാങ്കൽ പള്ളി സിമിത്തേരിയിൽ സംസ്കരിച്ചു.



## സി. ജോസ്ലിൻ കരിപ്പാത്ത് എഫ്.സി.സി.

പാലാ രൂപത, മരങ്ങാട്ടുപള്ളി ഇടവകയിൽ കരിപ്പാത്ത് കുടുംബത്തിൽ ഉതുപ്പ് മാത്തൻ മറിയം ദമ്പതികളുടെ 9 മക്കളിൽ ഇളയവളായി 7-2-1944ൽ തെയ്യാമ്മ ഭൂജാതയായി. മാമ്മോദീസായിൽ തെരേസാ എന്ന നാമം സ്വീകരിച്ചു. മരങ്ങാട്ടുപള്ളി സ്കൂളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ തെരേസാ വളക്കാട്ടുകുന്ന് മഠത്തിൽ അർത്ഥിനിയായി ചേർന്നു. 1968-1969 കാലഘട്ടങ്ങളിൽ വളക്കാട്ടുകുന്ന് നൊവിഷ്യേറ്റു ഹൗസിൽ പോസ്റ്റുലൻസിയും നൊവിഷ്യേറ്റും പൂർത്തിയാക്കി. 1-5-1970ൽ സഭാവസ്ത്രം സ്വീകരിച്ച് സി. ജോസ്ലിൻ എന്ന പേര് സ്വീകരിച്ചു. 1972-73 കാലഘട്ടങ്ങളിൽ മരിയൻ മെഡിക്കൽ സെന്റർ, അൽഫോൻസാ ഹോസ്റ്റൽ എന്നീ മഠങ്ങളിൽ ശുശ്രൂഷ ചെയ്തശേഷം 1974ൽ എഫ്.സി.സി. പാലാ പ്രൊവിൻസിന്റെ മിഷനായിരുന്ന ജലന്തറിലേയ്ക്ക് വളരെ തീഷ്ണതയോടെ സി. ജോസ്ലിൻ പോയി. 1974 മുതൽ 1985 വരെ ഗുർദ്ദാസ്പൂരിൽ വില്ലേജ് വർക്കിൽ ഏർപ്പെട്ടുകൊണ്ട് അനേകർക്ക് ഈശോയുടെ സ്നേഹം പകർന്നുകൊടുക്കുവാൻ സി. ജോസ്ലിനു കഴിഞ്ഞു.

1985 മുതൽ 94 വരെ അബഹോർ, ദാനെവാല എന്നിവിടങ്ങളിൽ താമസിച്ച് സ്കൂളുകളിൽ ഓഫീസ് വർക്ക്, വില്ലേജ് വർക്ക് എന്നീ മേഖലകളിൽ സിസ്റ്റർ സ്തുത്യർഹമായ സേവനം കാഴ്ചവച്ചിട്ടുണ്ട്. സുദീർഘകാലം മിഷൻരംഗത്ത്

ശുശ്രൂഷ നിർവ്വഹിച്ച സി. ജോസ്‌ലിന് ജലന്തറിൽവച്ച് പെട്ടെന്നുണ്ടായ ഒരു accidentനുശേഷം ശരീരത്തിന്റെയും മനസ്സിന്റെയും ആരോഗ്യനില മോശമായ തിനാൽ ചികിത്സയ്ക്കായി പാലായിലേയ്ക്ക് തിരിച്ചുപോരുകയും ചെയ്തു.

1996–ൽ ജലന്തറിൽനിന്നും തിരിച്ചുപോന്ന സി. ജോസ്‌ലിൻ 1996–2013 വരെ പുലിയന്നൂർ എഫ്.സി.സി. പ്രൊവിൻഷ്യൽഹൗസിലും 2013 മുതൽ സെറാഫിക് മഠത്തിലുമായി വിശ്രമജീവിതം നയിച്ചുവരികയായിരുന്നു. എഴുന്നേറ്റു നടക്കുവാൻ സാധിക്കുന്നിടത്തോളംകാലവും ദിവ്യകാരുണ്യസന്നിധിയിൽ മണിക്കൂറുകൾ ചെല വഴിക്കുവാൻ ശ്രദ്ധിച്ചിരുന്നു. ഏകദേശം 4 വർഷത്തോളം ശയ്യാവലംബയായി കിടന്നിരുന്ന സി. ജോസ്‌ലൻ പരാതിയൊന്നും ഇല്ലായിരുന്നു. സിസ്റ്ററിനോട് ഇട പെടുന്നവർക്കും ശുശ്രൂഷിച്ചിരുന്നവർക്കും എന്നും സിസ്റ്റർ ഒരു പ്രചോദനമായി രുന്നു. “Total ‘Yes’ to the God’s will. Love God and everybody” എന്നതായി രുന്നു സി. ജോസ്‌ലിന്റെ ആദർശവാക്യം. ഏതാനും മാസങ്ങളായി ആരോഗ്യ നില മോശമായി മരുന്നുകൾ ഒന്നും സ്വീകരിക്കാൻ കഴിയാത്ത അവസ്ഥയിൽ സിസ്റ്ററിനെ മരിയൻ മെഡിക്കൽ സെന്ററിൽ observation യൂണിറ്റിൽ പ്രത്യേകപ രിചരണം നല്കി വരികയായിരുന്നു. മരണത്തിന് ഏതാനും ദിവസങ്ങൾക്ക് മുമ്പ് മരിയൻ മെഡിക്കൽ സെന്റർ ചാപ്ലെൻ ബഹു. ജോർജ്ജ് ഞാറക്കുന്നേലച്ചൻ അമ്മയ്ക്ക് അന്ത്യകൂദാശകൾ നല്കി.

സി. ജോസ്‌ലിന്റെ സന്യാസസമർപ്പണത്തിന്റെ രജതജൂബിലി വർഷത്തിൽ ഈശോ സിസ്റ്ററിന്റെ കരങ്ങളിൽ വച്ചുകൊടുത്ത രോഗമാകുന്ന സഹനത്തിന്റെ പൂർത്തീകരണം സിസ്റ്ററിന്റെ സുവർണ്ണജൂബിലിവർഷത്തിൽ പൂർത്തിയായത് സിസ്റ്റർ ജോസ്‌ലിനായി ദൈവം വച്ചിരിക്കുന്ന സ്വർഗ്ഗീയ കിരീടത്തിന്റെ ഒരു മുന്നാസ്വാദനമായി കാണാം. 9/5/2019 വ്യാഴ്യാഴ്ച 4.45pmന് തന്റെ സന്യാസ സഹോദരങ്ങളുടെ സാന്നിധ്യത്തിൽ സിസ്റ്ററിന്റെ പാവനാത്മാവ് ദിവ്യനാഥന്റെ പക്കലേയ്ക്ക് യാത്രയായി.

10–ാം തീയതി വെള്ളിയാഴ്ച രാവിലെ 10.30ന് പാലാ കൊട്ടാരമറ്റം ഒ.സി.ഡി. ആശ്രമം സുപ്പീരിയർ റവ. ഫാ. പൗലോസ് ഒ.സി.ഡിയുടെ മുഖ്യകാർമ്മികത്വ ത്തിൽ സംസ്ക്കാരശുശ്രൂഷകൾ ആരംഭിച്ചു. റവ. ഫാ. മാത്യു മാടയാങ്കൽ ദിവ്യ ബലിമദ്ധ്യേ ചരമപ്രസംഗം നടത്തി. തുടർന്നുള്ള പ്രാർത്ഥനാശുശ്രൂഷകൾക്ക് നേതൃത്വം വഹിച്ചത് അരുണാപുരംപള്ളി വികാരി റവ. ഫാ. ജോസഫ് മണ്ണനാൽ ആണ്. ദേവാലയത്തിലെ തിരുക്കർമ്മങ്ങൾക്ക് വികാരി ജനറാൾ മോൺ. സെബാ സ്റ്റ്യൻ വേത്താനത്ത് മുഖ്യകാർമ്മികത്വം വഹിച്ചു. സി. ജോസ്‌ലിന്റെ മൃതദേഹം ധാരാളം വൈദികരുടെയും  സിസ്റ്റേഴ്സിന്റെയും ഇടവകജനത്തിന്റെയും സാന്നി ദ്ധ്യത്തിൽ അരുണാപുരം പള്ളി സെമിത്തേരിയിൽ സംസ്ക്കരിച്ചു. ദൈവം തന്റെ വിശ്വസ്തമണവാട്ടിയെ നിത്യകിരീടമണിയിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.



## സി. റോസിലിൻ മുരിക്കൻ എം.എം.എസ്.

പാലാ രൂപതയിലെ മുട്ടുചിറയിൽ ക്രിസ്തീയ വിശ്വാസത്തിലും, ആദ്ധ്യാത്മികതയിലും, പ്രാർത്ഥനയിലും അടിയുറച്ച ഏറെ സന്യാസ വൈദിക പാരമ്പര്യമുള്ള മുരിക്കൻ കുടുംബത്തിൽ പരേതരായ ലൂക്കാച്ചന്റെയും ഏലിക്കുട്ടിയുടെയും 9 മക്കളിൽ മൂന്നാമത്തെ മകളായി കുട്ടിയമ്മ എന്ന ഓമനപ്പേരിൽ അറിയപ്പെട്ട റോസിലിൻ 1931-ൽ ജനിച്ചു.

സെന്റ് അഗസ് സ്കൂൾ മുട്ടുചിറ, സെന്റ് മൈക്കിൾ സ്കൂൾ കടുത്തുരുത്തി, സെന്റ് ജോസഫ് ഹൈസ്കൂൾ ചങ്ങാനാശ്ശേരി, സെന്റ് ബെർക്കുമാൻസ് കോളേജ് ചങ്ങനാശ്ശേരി എന്നിവിടങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ സിസ്റ്റർ റോസിലിൻ 1954-ൽ മെഡിക്കൽ മിഷൻ സന്യാസസഭയിൽ ചേർന്നു. 1957-ൽ പ്രഥമവ്രതവാഗ്ദാനവും 1962-ൽ നിത്യവ്രതവാഗ്ദാനവും നടത്തി.

പ്രഥമവ്രതവാഗ്ദാനത്തിനുശേഷം സിസ്റ്റർ റോസിലിൻ ഡൽഹി ഫാമലി ഹോസ്പിറ്റലിൽ നിന്ന് നേഴ്സിംഗ് പഠനവും, എൽ. എ. കെ. കോളേജ് ഓഫ് നേഴ്സിംഗിൽ നിന്നും അഡ്മിനിസ്ട്രേഷൻ കോഴ്സും പൂർത്തിയാക്കി. തന്റെ മിഷൻ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായി ചെയ്യുന്നതിന് ബാംഗ്ലൂരിൽ നിന്ന് കൗൺസിലിംഗിലും പ്രാവീണ്യം നേടി.

കേരളത്തിൽ തിരിച്ചെത്തിയ സിസ്റ്റർ റോസിലിൻ ഭരണങ്ങാനം ഐ.എച്ച്. എം. ഹോസ്പിറ്റലിൽ അഡിമിനിസ്ട്രേറ്ററായും മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ തുടക്കക്കാരിൽ ഒരാളായും സ്തുത്യർഹമായ സേവനമനുഷ്ഠിച്ചു. സിസ്റ്ററിന്റെ കൃത്യനിർവ്വഹണത്തിലുള്ള പ്രാഗത്ഭ്യവും വിദൂരദേശത്ത് ഒരു മിഷനറിയായി സേവനം ചെയ്യണമെന്ന സ്വപ്നവും സാക്ഷാത്കരിച്ചത് അഫ്ഗാനിസ്ഥാനിലെ പ്രവർത്തനമേഖലയാണ്.

1976 മുതൽ 18 വർഷം ഇന്ത്യയുടെ വടക്കുകിഴക്കൻ മേഖലയിൽ മെഡിക്കൽ മിഷൻ സന്യാസസഭയുടെ വിവിധ പ്രവർത്തനമേഖലകളിൽ പ്രാരംഭകരിൽ ഒരാളായി സിസ്റ്റർ സേവനമനുഷ്ഠിച്ചു. നാഗാലാൻഡിലും, മേഘാലയിലും ചെറുപ്പക്കാരായ പെൺകുട്ടികൾക്ക് ആരോഗ്യമേഖലയിൽ പരിശീലനം നൽകുകയും ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ അവരെ പ്രാപ്തരാക്കുകയും ചെയ്തു. കേരളത്തിൽ തിരിച്ചെത്തിയ സിസ്റ്റർ സമൂഹത്തിന്റെ ആവശ്യകതളനുസരിച്ച് കോട്ടയം, തിരുവനന്തപുരം പൂത്തുറ എന്നിവിടങ്ങളിൽ സജീവസാന്നിദ്ധ്യമായിരുന്നു. സിസ്റ്ററിന്റെ അർപ്പണബോധവും, ആത്മാർത്ഥത

യും, സ്നേഹപൂർണ്ണവും സേവനപൂരിതവുമായ പ്രവർത്തനങ്ങൾ മറ്റുള്ളവർക്ക് ഏറെ പ്രചോദനം നൽകുന്നതായിരുന്നു.

സിസ്റ്റർ റോസിലിൻ മെഡിക്കൽ മിഷൻ സന്യാസ സമൂഹത്തിന് എന്നും പ്രചോദനമായ ഒരു തികഞ്ഞ മിഷനറിയായിരുന്നു. സിസ്റ്ററിന്റെ അർപ്പണബോധവും, ഉദാരമനസ്കതയും മറ്റുള്ളവരോടുള്ള സ്നേഹവും കരുതലും എടുത്തു പറയത്തക്കതാണ്. തന്റെ ഇളയമ്മയായ വി. അൽഫോൻസാമ്മയുടെ പാരമ്പര്യത്തിൽനിന്ന് ഉൾകൊണ്ട പ്രാർത്ഥനാചൈതന്യം സിസ്റ്റർ എന്നും കാത്തുസൂക്ഷിച്ചിരുന്നു. കൃത്യതയോടും, സൂക്ഷ്മതയോടും കൂടെയുള്ള പ്രവർത്തനവും, മറ്റുള്ളവരോട് പ്രത്യേകിച്ച് പാവങ്ങളോടുള്ള സ്നേഹബന്ധവും, കാത്തുസൂക്ഷിക്കുന്നതിന് സിസ്റ്റർ കാണിച്ചിരുന്ന താല്പര്യം ഏറെ പ്രകീർത്തിക്കപ്പെടുന്നതാണ്.

2015 മുതൽ ഇത്തിത്താനത്ത് വിശ്രമജീവിതം നയിച്ച സിസ്റ്റർ റോസിലിൻ ഒരു വീഴ്ചയെ തുടർന്ന് 3 മാസങ്ങളായി കിടപ്പിലായിരുന്നു. മാർച്ച് മാസം 19-ാം തീയതി സിസ്റ്റർ റോസിലിൻ കൂദാശകളെല്ലാം സുബോധത്തോടെ സ്വീകരിച്ച് ദൈവസന്നിധിയിലേക്ക് യാത്രയായി. പിറ്റേന്ന് മാർച്ച് 20-ന് ഉച്ചകഴിഞ്ഞ് 3 മണിക്ക് സഹോദരപുത്രനും പാലാ രൂപത സഹായമെത്രാനുമായ അഭിവന്ദ്യ ജേക്കബ് മുരിക്കൻ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന മൃതസംസ്കാരചടങ്ങുകൾക്കുശേഷം സിസ്റ്റർ റോസിലിന്റെ മൃതദേഹം ചങ്ങനാശ്ശേരി മഠത്തിലുള്ള സെമിത്തേരിയിൽ സംസ്കരിച്ചു. സി. റോസിലിന്റെ ആത്മശാന്തിക്കായി നമുക്കു പ്രാർത്ഥിക്കാം.

# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

## MAY 2019

| | | |
|---|---|---|
| **1-10** | | ലെബനോനിൽ വച്ച് നടന്ന ലോകസുറിയാനി സമ്മേളനത്തിൽ പങ്കെടുത്തു. |
| 11 | 11.30 am | പൂഞ്ഞാർ ആശ്രമദൈവാലയത്തിൽ വച്ച് വിവാഹം ആശീർവദിച്ചു. |
| | 02.00 pm | കുറവിലങ്ങാട് ഇടവകയിൽ ബഹു. മലയിൽ പുത്തൻപുരയച്ചന്റെ അമ്മയുടെ മൃതസംസ്കാരശുശ്രൂഷയിൽ വീട്ടിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 04.00 pm | കാനാട്ടുപാറയിൽ വച്ചു നടന്ന മരിയസദനത്തിന്റെ 21-ാം വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു. |
| 12 | 12.15 pm | പ്ലാശനാൽ ഇടവക ദൈവാലയത്തിൽ വച്ച് മനസമ്മതം ആശീർവദിച്ചു. |
| | 04.00 pm | വേലനിലം ഇടവകയിൽ വി. കുർബാനയർപ്പിച്ച് ഇടവകദിന മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. |
| 13 | 11.30 am | രാമപുരം ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| | 03.15 pm | ഭരണങ്ങാനം ഇടവകയിൽ വച്ച് നടന്ന പാറൻകുളങ്ങര കുടുംബത്തിലെ രണ്ട് വൈദികരുടെ മരണവാർഷിക ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| 14 | 10-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 02.00 pm | പാലാ കത്തീഡ്രലിൽ വച്ച് നടന്ന എസ്.എം.എസ്. സിസ്റ്റേഴ്സിന്റെ നിത്യവ്രതവാഗ്ദാന ചടങ്ങിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 15 | 03.00 pm | പാലാ അരമനയിൽ വച്ചു നടന്ന അഡാർട്ട് മാനേജ്മെന്റ് മീറ്റിംഗിൽ പങ്കെടുത്തു. |

| | | |
|---|---|---|
| 16 | 09.00 am | പാലാ കത്തീഡ്രലിൽ എസ്.എം.എസ്. സിസ്റ്റേഴ്സിന്റെ സുവർണ്ണജൂബിലിയോടനുബന്ധിച്ചുള്ള വി. കുർബാനയിൽ സഹകാർമ്മികത്വം വഹിച്ചു. |
| 17 | 09.00 am | പാലാ കത്തീഡ്രലിൽ കെ.എം. മാണിയുടെ അനുസ്മരണത്തോടനുബന്ധിച്ചു നടന്ന വി. കുർബാനയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 02.30 pm | ളാലം പഴയപള്ളി ഓഡിറ്റോറിയത്തിൽ വച്ചു നടന്ന പി.എസ്.ഡബ്ല്യു.എസ്. ന്റെ വാർഷികം ഉദ്ഘാടനം ചെയ്തു. |
| | 04.00 pm | കുറവിലങ്ങാട് ഇടവകയുടെ നേതൃത്വത്തിൽ ഹോം പാലാ പ്രോജക്ടുമായി ബന്ധപ്പെടുത്തി പണികഴിപ്പിക്കുന്ന 8 വീടുകളുടെ ശിലാസ്ഥാപന കർമ്മത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 18 | 10.00 am | രാമപുരം ഇടവകയിൽ നിര്യാതയായ കോയിപ്പിള്ളിൽ കുടുംബത്തിലെ ചിന്നമ്മയുടെ ആത്മശാന്തിക്കുവേണ്ടി വീട്ടിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 10.45 am | പെരിങ്ങുളം ഇടവകയിൽ നിര്യാതയായ എമ്പ്രയിൽ കുടുംബത്തിലെ അന്നമ്മയുടെ ആത്മശാന്തിക്കുവേണ്ടി വീട്ടിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 11.00 am | പൂഞ്ഞാർ ഇടവക ഓഡിറ്റോറിയത്തിൽ വച്ചു നടന്ന ആനിക്കുഴിക്കാട്ടിൽ കുടുംബയോഗത്തിൽ സംബന്ധിച്ചു. |
| | 04.00 pm | നീറന്താനം ഇടവകയിൽ സന്ദർശനം നടത്തി. |
| 19 | 08.00 am | നീറന്താനം ദൈവാലയത്തിൽ ഇടവക സന്ദർശനം നടത്തി. |
| | 02.30 pm | കൊഴുവനാൽ ഇടവകയിൽ ബഹു. പൂവക്കുളത്തച്ചന്റെ അമ്മയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് നേതൃത്വം നല്കി. |
| 20 | 09.15 am | കുറവിലങ്ങാട് ഇടവകയിൽ ഡീ. സെബാസ്റ്റ്യൻ കോച്ചേരിലിന്റെ (CMF) പുരോഹിതപട്ട ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |

| | | |
|---|---|---|
| | 05.00 pm | പാലാ ടൗൺ ഹാളിൽ വച്ചു നടന്ന മിസ് കുമാരി അനുസ്മരണ ചടങ്ങിൽ അനുഗ്രഹപ്രഭാഷണം നടത്തി. |
| 21 | 10-12 pm | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 05.00 pm | കാക്കനാട് മീറ്റിംഗിൽ സംബന്ധിച്ചു |
| 22 | | കാക്കനാട് മീറ്റിംഗിൽ സംബന്ധിച്ചു. |
| 23 | 12.00 noon | പാലാ എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ വച്ചു നടന്ന കദളിക്കാട്ടിൽ മത്തായിച്ചന്റെ 84-ാം ചരമ വാർഷികത്തോടനുബന്ധിച്ച് സന്ദേശം നൽകി ശ്രാദ്ധം വെഞ്ചിരിച്ചു. |
| | 02.30 pm | പാലാ അരമനയിൽ വച്ച് നടന്ന സെന്റ് തോമസ് കോളേജ് ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു. |
| 24 | 10-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 03.00 pm | അരമനയിൽ ഹോം പാലാ പ്രോജക്ടിന്റെ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 05.00 pm | മാന്നാർ ഇടവകയിൽ കൊടിമരം വെഞ്ചിരിച്ചു. |
| | 05.00 pm | മുളക്കുളം ഇടവകയുടെ കുരിശുപള്ളി വെഞ്ചിരിച്ചു. |
| 25 | 04.30 pm | പാലാ കത്തീഡ്രലിൽ വിവാഹം ആശീർവദിച്ചു. |
| 26 | 03.30 pm | തുരുത്തിപ്പിള്ളി ഇടവകയിൽ ശതാബ്ദി ആഘോഷത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| 27 | 03.00 pm | പാലാ അരമനയിൽ മീറ്റിംഗിൽ പങ്കെടുത്തു. |
| 28 | 10-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 02.30 pm | ചൂണ്ടച്ചേരി കോളേജിൽ വച്ച് രൂപത കോർപ്പറേറ്റിലെ എ പ്ലസ് വിജയികളെ ആദരിക്കുന്ന ചടങ്ങിൽ സംബന്ധിച്ചു. |
| 29 | 11.00 am | പാലാ കത്തീഡ്രലിൽ വിവാഹം ആശീർവദിച്ചു. |
| 31 | 10-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |



# അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ ഡയറിയിൽനിന്ന്

## MAY 2019

| | | |
|---|---|---|
| 1 | 09.00 am | മലയിഞ്ചിപ്പാറ ഇടവകയിൽ ഡീ. മാർട്ടിൻ വിളക്കുന്നേൽ സി.എം.എഫ്.ന് തിരുപ്പട്ടം നൽകി. |
| | 11.00 am | അരുവിത്തുറ പള്ളിയിൽ എട്ടാമിടത്തോടനുബന്ധിച്ച് വചനസന്ദേശം നൽകി. |
| | 12.00 noon | കവീക്കുന്ന് ഇടവകയിൽ ഒരു വിവാഹവാഗ്ദാനം ആശീർവദിച്ചു. |
| 2 | 10.30 am | കൊഴുവനാൽ ഇടവകയിൽ ഒരു ആശീർവാദകർമ്മം നടത്തി. |
| | 12.30 pm | ഭരണങ്ങാനം ഇടവകയിൽ ഒരു ആശീർവാദകർമ്മം നടത്തി. |
| | 03.00 pm | താബോർ ധ്യാനകേന്ദ്രത്തിൽ കൺവൻഷനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| 3 | 10.00 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| 4 | 06.30 am | പാലാ രൂപതയിലെ ബ്രദേഴ്സിന് ചെറുപട്ടങ്ങളും വൈദികവസ്ത്രവും കൊടുക്കുന്ന തിരുക്കർമ്മങ്ങളിൽ കാർമ്മികത്വം വഹിച്ചു. |
| | 09.30 am | പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ എസ്.എം.വൈ.എം. സംഘടിപ്പിച്ച കരിയർ സെമിനാർ ഉദ്ഘാടനം ചെയ്തു. |
| | 11.00 am | നീലൂർ ഇടവകയിൽ ഒരു ആശീർവാദകർമ്മം നടത്തി. |
| | 02.30 pm | ഐങ്കൊമ്പ് പള്ളിയിൽ എഫ്.എസ്.എച്ച്.എ. സന്യാസസമൂഹത്തിന്റെ വ്രതവാഗ്ദാനകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. |
| | 05.45 pm | ചെത്തിമറ്റം ദൈവദാൻ സെന്ററിൽ ഒരു മീറ്റിംഗിൽ പങ്കെടുത്തു. |

| | | |
|---|---|---|
| 5 | 03.00 pm | തുരുത്തിപ്പള്ളി ഇടവകയിൽ വൈദികസന്യസ്തസം ഗമത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| 06 | 08.00 am | ഉാലം പഴയപള്ളിയിൽ ബഹു. കൈപ്പൻപ്ലാക്കലച്ചന്റെ ചരമവാർഷികത്തോടനുബന്ധിച്ച് വി. കുർബാന യർപ്പിച്ചു. |
| | 11.30 am | രത്നഗിരി പള്ളിയിൽ ഒരു വിവാഹം ആശീർവദിച്ചു. |
| 07 | 06.00 am | വിവാഹ ഒരുക്ക കോഴ്സിനോടനുബന്ധിച്ച് പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വി. കുർബാനയർപ്പിച്ചു. |
| | 09.30 am | മുട്ടുചിറ ഇടവകയിൽ അരുണാശ്ശേരിൽ മറിയക്കുട്ടി യുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ കാർമ്മികത്വം വഹിച്ചു. |
| | 02.00 pm | നീലൂർ ഇടവകയിൽ നല്ലൂക്കുന്നേൽ ബിൻസിയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ കാർമ്മി കത്വം വഹിച്ചു. |
| | 04.00 pm | പാലാ ടൗൺ ഹാളിൽ ബഹു. കെ.എം. മാണി സാറിന്റെ അനുസ്മരണ സമ്മേളനത്തിൽ പങ്കെടുത്തു. |
| 08 | 10.30 am | ചെത്തിമറ്റത്ത് കെ.സി.എസ്.എൽ. ക്യാമ്പ് ഉദ്ഘാടനം ചെയ്തു. |
| | 02.30 pm | ഭരണങ്ങാനം പള്ളിയിൽ ഡി.എസ്.റ്റി. സന്യാസസമൂ ഹത്തിന്റെ വ്രതവാഗ്ദാനകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. |
| | 07.00 pm | ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരിയിൽ വച്ച് നടന്ന മേജർ സെമിനാരിക്കാരുടെ സമ്മേളനത്തിൽ പങ്കെടുത്തു. |
| 09 | 06.45 am | ഭരണങ്ങാനം പാറേപ്പള്ളിയിൽ വി. കുർബാന യർപ്പിച്ചു. |
| | 10.30 am | രാമപുരം പള്ളിയിൽ ഒരു വിവാഹം ആശീർവദിച്ചു. |
| | 03.00 pm | കൊഴുവനാൽ ഇടവകയിൽ ഒരു ആദ്യകുർബാന സ്വീകരണത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| 10 | 06.30 am | ചക്കാമ്പുഴ ഇടവകയിൽ വി. കുർബാനയർപ്പിച്ചു. |
| | 09.00 am | കെ.എം. മാണി സാറിന്റെ കബറിടത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |

| | | |
|---|---|---|
| | 10.00 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 12. noon | ഡി.സി.എം.എസ്.ന്റെ മീറ്റിംഗിൽ സംബന്ധിച്ചു. |
| 11 | 09.30 am | തീക്കോയി ഇടവകയിൽ ചങ്ങഴശ്ശേരി കുടുംബയോഗത്തിൽ പങ്കെടുത്തു. |
| | 11.00 am | ഭരണങ്ങാനത്ത് ഒരു ആശീർവാദകർമ്മം നടത്തി. |
| | 12.45 pm | ചക്കാമ്പുഴ ഇടവകയിൽ ഒരു ആശീർവാദകർമ്മം നടത്തി. |
| | 03.30 pm | അരുവിത്തുറ ഇടവകയിൽ ഇളംതുരുത്തി കുടുംബയോഗത്തിൽ പങ്കെടുത്തു. |
| | 04.30 pm | മുണ്ടാങ്കൽ ഇടവകയിൽ കാനാട്ട് കുടുംബയോഗത്തിൽ സംബന്ധിച്ചു. |
| 12 | | വലവൂർ ഇടവകയിൽ ഇടയസന്ദർശനം നടത്തി. |
| 13 | 02.00 pm | ഭരണങ്ങാനം ഇടവകയിൽ ബഹു. പാറൻകുളങ്ങരയച്ചന്റെ ചരമവാർഷികത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| 14 | 10.00 am | കോട്ടയത്ത് ട്രാഡയുടെ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 03.00 pm | എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ ധന്യൻ കദളിക്കാട്ടിലച്ചന്റെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. |
| 15 | 11.30 am | പുലിയന്നൂരിൽ എഫ്.സി.സി. സിസ്റ്റേഴ്സ് നടത്തുന്ന സ്പെഷ്യൽ സ്കൂളിന്റെ വെഞ്ചെരിപ്പ് കർമ്മം നടത്തി. |
| 16 | 10.00 am | സ്നേഹഗിരി സന്യാസസമൂഹത്തിന്റെ ഗോൾഡൻ ജൂബിലിയോടനുബന്ധിച്ച് കത്തീഡ്രൽ ദൈവാലയത്തിൽ വി.കുർബാനയിൽ സംബന്ധിച്ചു. |
| 17 | 10.00 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 03.00 pm | അരമനയിൽ ഒരു മീറ്റിംഗിൽ സംബന്ധിച്ചു. |
| 18 | 09.30 am | അറക്കുളം പഴയപള്ളിയിൽ വെച്ചൂർ മറിയക്കുട്ടി ദേവസ്യായുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ കാർമ്മികത്വം വഹിച്ചു. |
| | 11.30 am | തീക്കോയി ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു. |

| | | |
|---|---|---|
| | 02.30 pm | മറ്റത്തിപ്പാറ ഇടവകയിൽ പുതിയമഠത്തിൽ ജെൻസ്, അഗസ്റ്റോ എന്നിവരുടെ മൃതസംസ്കാരശുശ്രൂഷ കൾക്ക് ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു. |
| | 03.45 pm | ചെമ്മലമറ്റം ഇടവകയിൽ വെള്ളൂക്കുന്നേൽ ലിസ്ബ ത്തിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയ ത്തിൽ കാർമ്മികത്വം വഹിച്ചു. |
| 19 | 07.30 am | കട്ടച്ചിറ ഇടവകയിൽ ഇടവകദിനത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| | 01.30 pm | കൊഴുവനാൽ ഇടവകയിൽ ബഹു. ജോർജ് പൂവക്കു ളത്തച്ചന്റെ മാതാവിന്റെ മൃതസംസ്കാരശുശ്രൂഷ കൾക്ക് ഭവനത്തിൽ കാർമ്മികത്വം വഹിച്ചു. |
| | 02.15 pm | മരങ്ങോലി ഇടവകയിൽ ഡി.സി.എം.എസ്.ന്റെ മീറ്റിം ഗിൽ സംബന്ധിച്ചു. |
| | 04.00 pm | മോനിപ്പള്ളി ഇടവകയിൽ ഇടവകദിനത്തോടനുബ ന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| 20 | 11.00 am | എറണാകുളം ബസലിക്ക പള്ളിയിൽ ഒരു വിവാഹം ആശീർവദിച്ചു. |
| | 05.00 pm | കടുത്തുരുത്തി ക്നാനായ പള്ളിയിൽ കുന്നശ്ശേരി പിതാവിന്റെ സഹോദരന്റെ മൃതസംസ്കാരശുശ്രൂഷ യിൽ പങ്കെടുത്തു. |
| 21 | 09.15 am | മറ്റക്കര ഇടവകയിൽ ഡീ. ജോസഫ് മുണ്ടപ്ലാക്കൽ സി. എം.എഫ്. ന് തിരുപ്പട്ടം നൽകി. |
| 22 | 10.30 am | സി.എം.സി. പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാ നയർപ്പിച്ചു. |
| | 04.00 pm | മുത്തോലപുരം ഇടവകയിൽ ഒരു ഭവനം വെഞ്ചരിച്ചു. |
| 23 | 09.15 am | പ്ലാശനാൽ ഇടവകയിൽ ഡീ. അൽഫോൻസ് പള്ളി ത്താഴെ സി.എം.എഫ്. ന് തിരുപ്പട്ടം നൽകി. |
| | 12.00 noon | ബി.എഡ്. കോളജിൽ ഒരു മീറ്റിംഗിൽ സംബന്ധിച്ചു. |
| | 02.30 pm | അരമനയിൽ ഒരു മീറ്റിംഗിൽ സംബന്ധിച്ചു. |
| 24 | 10.00 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 03.00 pm | അരമനയിൽ പാലാ ഹോം പ്രോജക്ട് മീറ്റിംഗിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| 25 | 12.00 pm | കാളികാവ് ഇടവകയിൽ ഒരു ആശീർവാദകർമ്മം നടത്തി. |
| | 04.00 pm | കുരുവിനാൽ ഇടവകയിൽ ഒരു ആശീർവാദകർമ്മം നടത്തി. |
| | 06.00 pm | കോട്ടയം ലൂർദ്ദ് പള്ളിയിൽ ഒരു ആശീർവാദകർമ്മം നടത്തി. |
| 26 | | അയ്യമ്പാറ ഇടവകയിൽ ഇടയസന്ദർശനം നടത്തി. |
| 27 | 11.00 am | ളാലം ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| | 12.00 pm | അരുണാപുരം പള്ളിയിൽ ആശീർവാദകർമ്മം നടത്തി. |
| | 03.00 pm | ബി.എഡ്. കോളേജ് ഗവേണിംഗ് ബോഡിയുടെ മീറ്റിം ഗിൽ സംബന്ധിച്ചു. |
| 28 | 10.00 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 02.30 am | അരമനയിൽ ഒരു മീറ്റിംഗിൽ സംബന്ധിച്ചു. |
| 29 | 09.00 am | കത്തീഡ്രൽ ഇടവകയിൽ ഒരു ഭവനം വെഞ്ചെരിച്ചു. |
| | 12.00 noon | രാമപുരം പള്ളിയിൽ ഒരു ആശീർവാദകർമ്മം നടത്തി. |
| 30 | 10.00 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |



# Bishop's Engagements

## Mar Joseph Kallarangatt

### JUNE 2019

| | | | |
|---|---|---|---|
| 1 | Sat | 9.45 am | Pastoral Institute : Meeting |
| | | 11.00 am | Aruvithura : Blessing |
| | | 03.30 pm | Pala St. Thomas College : Meeting |
| | | 05.00 pm | Manalunkal : Blessing |
| | | | Narianganam: Pastoral Visit. |
| 02 | Sun | 08.00 am | Narianganam : Pastoral Visit |
| 03 | Mon | 10.30 am | Kozhuvanal : Blessing |
| | | 06.00 pm | Vadavathoor : PVP Blessing |
| 04 | Tue | | KCBC |
| 05 | Wed | | KCBC |
| | | 11.45 am | Cathedral : Meeting |
| | | 02.00 pm | Pastoral Institute : Meeting |
| 06 | Thu | | KCBC |
| 07 | Fri | 10-12 noon | Visiting Time |
| | | | Cherpunkal : Meeting |
| 08 | Sat | 09.30 am | Kothanalloor : Qurbana |
| | | | Maniamkulam : Pastoral Visit |
| 09 | Sun | 08.00 am | Maniamkulam : Pastoral visit |
| 10 | Mon | | Engaged |
| 11 | Tue | 10-12 noon | Visiting Time |
| | | | Cherpunkal : Meeting |
| 12-13 | | | Engaged |

| | | | |
|---|---|---|---|
| 14 | Fri | 10-12 noon | Visiting Time |
| | | 02.00 pm | Kuravilangadu : Meeting |
| | | | Cherpunkal : Meeting |
| 15 | Sat | 06.30 am | Pala Minor Seminary : Qurbana |
| | | 11.00 am | Pastoral Institution : Meeting |
| | | 11.30 am | Aruvithura : Blessing |
| | | | Moozhoor : Pastoral Visit |
| 16 | Sun | 08.00 am | Moozhoor : Pastoral Visit |
| 17 | Mon | | Engaged |
| 18 | Tue | 10-12 noon | Visiting Time |
| | | | Cherpunkal : Meeting |
| | | 06.00 pm | Kottayam : Bishop's Monthly Recollection |
| 19 | Wed | | Kottayam : Bishop's Monthly Recollection |
| 20 | Thu | | Engaged |
| 21 | Fri | 10-12 noon | Visiting Time |
| | | | Cherpunkal : Meeting |
| 22 | Sat | | Kizhathadiyoor : Pastoral Visit |
| 23 | Sun | 08.00 am | Kizhathadiyoor : Pastoral Visit |
| 24 | Mon | | Engaged |
| 25 | Tue | 10.00 am | Kanjirappally :Inter Eparchial Meeting |
| | | | Cherpunkal : Meeting |
| 26-27 | | | Engaged |
| 28 | Fri | 10-12 noon | Visiting Time |
| | | | Cherpunkal : Meeting |
| 29 | Sat | | Sleevapuram : Pastoral Visit |
| 30 | Sun | 08.00 am | Sleevapuram : Pastoral Visit |



## Auxiliary Bishop's Engagements

# Mar Jacob Muricken

| | | | |
|---|---|---|---|
| 01 | Sat | 10.00 am | Edamattom : Holy Qurbana |
| 02 | Sun | 03.30 pm | Manvettom : Holy Qurbana |
| 03 | Mon | | Engaged |
| 4-6 | | | KCBC |
| 07 | Fri | 10-12 noon | Visiting Time |
| | | 05.00 pm | Kothanalloor : Holy Qurbana |
| 08 | Sat | 10.00 am | Cherpunkal : Meeting |
| | | 12.00 noon | Bishop's House : Meeting |
| | | 03.00 pm | Cathedral : Holy Qurbana |
| | | 05.15 pm | Kanjiramattom : Meeting |
| 09 | Sun | | Kaduthuruthi: Pastoral Visit |
| 10 | Mon | | Out of Station |
| 11 | Tue | 10-12 noon | Visiting Time |
| 12 | Wed | 12 noon | Vaikom : Blessing |
| 13 | Thu | | Engaged |
| 14 | Fri | 10-12 noon | Visiting Time |
| | | 02.00 pm | Puthupally : Dhayabhavan |
| | | 04.00 pm | Bishop's House : Meeting |
| 15 | Sat | 04.00 pm | Vettimugal |
| 16 | Sun | | Engaged |

| | | | |
|---|---|---|---|
| 17 | Mon | 11.00 am | Lalam Old : Blessing |
| | | 03.00 pm | Bishop's House : Meeting |
| 18 | Tue | 10-12 noon | Visiting Time |
| 19 | Wed | 06.15 am | Pastoral Institute : Holy Qurbana |
| | | 02.30 pm | Mylacombu : Meeting |
| 20 | Thu | 02.30 pm | Manganam: Meeting |
| 21 | Fri | 10-12 noon | Visiting Time |
| 22 | Sat | | Engaged |
| 23 | Sun | | Valachira : Pastoral Visit |
| 24 | Mon | 03.00 pm | Bishop's House : Meeting |
| 25 | Tue | 10.00 am | Kanjirapally : Interdiocesian Meeting |
| 26 | Wed | 03.00 pm | Bishop's House : Meeting |
| 27 | Thu | 11.30 am | Cathedral : Marriage Blessing |
| 28 | Fri | 10-12 noon | Visiting Time |
| 29 | Sat | | Engaged |
| 30 | Sun | 03.00 pm | DST Generalate : Holy Qurbana |
| | | | **JULY** |
| 01 | Mon | | Ernakulam : DCMS Meeting |
| 02 | Tue | 06.15 am | Pastoral Institute : Holy Qurbana |
| | | 10-12 noon | Visiting Time |



ഗുഡ്ഷെപ്പേർഡ് ഡേ




എസ്.എം.എസ്. സുവർണ്ണജൂബിലി



പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി വാർഷികദിന ആഘോഷം



കത്തോലിക്കാ കോൺഗ്രസ് നൂറ്റിയൊന്നാം ജന്മവാർഷിക സമ്മേളനം

2019
JUNE

# ☆ SANTHWANAPRAKASHAM ☆
PALAI DIOCESAN BULLETIN



ധന്യൻ കദളിക്കാട്ടിൽ മത്തായി അച്ചന്റെ 84–ാം ചരമവാർഷികം






## ദേവദാരുക്കളുടെ നാട്ടിൽ





Printed at St. Thomas Press, Palai and Published by Fr. John Edettu